Registered No. M. 5819 Licence No. 445. 12-7-45



ജ്ഞാന നിക്ഷേപം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന

സംയുക്ത സഭാമാസിക

ആഗസ്റ്റ് 1958 No. 8

മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്ക്

ജ്ഞാനനിക്ഷേപത്തിന്റെ വരിസംഖ്യ മുൻകൂർ അയക്കേണ്ടതാണു് എന്ന പ്രമാണം നടപ്പിൽവരുത്തുന്നതിന്റെ പ്രാരംഭനടപടിയായി 1957–ലെ വരിസംഖ്യ ആഗസ്റ്റ് 20–ാംനു-ക്കകം അയക്കാത്തവക്കു് അടുത്ത ലക്കം മാസിക അയക്കുന്നതല്ല. 1958–ലെ വരിസംഖ്യ ഡിസംബർ 20-ാംനു-ക്കകം അടയ്ക്കേണ്ടതാണു്.

അടുത്ത ലക്കം മാസിക ബിഷോപ്പുസ്ഥാനാഭിഷേകം സംബന്ധിച്ചുള്ള ചിത്രങ്ങളോടും ലേഖനങ്ങളോടും കൂടിയ വിശേഷാൽ പതിപ്പായതിനാൽ ആവശ്യത്തിൽ വളരെ കൂടുതൽ കോപ്പികൾ അച്ചടിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. അതിനാൽ 20-ാംനു-ക്കു ശേഷം വരിസംഖ്യ അയക്കുന്ന കടിശിഖക്കാക്കു് അയച്ചുകൊടുക്കാൻ സാദ്ധ്യമല്ല എന്നു പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

REDUCTION SALE

R. T. S.-ന്റെ മുൻകാലപ്രസിദ്ധീകരണങ്ങൾ വളരെ കുറഞ്ഞ വിലയ്ക്കു് സി. എം. എസ്സ്. പ്രസ്സിൽനിന്നു വാങ്ങാവുന്നതാണു്. പോസ്റ്റിൽ അയച്ചുകൊടുക്കുവാൻ സൗകര്യപ്പെടുകയില്ല.

ആഗസ്റ്റ് 6നു (ബിഷോപ്പു് സ്ഥാനാഭിഷേകദിവസം) കത്തീഡ്രൽ പാരിഷ് ഹാളിൽവെച്ചു നടത്തുന്ന ബുക്കു് സ്റ്റാളിൽ മേൽപ്പറഞ്ഞ പുസ്തകങ്ങളും, മറ്റു് അനവധി പുതിയ പുസ്തകങ്ങളും ലഭിക്കുന്നതാണു്.

PUBLISHED BY REV. A. J. KURIEN AND PRINTED BY A. J. VARUGHESE
AT THE C. M. S. PRESS, KOTTAYAM.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LXI | AUGUST 1958 | No. 8

പത്രാധിപക്കുറിപ്പുകൾ

അഭിനവബിഷോപ്പിന്റെ സ്ഥാനാഭിഷേകം. മദ്ധ്യതിരുവിതാംകൂർ സി. എസ്സ്. ഐ. മഹാ ഇടവകയുടെ അഭിനവബിഷോപ്പായി റവ. എം. എം. ജോൺ ബി. എ. എം. റ്റി. എച്ച്. അവർകളെ സി. എസ്. ഐ. സിനഡ് സ്റ്റെഷ്യൽ കമ്മറ്റി തിരഞ്ഞെടുത്ത വസ്തുതയും തൽസ്ഥാനം സ്വീകരിപ്പാൻ അദ്ദേഹം സമ്മതിച്ച വിവരവും കഴിഞ്ഞ ലക്കം മാസികയിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നതു മാന്യ വായനക്കാർ ഓർക്കുമല്ലൊ. ഇദ്ദേഹത്തെ ബിഷോപ്പായി നിയമിച്ചുകൂടാ എന്നുള്ളതിന് തക്ക കാരണം കാണിപ്പാൻ ആക്ടിലും കഴിയുന്നതായാൽ 21 ദിവസങ്ങൾക്കകം അയതിനെ സി. എസ്സ് ഐ. സിനഡ് സെക്രട്ടറിയെ രേഖാമൂലം നേരിട്ടറിയിക്കുന്നതിന് ഈ മഹാ ഇടവകയിലുള്ള എല്ലാ അംഗങ്ങൾക്കും അവസരം ഉണ്ടാകുമാറ് ഡയോസീസൻ കൌൺസിൽ പ്രത്യേക സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ശ്രീ. ജേക്കബ് ഈപ്പൻ അയച്ചിരുന്ന നോട്ടീസ് ഈ മഹാ ഇടവകയിലുള്ള എല്ലാ പള്ളികളിലും പ്രാർത്ഥനാലയങ്ങളിലും 1958 ജൂൺ 22-ാം പരസ്യം ചെയ്തു നടപടിയും ഏവരും അറിഞ്ഞിരിക്കുന്നതാകുന്നു. ഗണനീയമായ യാതൊരു തടസ്സഹേതുക്കളും ഉണ്ടായിട്ടില്ലാത്തതിനാൽ സിനഡ് എക്സിക്യൂട്ടീവ് കമ്മറ്റി ഈ തിരഞ്ഞെടുപ്പിനെ ശരിവെച്ച് സ്ഥിരപ്പെടുത്തിയിരിക്കയാണ്.

പുതിയ ബിഷോപ്പിന്റെ സ്ഥാനാഭിഷേകകർമ്മം കോട്ടയം ഭദ്രാസന പള്ളിയിൽ വെച്ച് ഈ മാസം 6-ാം ബുധനാഴ്ച (രൂപാന്തരപ്പെരുനാൾ) കാലത്തു 9 30 മണിക്കു മോഡറേറ്റർ തിരുമേനിയുടെ പ്രധാന കാർമീകത്വത്തിലും സി. എസ്സ്. ഐ. സഭയിൽപ്പെട്ട മറ്റു ബിഷോപ്പന്മാരുടെ സഹകരണത്തിലും കേരളത്തിലുള്ള ഇതരസഭാധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിലും നടത്തപ്പെടുന്നതാണ്. അനന്തരം അന്നേദിവസം ഉച്ചകഴിഞ്ഞ് പുതിയ ബിഷോപ്പിന്റെ സ്ഥാനപ്രവേശശുശ്രൂഷയും ഭദ്രാസനപ്പള്ളിയിൽവെച്ചു തന്നെ നടത്തുന്നതായിരിക്കും.

ഈ ശുശ്രൂഷകൾ സംബന്ധിച്ച് വിശേഷവിധിയായി ചെയ്യേണ്ടിയിരിക്കുന്ന കാര്യങ്ങൾക്കും ക്രമീകരണങ്ങൾക്കുംവേണ്ടി പ്രത്യേക കമ്മറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശുശ്രൂഷകളുടെ കൃത്യമായസമയം ഇരിപ്പിടസൌകര്യങ്ങൾ ആദിയായ കാര്യങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ അന്യത്രചേർത്തിട്ടുണ്ട്. സ്ഥാനാഭിഷേകശുശ്രൂഷക്രമം പ്രത്യേകമായി അച്ചടിച്ചു വിതരണം ചെയ്യുന്നതാണ്.

ഈ മഹായിടവക ആംഗ്ലേയാസഭയുടെ ഒരു ഭാഗമായിരുന്ന കാലത്തു ഇവിടെ അദ്ധ്യക്ഷന്മാരായിരുന്ന ആദ്യത്തെ നാലു ബിഷോപ്പന്മാരുടെ സ്ഥാനാഭിഷേകം ഇംഗ്ലണ്ടിൽവെച്ചു കാൻറർബറി ആർച്ചുബിഷോപ്പ് തിരുമേനിയാണു നിർവ്വഹിച്ചിട്ടുള്ളതു്. ഇൻഡ്യയിലുണ്ടായിരുന്ന ആംഗ്ലേയാസഭയുടെ ശാഖ 1923-ൽ (Church of India Burma and Ceylon) ഇൻഡ്യ, ബർമ്മാ, സിലോൺ സഭ എന്ന നാമധേയത്തിൽ കല്ക്കത്താ മെത്രാപ്പോലീ

ബിഷപ്പ് സ്ഥാനാഭിഷേകം

നമ്മുടെ മഹായിടവകയുടെ ബിഷപ്പിനെ 1958 ആഗസ്റ്റ് മാസം 6നു വാഴിക്കുന്നതിനു മോഡറേറ്റർ തിരുമേനി നിശ്ചയിച്ചു അറിവു തന്നിട്ടുണ്ട്. സ്ഥാനാഭിഷേക ശുശ്രൂഷ നമ്മുടെ ഭദ്രാസനപ്പള്ളിയിൽവച്ചു നടത്തപ്പെടണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. അന്നേദിവസം കാലത്തു 9. 30 മണിക്കു സി. എസ്സ്. ഐ. ക്രമമനുസരിച്ചുള്ള വിശുദ്ധസംസ്കൃശുശ്രൂഷയോടുകൂടെ സ്ഥാനാഭിഷേക ശുശ്രൂഷ ആരംഭിക്കുന്നതാണ്. ആ ശുശ്രൂഷയിൽ മോഡറേറ്റർ തിരുമേനിയെ കൂടാതെ മക്കിണേന്ത്യാസഭയിലെ മിക്ക ബിഷപ്പന്മാരും സംബന്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ഇതര സഭാദ്ധ്യക്ഷന്മാരിൽ ചിലരുടെ സാന്നിദ്ധ്യവും ഉണ്ടായിരിക്കും. നമ്മുടെ എല്ലാ സഭകളിലും ഈ ശുശ്രൂഷയെപ്പറ്റി വേണ്ട അറിവുകൾ നല്കുകയും ജനങ്ങളുടെ പ്രാർത്ഥനകളെ അപേക്ഷിക്കുകയും ചെയ്യണമെന്നു എല്ലാ ഇടവകാധികാരികളോടും അഭ്യർത്ഥിക്കുന്നു. എല്ലാ പട്ടക്കാരും, എല്ലാ ഇടവകകളിലും നിന്നു കുറെ പ്രതിനിധികളുമെങ്കിലും ഈ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനു ക്ഷണിച്ചുകൊള്ളുന്നു. കർമ്മത്തിന്റെ പ്രാധാന്യം, ഇവിടെ അതിന്റെ പുതുമ, നമ്മുടെ ജനങ്ങളുടെ താല്പര്യം എന്നിങ്ങനെ വിവിധകാര്യങ്ങളോർത്താൽ ഈ ശുശ്രൂഷയിൽ സംബന്ധിപ്പാൻ ആയിരക്കണക്കിനു ആളുകൾ വന്നു ചേരുമെന്നു പ്രതീക്ഷിപ്പാൻ ന്യായമുണ്ട്. എന്നാൽ നമ്മുടെ ഭദ്രാസനപ്പള്ളിയിൽ രണ്ടായിരത്തിലധികം ആളുകളെ ഇരുത്താൻ സാദ്ധ്യമല്ല. അതുകൊണ്ടു നമ്മുടെയാളുകൾ അതിഥികൾക്കു വേണ്ടിടത്തോളം സ്ഥലം ഒഴിഞ്ഞുകൊടുക്കുകയും, പള്ളിക്കു വെളിയിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾകൊണ്ടു തൃപ്തിപ്പെട്ടു പരിപൂർണ്ണ അച്ചടക്കം പാലിച്ചു ഈ ദിവ്യശുശ്രൂഷയിൽ ആദ്യവസാനം പ്രാർത്ഥനാപൂർവ്വം പങ്കുകൊള്ളുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കട്ടെ. ഈ ശുശ്രൂഷയിൽ മുൻ മോഡറേറ്റർ ബിഷപ്പ് ഹോളിസ് തിരുമനസ്സുകൊണ്ടു പ്രസംഗിക്കുന്നതാണ്. ആഗസ്റ്റ് 5നു (തലേദിവസം) വൈകുന്നേരം 6. 30 മണിക്കു നമ്മുടെ ഭദ്രാസനപ്പള്ളിയിൽ വച്ചു വൈകു

ത്തയുടെ പരമാധികാരത്തിൻ കീഴിൽ ഒരു സ്വതന്ത്രസഭയായി തീർന്നതിന്റെ ശേഷം ഈ മഹാ ഇടവകയുടെ അഞ്ചാമത്തേയും ആറാമത്തേയും ബിഷോപ്പന്മാരെ മദ്രാസിൽ വെച്ചു കല്പിത്താമെത്രാപ്പോലീത്തായാണു വാഴിച്ചിട്ടുള്ളത്. 1947-ൽ മക്കിണോന്ത്യാസഭ ശ്രീലങ്കയിൽ പ്രത്യേകം രൂപീകരിക്കപ്പെട്ടതിന്റെ ശേഷം ഈ മഹാ ഇടവകയ്ക്കു ഒരു പുതിയ ബിഷോപ്പിനെ നിയമിക്കപ്പെടുന്നതു ആദ്യമായിട്ടാണ്. നമ്മുടെ ഭദ്രാസനപ്പള്ളിയിൽവെച്ചു ഇടംപ്രഥമമായി നടത്തപ്പെടുന്ന ഒരു ബിഷോപ്പ് സ്ഥാനാഭിഷേക കർമ്മമാകയാൽ ഇതു ചരിത്രം സൃഷ്ടിക്കുന്ന ഒരു സംഭവമാണെന്നുള്ളതിനു തർക്കമില്ല.

മഹാ ഇടവകയുടെ നാനാഭാഗങ്ങളിൽനിന്നും ഈ ശുശ്രൂഷയിൽ സംബന്ധിപ്പാൻ വന്നു ചേരുന്ന ബഹുജനങ്ങൾ ഈ അവസരത്തിന്റെ മഹനീയത വേണ്ടവണ്ണം സൂരിച്ചു പ്രാർത്ഥനാപൂർവ്വം അച്ചടക്കബോധത്തോടുകൂടെ വർത്തിക്കണമെന്നു ഉൽബോധിപ്പിച്ചുകൊള്ളുന്നു. സ്ഥാനാഭിഷേകം കഴിയുന്നതുവരെ ഈ ലക്കം മാസിക പുറപ്പെടുവിക്കാതെ കഴിപ്പാൻ പല പ്രയാസങ്ങൾ ഉള്ളതുകൊണ്ട് എല്ലാ വിശദവിവരങ്ങളും ഉൾപ്പെടുത്തി അടുത്ത ലക്കം ഒരു പ്രത്യേക പതിപ്പായിപ്രസിദ്ധം ചെയ്യുന്നതാണ്.

ദൈവനിയോഗത്താൽ ഈ മഹാ ഇടവകയുടെ അദ്ധ്യക്ഷനായി അവരോധിക്കപ്പെടുന്ന അഭിനവബിഷോപ്പു തിരുമേനിക്കു മഹാ ഇടവകയുടെ നാമത്തിൽ ഞങ്ങൾ സമസ്തഭാവുകങ്ങളും ആശംസിക്കുയും അനുഗ്രഹസമൃദ്ധമായ ഒരു ഭരണകാലമുണ്ടാകുന്നതിനു സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുയും ചെയ്യുന്നു.

സ്ഥാനാഭിഷേകം സംബന്ധിച്ച് ഈ മഹാ ഇടവകയിൽ വന്നു ചേരുന്ന മോഡറേറ്റർ തിരുമനസ്സിനും മറ്റു അഭിവന്ദ്യ ബിഷോപ്പന്മാർക്കും മഹാ ഇടവകയുടെ നാമത്തിൽ ഹാർദ്ദവമായ സ്വാഗതം പറഞ്ഞുകൊള്ളുന്നു.

വാർത്തകളും കുറിപ്പുകളും

സ്വദേശമിഷ്യൻ പ്രത്യേക പിരിവുകൾ. ഈ ആണ്ടിൽ സ്വദേശമിഷ്യനുവേണ്ടിയുള്ള പ്രത്യേക പിരിവുകൾ ശേഖരിക്കുന്നതിനു് ഓഗസ്റ്റ് 10നു- തായറാഴ്ചയാണു നിശ്ചയിച്ചിരിക്കുന്നതു എന്നു ഓർമ്മപ്പെടുത്തുന്നു. ആണ്ടുതോറും ചെയ്യുവരുന്നതുപോലെ ഈ കായ്യം പള്ളികളിൽ പരസ്യപ്പെടുത്തുകയും, വാർഷിക സംഭാവനകൾ ആരാധനാ മദ്ധ്യേ സമർപ്പിക്കത്തക്കവണ്ണം കവറുകൾ വിതരണം ചെയ്യുകയും വേണമെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. കേന്ദ്രത്തിൽ നിന്നും കവറുകൾ അയയ്ക്കുന്നതല്ല.

ഓണവാര സുവിശേഷവേല. ഓഗസ്റ്റ് 24 മുതൽ 31 വരെയുള്ള തീയതികൾ ആണ് ഈ ആണ്ടിൽ ഓണവാര സുവിശേഷപ്രയത്നങ്ങൾക്കായി വേർതിരിച്ചിരിക്കുന്നതു്. ഇതു സംബന്ധിച്ചു ഒരുക്കുക്ലാസ്സുകൾ നടത്തുന്നതിനുള്ള പാഠങ്ങൾ, പ്രസംഗങ്ങളും മറ്റു നിർദ്ദേശങ്ങളും യഥാകാലം അയച്ചുതരുന്നതാണ്.

ന്നേരത്തെ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ പട്ടക്കാരെല്ലാവരും, തലേദിവസം വെളിയിൽനിന്നു കോട്ടയത്തു വരുന്നവരും കോട്ടയത്തുള്ളവരുമായ നമ്മുടെ ജനങ്ങളും ഈ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനുത്സാഹിക്കണം. മദ്രാസ് ബിഷപ്പ് ഡോക്ടർ ഡേവിഡ് ചെല്ലപ്പാ തിരുമനസ്സുകൊണ്ടാണ് ഇതിൽ പ്രസംഗിക്കുന്നതു്.

സ്ഥാനാഭിഷേകം സംബന്ധിച്ചു ജൂലൈ 26നു- കൂടിയ സ്റ്റാണ്ടിംഗ് കമ്മിറ്റി തീരുമാനിച്ചതനുസരിച്ചുള്ള താഴെപ്പറയുന്ന കായ്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുട്ടെ.

ശുശ്രൂഷയുടെ സൂചനകളും സ്ഥാനാഭിഷേക ശുശ്രൂഷയും മാത്രമെ അച്ചടിച്ചിട്ടുള്ളു എന്നുള്ളതിനാൽ സി. എസ്സ്. ഐ. വിശുദ്ധസംസ്ക്കാരശുശ്രൂഷക്രമം കൊണ്ടുപോരേണ്ടതു ആവശ്യമാണ്. ഡയോസിസൻ ഡിപ്പോയിലും അന്നു ഭദ്രാസനപ്പള്ളി ഇടവകശാലയിലും 3ണ. വിലയ്ക്കു ഈ ക്രമം ലഭിക്കുന്നതാണ്. പള്ളിയുടെ വശങ്ങളിൽ വെളിയിൽ ജനങ്ങൾക്കു ഇരുന്നോ നിന്നോ ശുശ്രൂഷയിൽ സംബന്ധിക്കത്തക്കവണ്ണം വിസ്തൃതമായ പന്തൽ ഉണ്ടായിരിക്കുന്നതാണ്. വെളിയിൽ നില്ക്കുന്ന ആളുകൾക്കു ശുശ്രൂഷ കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി ഏർപ്പാട് ചെയ്തിട്ടുണ്ട്. മദ്ബാഹായുടെ പടിഞ്ഞാറെ അറ്റത്തു ഉയർന്ന പ്ലാറ്റ്ഫോറംകെട്ടി വെളിയിൽ നില്ക്കുന്നവർക്കും പ്രധാന ചടങ്ങുകൾ കാണത്തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. പള്ളിക്കുള്ളിലേക്കുള്ള പ്രവേശനം പാസ്സു മുഖാന്തരം നിയന്ത്രിക്കാൻ നിർബ്ബന്ധിതമായിത്തീർന്നിരിക്കയാണ്. വന്നുചേരുന്ന എല്ലാവരും സകല കായ്യങ്ങളിലും സ്ഥലത്തുള്ള വാളണ്ടിയേഴ്സിന്റെ നിർദ്ദേശങ്ങൾക്കു വിധേയമായി പെരുമാറുകയും ഈ പരിശുദ്ധ ശുശ്രൂഷയ്ക്കു അനുയോജ്യമായ ഒരു വായുമണ്ഡലം ഉണ്ടായിരിക്കുന്നതിനു് ആത്മാവസാനം സഹായിച്ചു സഹകരിക്കുകയും ചെയ്യണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു.

സ്ഥാനാഭിഷേക ശുശ്രൂഷ കഴിഞ്ഞു അന്നുതന്നെ 2.30 മണിക്കു സ്ഥാനപ്രവേശ ശുശ്രൂഷയും നടത്തപ്പെടുന്നതാണ്. അതിലും സൌകര്യമുള്ള എല്ലാവരും സംബന്ധിക്കണമെന്നു താല്പര്യപ്പെടുന്നു.

നമ്മുടെ എല്ലാ വിദ്യാലയങ്ങൾക്കും അന്നു ഒരു പൊതു ഒഴിവു ദിവസമായിരിക്കും.

റവ. എം. ജെ. ചാണ്ടി.
കമ്മിസ്സറി.

പാറ്റ്പാറ മിഷ്യനറി റവ. എ. ഐ. ജോജ്ജ്. ഏതാനും ദിവസത്തെ അവധിയിൽ പറ്റ്പാറാ മിഷ്യനറി റവ എ. ഐ. ജോജ്ജ് അച്ചൻ കോട്ടയത്തു വന്നു സഭവനത്തിൽ താമസിച്ചുവരുന്നു. ഈ മിഷ്യൻ സംബന്ധിച്ചുള്ള വിവരങ്ങൾ നേരിട്ടറിയുന്നതിനു അദ്ദേഹത്തോടു സംബന്ധം പുലർത്തുകയും, സൌകര്യം പോലെ ഓരോ ഇടവകകളിലേക്കു ക്ഷണിക്കുകയും ചെയ്യുന്നതു നന്നായിരിക്കും.

പറക്കാൽ മിഷ്യനറി റവ. ററി. എം. തോമസ്. ഡോർണക്കൽ ഡയോസിസൻ കൌൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചതനുസരിച്ചു നമ്മുടെ പറക്കാൽ മിഷ്യനറി റവ. ററി. എം. തോമസും, കരിംനഗർ ഇടവകപ്പട്ടക്കാരൻ റവ. ജി. എസ്. ലൂക്കും, ഡോർണക്കൽ മഹാ ഇടവകയുടെ പ്രതിനിധികളായി, പുതിയ ബിഷോപ്പിന്റെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സംബന്ധിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇവർ ഇരുവരും ഓഗസ്റ്റ് 4നു ഇവിടെ എത്തുന്നതും, 10നു വരെ ഇവിടെ താമസിക്കുന്നതുമാണ്. പറക്കാൽ മിഷ്യൻ സംബന്ധിച്ചു റവ. ററി. എം. തോമസിനെ കണ്ടു വിവരങ്ങൾ അറിയണമെന്നു ആഗ്രഹിക്കുന്നവർ തിരുവല്ലായിൽ തേവർതുണ്ടിയിൽ വീട്ടിൽ അന്വേഷിച്ചാൽ മതിയാകുന്നതാണ്.

ലാംബത്തു സമ്മേളനം. ലോകമെങ്ങുമുള്ള ആംഗ്ലേയാസഭയിലെ ബിഷോപ്പന്മാരുടെ സുപ്രസിദ്ധമായ ലാംബത്തു സമ്മേളനം ഈ ആണ്ടിൽ: ജൂലൈ 3നു ആരംഭിച്ചു ഓഗസ്റ്റ് 12നു വരെയുള്ള ദിവസങ്ങളിൽ കാൻറർബറി ആർച്ചു ബിഷോപ്പിന്റെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ആസ്ഥാനമായ ലണ്ടനിലുള്ള ലാംബത്തു കൊട്ടാരത്തിൽ വച്ചു നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രാവശ്യത്തെ സമ്മേളനത്തിൽ 318 ബിഷോപ്പന്മാർ സംബന്ധിക്കുന്നുണ്ട്. ഇതിൽ 11 പേർ ഭാരതത്തിൽനിന്നുള്ള ബിഷോപ്പന്മാരാണ്. ഈ സമ്മേളനം തുടങ്ങിയതു 1857-ൽ ആയിരുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമ്മേളനത്തിലെ ആലോചനാ വിഷയങ്ങൾ (1) വേദപുസ്തകം (2) സഭാ ഐക്യവും സാമൂഹീക സഭയും (3) ആംഗ്ലേയസഭയുടെ പുരോഗതി (4) അന്തർദേശീയ ബന്ധങ്ങൾ (5) കൂട്ടംബവും ആധുനിക സമൂഹവും ഇവയാണ്. വൈദീക ശാസ്ത്രപണ്ഡിതന്മാരുടെ പ്രത്യേക സമിതികൾ മേൽ പ്രസ്താവിച്ച ഓരോ വിഷയങ്ങളെപ്പറ്റി സൂക്ഷ്മമായി വിചിന്തനം ചെയ്തു പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതാണ്.

മദ്ധ്യതിരുവിതാംകൂർ മഹാ ഇടവക കോറിസ്റ്റേഴ്സ് അസോസിയേഷ്യന്റെ 1957—'58 വാർഷിക റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പ്രതിനന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. ചുരുങ്ങിയ കാലം കൊണ്ട് 29 ഗായകസംഘങ്ങൾ ഈ സംഘടനയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. പള്ളിയാരാധന ആകർഷകവും ഭയഭക്തികരവും ആക്കിത്തീർക്കുന്നതിനു ഈ അസോസിയേഷൻ ചെയ്യുന്ന സേവനങ്ങൾ പ്രശംസാർഹം തന്നെ. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിയ വർഷിക കച്ചേരി ഫെസ്റ്റിവെലിൽ 18 ഗായകസംഘങ്ങൾ പങ്കെടുത്തു കാണുന്നതു ഈ പ്രവർത്തനത്തിന്റെ പുരോഗതിക്കു ഒരു അടയാളമാണ്. വരവുചെലവു കണക്കും സംഭാവനലിസ്റ്റും ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നതു ഏറ്റവും ഉചിതം തന്നെ.

യുവജനനേതൃത്വ പരിശീലനക്ലാസ്സ്. കേരള ക്രിസ്ത്യൻ കൌൺസിന്റെ യുവജനപ്രവർത്തനകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു യുവജന നേതൃത്വപരിശീലനക്ലാസ്സ് തിരുവല്ലാ കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു 1958 ഓഗസ്റ്റ് 27നു ബുധനാഴ്ച

(ശേഷം 262-ാം പേജിൽ)

ദൈവത്വത്തിലെ ചില മർമ്മങ്ങൾ

(തുടർച്ച)

M. K. T.

കഴിഞ്ഞ ലേഖനത്തിൽ 'യഹോവയുടെ ദൂതൻ' ആയി പ്രത്യക്ഷപ്പെട്ട ആൾ ത്രിത്വത്തിലെ രണ്ടാമത്തെ മൂർത്തിയായ ക്രിസ്തു ആണെന്നു വ്യക്തമായി കണ്ടു കഴിഞ്ഞു. അടുത്തതായി ത്രിത്വത്തിലെ മൂന്നാമത്തെ മൂർത്തിയായ പരിശുദ്ധാത്മാവിനെപ്പറ്റി ചുരുക്കത്തിൽ പ്രസ്താവിച്ചു ഈ ലേഖനപരമ്പര സമാപിക്കാം.

പരിശുദ്ധാത്മാവു യഥാർത്ഥത്തിൽ ഒരാളാണ്. പരിശുദ്ധാത്മാവു ഒരു ശക്തി മാത്രമാണെന്നു ശഠിക്കുന്നവർ ഉണ്ട്. പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കണം എന്നു കർത്താവു കല്പിച്ചു. (മത്താ. 28. 19). ഇതിൽ ആദ്യത്തെ രണ്ടുപേരും മൂർത്തികളും, മൂന്നാമത്തേതു ഒരു ശക്തിയെന്നും വരുമോ? കരിക്കുമില്ല എന്നു സ്പഷ്ടം. പരിശുദ്ധാത്മാവു വരുമ്പോൾ ഒരു വിശ്വാസിക്കു ശക്തി ലഭിക്കുന്നു. അപ്പൊ. പ്ര. 1. 8). മത്താ. 18. 20-ൽ ക്രിസ്തു പറയുന്നു. 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്.' യോവേൽ 2. 28-ൽ 'സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും' എന്നു കാണുന്നു. ഇതൊരു മർമ്മമാണ്. അതു ഗ്രഹിക്കണമെങ്കിൽ ആത്മരൂപിയായ സാത്താനെപ്പറ്റി ചിന്തിക്കുക. സാത്താൻ ഒരു ശക്തി മാത്രമാണെന്നു വരുമോ? മരുഭൂമിയിൽവച്ചു സാത്താൻ ക്രിസ്തുവിനെ സമീപിച്ചു സംസാരിച്ചതായി നാം വായിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ സാത്താൻ പാമ്പിന്റെ രൂപത്തിൽ ചെന്നു ഹവ്വായോടു സംസാരിച്ചു. സാത്താൻ അനേകരെ കൈവശപ്പെടുത്തുന്നില്ലേ? അശുദ്ധാത്മാവു ബാധിച്ച ഒരു മനുഷ്യനെ വിലങ്ങും ചങ്ങലയുംകൊണ്ടു ബന്ധിച്ചിട്ടും, അവൻ ചങ്ങല നിഷ്പ്രയാസം വലിച്ചു പൊട്ടിച്ചു എന്നു മർക്കൊ. 5, 4-ൽ വായിക്കുന്നു. ഇതുപോലെ തന്നെയാണു പരിശുദ്ധാത്മാവിന്റെ ശക്തിയും പ്രവൃത്തിയും. പരിശുദ്ധാത്മാഭിഷേകത്തിനു ശേഷം യേശുവിന്റെ ശിഷ്യന്മാരിൽ ഉണ്ടായ വ്യത്യാസം ഇതിനു തെളിവാണ്. എന്നാൽ സാത്താൻ നൽകുന്ന ശക്തിയല്ല, ദൈവത്തിന്റെ ആത്മാവു നൽകുന്നതു എന്നു ധരിച്ചാൽ മതി.

പരിശുദ്ധാത്മാവിന്റെ ആഗമനത്തിനു കുറുതൽ തെളിവുകൾ താഴെ പ്രസ്താവിക്കുന്നു. പരിശുദ്ധാത്മാവു ദേഹരൂപം ധരിച്ചു. (ലൂക്കൊ. 3. 22). പരിശുദ്ധാത്മാവു വസിക്കുന്നു. (1കൊരി. 6. 19). വാഴിക്കുന്നു (പ്രവൃ. 6. 3). സംസാരിക്കുന്നു (അപ്പൊ. പ്ര. 13. 2, 21. 11). അറിയുന്നു (1കൊരി. 2. 10, 11). വരദാനം ചെയ്യുന്നു (1കൊരി. 12. 8, 9). സംസർഗ്ഗം ചെയ്യുന്നു, ഉപദേശിക്കുന്നു, വിചാരിക്കുന്നു ദുഃഖിക്കുന്നു ചെയ്യുന്നു. 2കൊരി. 13. 14; യോഹ. 14. 26; അപ്പൊ. പ്ര. 15. 28; ഏഫെ. 4. 30 തുടങ്ങിയവ. പരിശുദ്ധാത്മാവിനെപ്പറ്റി പറയുമ്പോൾ 'അവൻ' 'കാര്യസ്ഥൻ' എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. യോഹ. 14. 16; 16. 18. പരിശുദ്ധാത്മാവു യേശുക്രിസ്തുവിനെ വെളിപ്പെടുത്തി, വിശ്വാസത്തെ ഉറപ്പിക്കുന്നു. (1കൊരി. 12. 3). കൂടാതെ വിശ്വാസികൾക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. (റോമ. 8. 26).

പഴയനിയമകാലത്തു മനുഷ്യരുടെ അധമജീവിതത്തെപ്പറ്റി ദീർഘകാലം നോഹ മുഖാന്തിരവും, കർത്താവിന്റെ അന്ത്യന്യായവിധിയെ സംബന്ധിച്ചു ഹാനോക്ക് മുഖാന്തിരവും പരിശുദ്ധാത്മാവു സംസാരിച്ചു. യോന, യെശയ്യാവു, യിരെമ്യാവു തുടങ്ങിയ പ്രവാചകന്മാരെകൊണ്ടും, പിന്നീടു അപ്പൊസ്തലന്മാർ മുഖാന്തിരവും നാം ജീവിക്കുന്ന ഈ കാലത്തും തന്റെ ഭക്തന്മാർ മുഖാന്തരവും ദൈവഹിതത്തെ ലോകത്തിനു വെളിപ്പെടുത്തുന്നു.

ദൈവിക തെരഞ്ഞെടുപ്പ്

അഥവാ

മാനുഷിക നേട്ടങ്ങളുടെ പരാജയം

(Rev. M. J. Eapen, Adoor)

സാധാരണ പ്രശാന്തമായ പരിതഃസ്ഥിതികൾ, ഒരു വ്യക്തിയിൽ മറഞ്ഞുകിടക്കുന്ന അതുല്യമായ പ്രാഭവത്തെയോ, കഴിവുകളെയോ വെളിപ്പെടുത്തുവാൻ പര്യാപ്തമല്ലെന്നു വരാം. എന്നാൽ അതുൽക്കടമായ സന്ധികൾ അത്യുജ്ജ്വലമായ വ്യക്തിവിലാസം തുളുമ്പുന്ന നേതൃക്കന്മാരെ ലോകസമക്ഷം അവതരിപ്പിച്ചിട്ടുണ്ട്. അവരുടെ സുശക്തമായ നേതൃത്വത്തിൽ ജനത്തിനു വിമോചനവും ആശ്വാസവും അനുഗ്രഹവും ലബ്ധമായിട്ടുണ്ട്. അങ്ങനെയുള്ള നേതാക്കളിൽ അഗ്രിമസ്ഥാനത്തെത്തിയ ഒരസാധാരണ വ്യക്തിയായിരുന്നു ഗിദയോൻ. ഏഴുകൊല്ലത്തെ നിരന്തര യുദ്ധത്തിൽ തകർന്നു നാശം ഭവിച്ച ജനത്തിന്റെ ഉദ്ധാരകനായി, പ്രകൃത്യാ ശാന്തനും സാധാരണക്കാരിൽ ഒരാളുമായിരുന്ന ഗിദയോൻ തീരുമെന്നു ആക്കം വിചാരിക്കാൻ തരമില്ലായിരുന്നു. ദൈവിക തെരഞ്ഞെടുപ്പിന്റെ പരമരഹസ്യം ഇവിടെയാണ് നാം ദർശിക്കുന്നത്. ദൈവവും മനുഷ്യനും പരസ്പരം വ്യത്യസ്തങ്ങളായ വീക്ഷണകോണങ്ങളിൽക്കൂടിയാണു പലപ്പോഴും വസ്തുതകളെ നിരീക്ഷണം ചെയ്യുന്നതെന്നുള്ളതിന്റെ ഒരു മകുടോദാഹരണമാണ് ഇതു. മനുഷ്യന്റെ പുകഴ്ച എല്ലായ്പ്പോഴും പ്രഥമ പുത്രന്മാരെക്കുറിച്ചാണ്. എന്നാൽ ദൈവമാകട്ടെ പലപ്പോഴും ഇളയ പുത്രന്മാരെയാണ് തന്റെ കൃത്യനിർവ്വഹണാർത്ഥം തെരഞ്ഞെടുത്തിട്ടുള്ളത്. യാക്കോബ്, മോശെ, ദാവീദ്, മുതലായവർ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ധനത്തെയും, മാനത്തെയും, സ്വാധീനത്തെയും വിവിധ വരപ്രാപ്തികളെയുമാണ മനുഷ്യൻ സാമാന്യനേതൃത്വത്തിന്റെ മാനദണ്ഡമായി ചിന്തിക്കാറുള്ളത് എന്നാൽ ദൈവമാകട്ടെ താഴ്മ, അനുസരണം, സഹതാപം മുതലായ ഉൽകൃഷ്ട പ്രകൃതികളെയാണ് തന്റെ സേവനത്തിനു ആവശ്യമായ ആയുധങ്ങളായി കാരോ വ്യക്തിയിലും കാണ്മാൻ ആഗ്രഹിക്കുന്നത് ദൈവമനുഷ്യനായ ശമുവേൽ തന്നെ ഏലിയാബിനെപ്പറ്റി പ്രഥമ നോട്ടത്തിൽ "ഇവൻ തീർച്ചയായും യഹോവയുടെ മുമ്പാകെ അവന്റെ അഭിഷിക്തൻ" എന്നു പ്രസ്താവിപ്പാൻ തക്കവണ്ണം മാനുഷിക ബലഹീനതയോടും പരിമിതികളോടും കൂടിയവനായിരുന്നുവെന്നു മനസ്സിലാക്കാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയാകട്ടെ ബേതലഹേമിലെ പുൽമേടുകളിൽ ആടുകളെ മേയിച്ചുകൊണ്ടു നടന്ന ഒരു ഇടയച്ചെറുക്കനായ ദാവീദിന്റെമേൽ ആയിരുന്നു പതിഞ്ഞിരുന്നത്.

ഒരു യോദ്ധാവെന്നുള്ള നിലയിൽ ദൈവദർശ്യം ലഭിക്കുന്നതുപോലെ ഒരു ജോലിയല്ലായിരുന്നു ഗിദയോൻ തിരഞ്ഞെടുത്തിരുന്നത്. എങ്കിലും ദൈവം തന്നോടു അരുളിച്ചെയ്യുന്ന വാക്കുകൾ ശ്രദ്ധേയമാണ്. "അല്ലയോ പരാക്രമശാലിയേ ദൈവം നിന്നോടുകൂടെയുണ്ടു" എന്നുള്ളതായിരുന്ന മാത്രമല്ലാ ഗിദയോന്റെ തെരഞ്ഞെടുപ്പിൽ പ്രാധാന്യമർഹിക്കുന്നാലു കാര്യങ്ങൾ കാണുന്നു. (1) ദൈവം അവനോടു നേരിട്ടു സംസാരിക്കുന്നു (2)

അപ്പൊ. പ്ര. 5. 3-ൽ പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ചതു ദൈവത്തോടാണെന്നു 4-ാം വാക്യംകൊണ്ടു വ്യക്തമാണ്. അപ്പൊ. പ്ര. 28. 25 ഉം, യെശ. 6. 8, 9 ഉം താരതമ്യപ്പെടുത്തി വായിച്ചാൽ പഴനിയമത്തിലെ യഹോവയും പുതിയനിയമത്തിലെ 'പരിശുദ്ധാത്മാവും' നാമത്തിൽ ഒന്നു തന്നെ എന്നു സ്പഷ്ടമാണ്. മേൽ ഉദ്ധരിച്ച സംഗതികൾകൊണ്ടു പരിശുദ്ധാത്മാവു ആളുത്വത്തോടുകൂടിയ ഒരു മൂർത്തിയാണെന്നു തെളിയുന്നു.

വ്യക്തിസംബോധന ചെയ്യുകൊണ്ട് സംസാരിക്കുന്നു. (3) തന്നോടുകൂടെയുള്ള ദൈവത്തിന്റെ നിരന്തര സംസ്മൃത്തെ വാശാനം ചെയ്യുകൊണ്ട് അവനെ ധൈര്യപ്പെടുത്തുന്നു. (4) സാധാരണ ഗാർഹിക കാര്യങ്ങളിൽ ഏർപ്പെട്ടിരുന്ന തന്നെ ഏറ്റവും ഉത്തമനായി ദൈവം പരിഗണിക്കുകയും ചെയ്യുന്നു. ഏതു ജീവിതവൃത്തിയിൽ ഏർപ്പെടുന്നവരായാലും വിശ്വസ്തത പാലിക്കുന്നവരെ ഉൽകൃഷ്ടസേവനത്തിനായി ദൈവം വിളിക്കുന്നു. തൊഴിൽ ഏതെന്നുള്ളതല്ല അതിൽ വിശ്വസ്തത എത്രത്തോളമുണ്ടെന്നുള്ളതാണു ദൈവം അന്വേഷിക്കുന്നത്. വിദ്വാന്മാർക്കോ ബിരുദധാരികൾക്കോ ചെയ്യുവാൻ സാധിക്കാത്ത മഹത്തായ പല കാര്യങ്ങളും വിശ്വസ്തരും വിനീതരുമായ സാധാരണന്മാർക്ക് ചെയ്യുവാൻ സാധിക്കുമെന്നുള്ളതു വളരെ യഥാർത്ഥമാണ്.

കേവലമൊരു ക്ഷീണിവലനായ ഗിദയോനിൽ ദൈവം ദർശിച്ചത് ഉത്തമനായ ഒരു നേതാവിനെയാണ്. വൻകാര്യങ്ങൾ ചെയ്യുന്നതിനു ആവശ്യമായ കൃപയെക്കാൾ ചില പ്പോൾ ചെറിയ കാര്യങ്ങൾ ചെയ്യുന്നതിനു കൃപ വളരെ വേണ്ടി വരുമെന്നുള്ള പരമാർത്ഥം നാം ഗ്രഹിക്കാറില്ല. ചെറിയ കാര്യങ്ങൾ ചെയ്യുമ്പോൾ അതു സർവ്വശക്തനായ ദൈവത്തിന്റെ കാര്യമാണെന്നോർത്തു അതു വൻകാര്യമായും; വൻകാര്യങ്ങൾ ചെയ്യുമ്പോൾ എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സർവ്വത്തിനും മതിയാകുന്നവനാണെന്നു കാർത്തു ഭാരമോ നിരാശയോ കൂടാതെയും ചെയ്യേണ്ടതാണ്.

ഗിദയോനെ ദൈവം തെരഞ്ഞെടുത്തപ്പോൾ തന്റെ മുമ്പാകെയുള്ള കഠിനതരമായ പ്രയത്നത്തെ കാർത്തു മനുഷ്യസഹജമായ രീതിയിൽ അവൻ മൂന്നു വാക്കുകൾ ഉച്ചരിച്ചുപോകുന്നു. അയ്യോ! എന്റെ. എവിടെ? (ന്യായാ. 6. 13). എന്നാൽ തത്സമയം ദൈവം അവനെ നോക്കിയതായി നാം അവിടെ വായിക്കുന്നു. അനുഗ്രഹകരമായ പ്രസ്മൃത നോട്ടം-ഹൃദയോജ്വലമായ ആ നോട്ടം ഗിദയോനിൽ വിദ്യുച്ഛക്തിപോലെ കടന്നു. അവന്റെ തളർന്ന സിരാപടലങ്ങൾ ചൈതന്യസംയുക്തമായി, വാടിയ മുഖം പ്രസന്നമായി. അവൻ കർത്തവ്യനിരതനായി. ദൈവദർശനത്തിൽ നിന്നു അകലുന്തോറും മനുഷ്യനിൽ ഭയവും സംശയവും അന്ധകാരവും വ്യാപിക്കുന്നു. വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആ അനുഭവം കാണാറുണ്ട്. ദൈവം തന്റെ ജനത്തിനുവേണ്ടി സദാ ജാഗരിച്ചുകൊണ്ടിരിക്കുന്നവനാകയാൽ ദർശനമില്ലാത്ത ജനം അവങ്കലേക്കു നോക്കി പ്രകാശിതരാകേണ്ടതാണ്. അപ്പോൾ അവർ ലജ്ജിച്ചുപോകയില്ല. പ്രസ്മൃത അനുഭവം ആത്മാവിൽ സഭയിലാണ് ഉണ്ടാകേണ്ടതു. ദൈവം നഗരത്തിനു കല്പന കൊടുക്കുമ്പോൾ ജനത്തിന്റെ ഇടയിൽ തുടങ്ങുവാൻ പറയുന്നില്ല. പ്രത്യൂത തന്റെ വിശുദ്ധ മന്ദിരത്തിൽ തുടങ്ങുവിൻ എന്നു പറയുന്നു. (യെഹെ. 9. 6). ഇന്നു സഭ എത്രയോ നിർജ്ജീവാവസ്ഥയിൽ എത്തിച്ചേർന്നിട്ടുണ്ടെന്നു ചിന്തിക്കേണ്ടതാണ്. എല്ലാറ്റിലും ക്രിസ്തുവിനെ അനുകരിക്കേണ്ടവരായ നാം രാഷ്ട്രത്തേയും അതിലെ നേതാക്കന്മാരെയുമല്ലയോ അനുകരിക്കുന്നതെന്നു ഓർക്കുക. സഭാഭരണസമ്പ്രദായം, ശാബ്ബത്തുലംഘനം, വിവാഹമോചനം, ലൌകായതികതപം തുടങ്ങി പലതിലും സഭ വളരെ അധഃപതിച്ചിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ ദൈവത്തിന്റെ ന്യായവിധിയുടെ ശബ്ദം നാം കേൾക്കേണ്ടതാണ്. ഇതു നിമിത്തം ഞാൻ ഈ ജാതിയെ സന്ദർശിക്കാതെയിരിക്കുമോ എന്നു മൂന്നു വട്ടം ദൈവം ചോദിക്കുന്നു (യിരെ. 59—29; 9. 9). സ്വായവിധി ആദ്യം സഭയിൽ ആരംഭിക്കാതിരിപ്പാൻ നാം കരുതൽ ഉള്ളവരായിരിക്കേണ്ടതാണ്.

ഗിദയോൻ വളരെ താഴ്മയുള്ളവനായിരുന്നുവെന്നു നാം വായിക്കുന്നു. ദൈവം തന്റെ ശുശ്രൂഷ നിറവേറുവാൻ വിനയമുള്ളവരെയാണു പലപ്പോഴും തിരഞ്ഞെടുക്കുന്നത്. ദൈവത്തിന്റെ നിരന്തരസാന്നിദ്ധ്യത്തിലും കൃപയിലും മാത്രം ആശ്രയിച്ചു ഗിദയോൻ പ്രവർത്തിക്കുന്നു. അനന്തരം ഗിദയോൻ ഒരു യാഗം കഴിച്ചു. ദൈവസേവക്കായി തെരഞ്ഞെടുക്കപ്പെടുന്നവർ ഒരു യാഗത്തോടുകൂടി അതിൽ പ്രവേശിക്കേണ്ടവരാണ്. തങ്ങളുത്തന്നേയും തങ്ങൾക്കുള്ളവയേയും ജീവനും വിശുദ്ധവും ദൈവത്തിനു പ്രസാദവുമായ യാഗമായി സമർപ്പിക്കണം. എന്നാൽ ഗിദയോന്റെ യാഗം ഒരു പ്രത്യേക സ്വഭാവത്തോടുകൂടിയതാ

യിരുന്നു. ദൂതന്റെ കല്പനപ്രകാരം അവനതു പാറമേൽവെച്ചു. പാറ കടപ്പമേറിയ സ്ഥാനമാണ്. താൻ ശ്രുശ്രൂക്ഷ നിറവേറേണ്ട സ്ഥാനം എത്ര കടപ്പമേറിയതാണെന്ന ഗിദയോനെ അതു അനുസ്മരിപ്പിക്കയത്രേ ഉണ്ടായത്. ആഫ്രിക്കയിലെ നരഭോജികളുടെ ഇടയിലും, നിർദ്ദയരായ റഷ്യക്കാരുടെ നിവാസികളുടെ മദ്ധ്യത്തിലും, കമ്മ്യൂണിസ്റ്റാധിപത്യമുള്ള രാജ്യങ്ങളിലും, ഒട്ടുമങ്ങലായ വനാന്തരങ്ങളിലും ദ്വീപാന്തരങ്ങളിലും സുവിശേഷത്തൊഴിലും വഹിക്കാനുള്ള ഒരു ആഹ്വാനമല്ലയോ ഈ അടയാളം മൂലം നാം കേൾക്കുന്നതു എന്നു ചിന്തിക്കേണ്ടതാണ്. മൂന്നര വർഷക്കാലം നമ്മുടെ കർത്താവു പാപത്താലും സ്വയനീതിയാലും ക്രിസ്തുനിന്ദയാലും കാഠിന്യം സംഭവിച്ച മനുഷ്യഹൃദയസ്ഥാനങ്ങളിന്മേൽ താൻ യാഗം കഴിക്കയായിരുന്നു ചെയ്തതു. ആധുനിക ലോകത്തിലെ നൂതനവ്യവസ്ഥിതികൾ ഉടലെടുത്തിരിക്കുന്ന കഠിനതരങ്ങളായ പ്രശ്നങ്ങളിന്മേൽ യാഗം കഴിപ്പാനത്രേ കർത്താവു തന്റെ ശ്രുശ്രൂഷകരെ ഇന്നു വിളിച്ചിരിക്കുന്നതു. പക്ഷേ പാറമേൽ വെച്ചിരുന്ന യാഗവസ്തുക്കളിന്മേൽ ദൂതൻ തന്റെ വടികൊണ്ടു തൊട്ടപ്പോൾ പാറയിൽനിന്നു തീ പുറപ്പെട്ടു അതു ദഹിപ്പിച്ചുകളഞ്ഞു. ദൈവത്തോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമിതാണ്. ദൈവവിളികേട്ടു അനുസരിക്കുന്നവരുടെ മുമ്പിൽ ആവിർഭവിക്കുന്ന സകല പ്രയാസങ്ങളും പ്രതിക്രിയകളും നിശ്ശേഷം മാഞ്ഞുപോകുകതന്നെ ചെയ്യും.

തെരഞ്ഞെടുപ്പിനുശേഷം അടിക്കുടിയുള്ള പരിശോധനയും ഉണ്ടാകുന്നതാണ്. ഗിദയോനു ഉണ്ടായ പരിശോധന ആദ്യമായി തന്റെ പിതാവിന്റെ ബാൽബലിപീഠം നശിപ്പിക്കണമെന്നുള്ളതായിരുന്നു. ദൈവകല്പനാനുസരണം ഗിദയോൻ അതു നശിപ്പിക്കുക മാത്രമല്ലാ അവിടെയുണ്ടായിരുന്ന അശേരാപ്രതിഷ്ഠകളെ (വൃക്ഷങ്ങളെ) മുറിച്ചുകളയുകയും ചെയ്തു. പരമ്പരാഗതമായ സമ്പ്രദായങ്ങളെയും തെരഞ്ഞെടുപ്പോടുകൂടി അവസാനിപ്പിക്കേണ്ടതാണ്. പാപത്തിൽ മരിച്ചു നീതിക്കു വീണ്ടും ഉയിർക്കുന്ന പുതിയ അനുഭവത്തിലേക്കു പ്രവേശിക്കണം. ദൈവഹിതം നിറവേറേണ്ടതിനു അതിനു ബാധകമായി വരാവുന്ന മാതാപിതാക്കളുടെയോ സ്വകുടുംബത്തിന്റെയോ താല്പര്യങ്ങളെ അവഗണിക്കാൻ സാധിക്കുന്നില്ലെങ്കിൽ യഥാർത്ഥ ശ്രുശ്രൂഷ നിറവേറ്റാൻ സാദ്ധ്യമല്ല. തെരഞ്ഞെടുപ്പോടുകൂടി ദൈവാത്മാവിന്റെ ശക്തി ഗിദയോനിൽ അധിവസിക്കയും തൽഫലമായി ആറു കായ്കളും അവനിൽ നിറവേറുകയും ചെയ്യുന്നു.

ഒന്നാമതായി അവൻ ധൈര്യമുള്ളവനായിത്തീർന്നു. "അവൻ കാഹളൂതി" അതു ധൈര്യത്തിന്റെയും വിജയത്തിന്റെയും ഒരുക്കത്തിന്റെയും അടയാളമാണ്. പരിശുദ്ധാത്മാവു ഭീരുക്കളെ ധൈര്യവാന്മാരാക്കിത്തീർക്കുന്നു. ഭീരുവായിരുന്ന പത്രൊസ് പെന്തക്കോസ്തനുഭവത്തിനുശേഷം കർത്താവിന്റെ ധീരസാക്ഷിയായിത്തീർന്നു. തന്റെ പ്രസംഗം കൊണ്ടു ഒരു ദിവസം 3000 പേർ തന്നോടു ചേർന്നു. പ്രയാസമെന്നോ ഉദ്വഹമെന്നോ പ്രഥമദൃഷ്ട്യാ തോന്നുന്ന കായ്കളോടു എതിരിടാൻ ഒരുമ്പെടുന്നവരിൽ ദൈവത്തിന്റെ പ്രത്യേക കൃപ വ്യാപരിക്കുന്നതാണ്. നിസ്സാരമെന്നു തോന്നുന്ന കായ്കൾ മാത്രം തെരഞ്ഞെടുത്തു ചെയ്യാൻ ആഗ്രഹിക്കുന്നവർക്കു ദൈവശക്തിയുടെ മഹത്വം വെളിപ്പെടുന്നതല്ല. ദൈവത്തോടടുത്തു ജീവിക്കുന്നവർക്കു ലൗകിക പ്രലോഭനങ്ങളെ യാതൊന്നും ഭയപ്പെടുവാനില്ല.

രണ്ടാമതായി ഇണക്കമില്ലാത്തവരെ ഗിദയോൻ ആകർഷിച്ചു. ദൈവാത്മാവു ഗിദയോന്റെമേൽ വന്നപ്പോൾ അബിയേസ്യരെ തന്റെ അടുക്കൽ വിളിച്ചു. രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മശക്തിയിൽ ഇണങ്ങാത്തവരെപ്പോലും തെരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിക്കു തങ്കലേക്കു ആകർഷിപ്പാൻ കഴിയുന്നതാണ്. സിംഹത്തെ ആട്ടിൻകുട്ടിയാക്കിമാറ്റാനും, ശിലാസദൃശമായ ഹൃദയത്തെ കരുണാർദ്രമാക്കിത്തീർക്കാനുമുള്ള കൃപ പരിശുദ്ധാത്മാവു നല്കുന്നു. കർത്താവു പരിശുദ്ധാത്മാവു നിറഞ്ഞവനാക്കി ആത്മീയ ശക്തിയോടെ ഗലീലയിലേക്കു മടങ്ങി പള്ളിയിൽ ചെന്നു തിരുവെഴുത്തു വായിച്ചപ്പോൾ അവിടെ കൂടിയിരുന്നവരുടെ കണ്ണു അവങ്കൽ പതിഞ്ഞിരുന്നുവെന്നു നാം വായിക്കുന്നു. പരിശുദ്ധാത്മാവു നിറഞ്ഞവർ കൃപ നിറഞ്ഞവനായി എല്ലാവരേയും തങ്കലേക്കു ആകർഷിക്കുന്നു.

മൂന്നാമതായി ആത്മാവു പ്രാപിക്കുമ്പോൾ ഐക്യതയുണ്ടാകുന്നു. ഗിദയോനിൽ നാലു ഗോത്രങ്ങൾ ഐക്യപ്പെട്ടുന്നതായി കാണുന്നു. ക്രിസ്തുതന്റെ അനുയായികൾക്കു വേണ്ടി അവർ ഒന്നാകേണ്ടതിനു പ്രാർത്ഥിച്ചു. ദൈവത്മാവിന്റെ ശക്തികൂടാതെ വിവിധ പാരമ്പര്യമോ, സംസ്കാരമോ ഉള്ള ആളുകളെ ഏകത്വ യോജിപ്പിച്ചു നിർത്താൻ കഴിയുന്നതല്ല. സാത്താൻ ഭിന്നതയുടേയും വിദ്വേഷത്തിന്റെയും വിത്തുകൾ ജനസാമാന്യത്തിന്റെ നടുവിൽ വിതറുകയും അങ്ങനെ അവന്റെ തന്ത്രങ്ങൾ പ്രായോഗികമാക്കിത്തീർക്കുവാൻ യത്നിക്കുന്നുമുണ്ട്. ക്രിസ്തുവിന്റെ ആത്മാവിൽ ഐക്യപ്പെട്ട വിശ്വാസ്യതയോടെ നിലനിൽക്കുന്ന അനുഗ്രഹം നിറഞ്ഞ കൂട്ടത്തെ കാണുന്നതു സാത്താനു സഹിക്കാവുന്നതല്ല. ആകയാൽ തെരഞ്ഞെടുക്കപ്പെട്ടവരോടുള്ള സഹകരണത്തിൽ മാത്രമാണ് അനുഗ്രഹം ലഭിക്കുന്നതു.

നാലാമതായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്നവർ മാനുഷികമായ തങ്ങളുടെ പ്ലാനുകളും ഉപകരണങ്ങളും, ദൈവമുമ്പാകെ അടിയറവെയ്ക്കുകതന്നെ ചെയ്യും. ഗിദയോന്റെ പടയാളികളിൽ ഭൂരിഭാഗവും പിന്തിരിഞ്ഞുപോകാൻ ദൈവം നിർദ്ദേശം നല്കുന്നു. ഭൂരിപക്ഷത്തെക്കൊണ്ടല്ലാ ന്യൂനപക്ഷത്തെക്കൊണ്ടാണു ദൈവം അത്ഭുതം പ്രവർത്തിക്കുന്നതു. ഭൂരിപക്ഷം, മാനുഷിക നേട്ടത്തെയും ശക്തിയെയും വെളിപ്പെടുത്തുമ്പോൾ ന്യൂനപക്ഷത്തിന്റെ പിന്നിൽ, ഏലീശായുടെ ബാല്യക്കാരന്റെ കണ്ണു തുറന്നപ്പോൾ ആ പ്രഭാതമണ്ഡലത്തിൽക്കൂടെ അവൻ കണ്ടതു അഗ്നിമയമായ രഥങ്ങളും രഥങ്ങളുടെ സഹായത്തിനായി ദൈവത്താൽ അണിനിരത്തിയിരിക്കുന്നതാണ്. ലോകത്തിലെ വിവിധങ്ങളായ സംഭവങ്ങളുടെയും മാറ്റങ്ങളുടേയും പ്രത്യാഘാതങ്ങളുടേയും മദ്ധ്യേ നടുവിൽ തന്നിൽ വിശ്വസിക്കുന്നവർക്കു പ്രത്യാശവെച്ചിരിക്കുന്നവർക്കായി വൈമൊക്കിയിരിക്കുന്ന സൌഭാഗ്യകരമായ ഭാവനമത്രേയതു.

അഞ്ചാമതായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്നവർ ലളിതമായ പദ്ധതികൾ മാത്രമാണ് ആവിഷ്കരിക്കാറുള്ളതു. ഗിദയോനു ഏതാനും കുടങ്ങളും പന്തങ്ങളും ഒരു മഹായുദ്ധത്തിന്റെ ഉപകരണങ്ങളായിരുന്നു. കേവലം അഞ്ചു കല്ലുകൾ മല്ലനോടു എതിർക്കുവാൻ ദാവീദിന്റെ ആയുധമായിരുന്നു. ഒരു കഴുതയുടെ താടിയെല്ലു ഒരു വലിയ ശത്രുസമൂഹത്തെ തോല്പിക്കുവാൻ ശിംശോന്റെ ഉപകരണമായിരുന്നു. അഞ്ചപ്പവും രണ്ടു മീനും അയ്യായിരം ആളുകളെ തൃപ്തരാക്കുവാൻ യേശുവിന്റെ കലവറയായിരുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ എത്രയോ ലാളിത്യം നിറഞ്ഞതും അവന്റെ പദ്ധതികൾ എത്രയോ ലക്ഷ്യവുമായിരുന്നുവെന്നു നാം ഓർക്കേണ്ടതാണ്. പലപ്പോഴും വലിയ പദ്ധതികളുടെ ആസൂത്രണം മാനുഷിക നേട്ടങ്ങളുടെ പ്രകടനവും, ആകാശത്തോളമെത്തുന്ന ഗോപുരങ്ങളുടെ നിർമ്മാണശ്രമവും തദ്വാരാ കലകത്തിന്റെയും തകർച്ചയുടേയും ഉപാധിയുമാകുന്നുവെന്നുള്ളതു വിസ്മരിക്കുന്നുമില്ലാ.

ആറാമതായി തെരഞ്ഞെടുക്കപ്പെട്ടവർ പിൻപന്തിയിൽ മാത്രമേ നില്ക്കുവാൻ ആഗ്രഹിക്കയുള്ളൂ. നിങ്ങളിൽ മുമ്പന്മാരാകാൻ ഇച്ഛിക്കുന്നവരൊക്കെയും പിമ്പന്മാരാകണം; തന്നത്താൻ ഉയർത്തുന്നവരെല്ലാം താഴ്ത്തപ്പെടും എന്നുള്ള കർത്താവിന്റെ മൊഴികൾ ഗിദയോനിൽ അനുവർത്തമാകുന്നു. എഫ്രയീമ്യർ അവനോടു നിങ്ങൾ മിദ്യാന്യരോടു യുദ്ധത്തിനു പോയപ്പോൾ എന്തുകൊണ്ടു ഞങ്ങളെ വിളിച്ചില്ലാ എന്നു ചോദിക്കുന്നു. അതിനു പ്രത്യുത്തരമായി നിങ്ങളോടു ഒത്തു നോക്കിയാൽ ഞങ്ങൾ ഈ ചെയ്തു എന്തുള്ളൂ എന്നു പറഞ്ഞു. നാം ചെയ്യുന്ന പ്രവർത്തിയുടെ പുകഴ്ച മറ്റൊരാൾ അവകാശപ്പെടുന്നതു ഒരിക്കലും നാം അനുവദിക്കുകയില്ല. പക്ഷേ തെരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയാകട്ടെ സകല പുകഴ്ചയും ദൈവത്തിനു കൊടുക്കുന്നു. ദൈവേഷ്ടം ചെയ്യുന്നുവെന്നു അറിയുന്നതൊഴികെ യാതൊരു പ്രതിഫലേഛയും കൂടാതെ പ്രവർത്തിക്കുന്നതിലാണു മഹത്തായ സേവനം സ്ഥിതിചെയ്യുന്നതു.

ഇങ്ങനെ ഇന്നും ഗിദയോൻ ഒരു സജീവ വ്യക്തിയായി തെരഞ്ഞെടുക്കപ്പെട്ടവർക്കു മാർഗ്ഗദർശനം നല്കിക്കൊണ്ടു നമ്മുടെ മുമ്പാകെ നില്കുന്നു.

കുറ്റമറ്റ മനസ്സാക്ഷി

(സി. മാത്യു, തെങ്ങും മഠത്തിൽ)

മനസ്സാക്ഷിയെന്നാൽ എന്ത്? കുറ്റമറ്റ മനസ്സാക്ഷി എങ്ങനെ പുലർത്താം? ഇതാണ് നമ്മുടെ ചിന്താവിഷയം. മനസ്സാക്ഷിയുടെ വെളിച്ചത്തിനും ആജ്ഞയ്ക്കും വിധേയമായി ഏറെക്കുറെ പ്രവർത്തിച്ചിട്ടുള്ളവർ എല്ലാക്കാലത്തും സ്ഥലത്തും ഉണ്ടായിട്ടുണ്ട്. വി. പൌലോസ് റോമക്കു് എഴുതിയ ലേഖനത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ മനസ്സാക്ഷിയെപ്പറ്റി പറയുമ്പോൾ അതു് ന്യായപ്രമാണമില്ലാത്തവർക്കു് ഹൃദയത്തിൽ എഴുതപ്പെട്ട ദൈവപ്രമാണമാണെന്നു പറഞ്ഞിരിക്കുന്നു. സാമാന്യ രൂപകാലങ്കാര ഭാഷയിൽ പറഞ്ഞാൽ നമ്മുടെ തീരുമാനങ്ങളിൻമേലും തിരഞ്ഞെടുപ്പുകളിൻമേലും വിധികല്പിക്കുന്നതിനു പൂർണ്ണ അധികാരമുള്ള ഒരു ന്യായാധിപനാണു മനസ്സാക്ഷി. നാം ശരിയായതു ചെയ്യുമ്പോൾ ഈ നിരീക്ഷകൻ അതിനെ അംഗീകരിക്കുകയും തെറ്റു ചെയ്യുമ്പോൾ ഒരു ന്യായാധിപൻ എന്ന നിലയിൽ നമ്മുടെ പാപങ്ങൾക്കു കുറ്റംവിധിക്കുകയും ഭവിഷ്യത്തുകളെ ഓർമ്മയിൽ കൊണ്ടുവരികയും ചെയ്യുന്നു.

പൂർണ്ണസത്യത്തെ സംബന്ധിച്ചു, മനസ്സാക്ഷിക്കൊരു പരിധി ഉണ്ടെന്നുള്ളതു നാം അറിഞ്ഞിരിക്കേണ്ടതാണ്. ഒരു വടക്കുനോക്കി യന്ത്രത്തിന്റെ സൂചിയോടു, അതിനെ ഉപമിക്കാം. ആകർഷണകേന്ദ്രമായ 'വടക്കി'നെ അതു കാണിക്കുമെങ്കിലും അതു സാക്ഷാൽ 'വടക്കാ'യിരിക്കുകയില്ല. തെറ്റുകൂടാതെ എന്ന ഒരു നിശ്ചിതാവസ്ഥ മനസ്സാക്ഷിക്കുണ്ടായിരിക്കുമെന്നു നിർബ്ബന്ധമില്ല. അതു ശൈശവകാലത്തെ പരിശീലനത്തോടു വളരെ ആശ്രയിച്ചിരിക്കുന്നു. മതഭ്രാന്തനായി, യേശുക്രിസ്തുവിന്റെ മാർഗ്ഗത്തെ ഇല്ലായ്മചെയ്യുവാൻ നടന്ന കാലത്തെ ഉൾപ്പെടുത്തി വിശുദ്ധ പൌലോസ് പറയുന്നതു "ഞാൻ ഇന്നോളവസരത്തോടും കേവലം നല്ല മനസ്സാക്ഷിയോടുംകൂടെ ദൈവത്തിന്റെ മുൻപാകെ നടന്നിരിക്കുന്നു" (പ്രവൃ. 23:1) എന്നാണ്. വീണ്ടും താൻ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. "നസ്രായനായ യേശുവിന്റെ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കണമെന്നു താനും വിചാരിച്ചു സത്യം" (പ്രവൃത്തി. 26:9). മനസ്സാക്ഷിയുടെ ശബ്ദം ഒരു പ്രത്യേക മാർഗ്ഗത്തെ അവലംബിക്കുന്നതിനു പ്രേരകമായി ഭവിക്കുമെങ്കിലും ദൈവത്തിങ്കലേക്കു അതു ഒരുവനെ നിശ്ചയമായി വഴിനടത്തണമെന്നില്ലെന്നു വി. പൌലോസിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

രക്ഷിക്കപ്പെടുന്നതിനുള്ള മാർഗ്ഗമായി മനസ്സാക്ഷിയോടുള്ള അനുസരണത്തെ കരുതുന്നതു ഒരു ബലഹീന പ്രമാണമാക്കുന്നു. നാം ആഗ്രഹിക്കുന്ന നിത്യസ്ഥിതയിലേക്കു നമ്മെ നടത്തുന്നതിനു അതിലുമുപരിയായ ഒരു മാർഗ്ഗം ആവശ്യമാണ്. പരിശീലനം പലപ്പോഴും തെറ്റായ മാർഗ്ഗത്തിലേക്കു മനുഷ്യരെ നടത്താമെന്നുള്ളതുകൊണ്ടു മനസ്സാക്ഷിയെ മാത്രം ആശ്രയിക്കുന്നതു ബുദ്ധിപൂർവ്വമല്ല. അതുകൊണ്ടാണു വി. പൌലോസ് ബലഹീന മനസ്സാക്ഷിയുള്ള കോരിന്ത്യയിലെ ക്രിസ്ത്യാനികളെക്കുറിച്ചും, എബ്രായ ലേഖന കർത്താവു എബ്രായ ക്രിസ്ത്യാനികളുടെ ഒർമനസ്സാക്ഷിയെക്കുറിച്ചും അവരുടെ നിർജ്ജീവപ്രവൃത്തികളെ പോക്കിയുള്ള മനസ്സാക്ഷിയെക്കുറിച്ചും ലേഖനങ്ങളിൽ പറയുവാൻ ഇടയായതു്. തെറ്റായ മനസ്സാക്ഷിക്കു മറ്റൊരു മോക്ഷകൂടെയുണ്ട്. ചൂടുപിടിച്ച ഒരു ഇരുമ്പുപെട്ടി ഉപയോഗിച്ചു ഒരാൾ വസ്ത്രം തേക്കുമ്പോൾ നിരന്തര സ്പർശനംകൊണ്ടു വിരലുകളുടെ സ്പർശനഭാഗം കട്ടിയാകുന്നതുപോലെ തെറ്റായ മനസ്സാക്ഷിയോടുള്ള ഒരുവന്റെ തുടർച്ചയായ അനുസരണം അവനെ അധഃപതിപ്പിക്കുന്നതാണ്. തീമോഥിയോസിനു വി. പൌലോസ് എഴുതിയ ലേഖനത്തിൽ "ചില സഹോദരന്മാർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവെച്ചുവരായി വിശ്വാസം തൃജിക്കും" എന്നു രേഖപ്പെടുത്തിയിരിക്കുന്നതു ഇതിനു തെളിവുതരുന്നു.

ഈ അവസ്ഥയിലേക്കു ഒരുവൻ അധഃപതിക്കാതെയിരിക്കണമെങ്കിൽ ഉണർത്തപ്പെട്ട ഒരു മനസ്സാക്ഷി അവനുണ്ടായിരിക്കണമെന്നു തിരുവചനം നമ്മോടു ആവശ്യപ്പെട്ടിരിക്കുന്നു.

വി.പൌലോസ് പറയുന്നതു "ദൈവത്തോടും മനുഷ്യരോടും കുറവില്ലാത്ത മനസ്സാക്ഷി എല്ലായ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു" (പ്രവൃ. 24:16. എന്നാണ്. ഓരോ മനുഷ്യനും ഒരു സത്യവഴികാട്ടി ഉണ്ടായിരിക്കേണ്ടതു വളരെ ആവശ്യമാണ്. അവന്റെ ശരിയായ കർത്തവ്യം അവനെ ഗ്രഹിപ്പിക്കുന്നതും കർത്തവ്യനിർവ്വഹണത്തിനു ആവശ്യമായ ശക്തി നൽകുന്നതും ഈ വഴികാട്ടിയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവാണു ഈ കൃത്യം നടത്തേണ്ടതു്. അപ്പോൾ അതു ശരിയായ 'വടക്കിനെ'ത്തന്നെ കാണിക്കുന്നതായിരിക്കും. "സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും" (യോഹ. 16:13. എന്നു.).

ഉണർത്തപ്പെട്ട ഒരു മനസ്സാക്ഷി പരിശുദ്ധാത്മാവായ ദൈവത്തിന്റെ പ്രത്യേക അവകാശവും പ്രവർത്തനരംഗവുമാണ്. ആഴമേയ പാപബോധമുണ്ടാകത്തക്കവണ്ണം മനുഷ്യനിൽ സ്ഥിതിചെയ്യുന്ന മനസ്സാക്ഷിയെ പരിശുദ്ധാത്മാവു പ്രേരിപ്പിക്കയും പാപാവസ്ഥയുടെ ഭയങ്കരതയെ കാണിപ്പിക്കുകയും ചെയ്യുന്നു. മലിനപ്പെട്ട മനസ്സാക്ഷി അതിന്റെ അപകടനിലയെപ്പറ്റി വേണ്ടവണ്ണം പശ്ചാത്തപിക്കുമ്പോൾ സകല മാലിന്യങ്ങളേയും കഴുകിക്കളവാൻ മതിയായതും വിലയേറിയതുമായ രക്തത്തിന്റെ ഭാതാവായ ക്രിസ്തുവിങ്കലേക്കു പരിശുദ്ധാത്മാവു് അവനെ വഴിനടത്തുന്നു. "ദൈവത്തിനു തന്നത്താൻ നിങ്കലുങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും"? (എബ്രാ. 9:14. എന്നു).

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പുതുജനനത്താൽ വഴികാട്ടിയായിരിക്കുന്ന ഒരു ദൈവപൈതലിനു കുറവറ്റ മനസ്സാക്ഷിയെ നിലനിർത്തുന്നതിനു ചിലതു അനുഷ്ഠിക്കേണ്ടതായിട്ടുണ്ടു. "അതുകൊണ്ടു എനിക്കു ദൈവത്തോടും മനുഷ്യരോടും കുറവില്ലാത്ത മനസ്സാക്ഷി എല്ലായ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു" (പ്രവൃത്തി 24:16. എന്നു). എന്നു് വി. പൌലോസ് രേഖപ്പെടുത്തിയിരിക്കുന്നു. 'ശ്രമിക്കുന്നു' എന്നു പറഞ്ഞാൽ എന്നെത്തന്നെ അഭ്യസിപ്പിക്കുന്നു; പരിശീലിപ്പിക്കുന്നു എന്നാണ്. ഉള്ളിലെ ഈ ചെറുശബ്ദത്തിനു സിദ്ധിക്കേണ്ട ഈ അഭ്യസനം മുഖ്യമായി രണ്ടു വിധത്തിലാണു സാധിക്കേണ്ടതു്. ഒന്നു ദൈവത്തിന്റെ പ്രമാണം എഴുതിയത്തിലും മനസ്സിലും എഴുതപ്പെടണം. അതിലേക്കു വേദപുസ്തകവുമായുള്ള സംസർഗ്ഗം കഴിച്ചു കൂടാത്തതാണ്. വചനത്തിൽക്കൂടെയാണ് ദൈവാത്മാവു പലപ്പോഴും സംസാരിക്കുന്നതു്. എഴുതപ്പെട്ട വെളിപ്പാടു മുഖാന്തരം ദിവസംതോറും ആവശ്യമായ പാഠങ്ങൾ അതു നമുക്കു തരുന്നു. ആത്മാവും വചനവും മനുഷ്യനിൽ ഒന്നിച്ചു പ്രവർത്തിക്കുന്നു. രണ്ടാമതായി വിശ്വാസികളുമായുള്ള കൂട്ടായ്മ ഏറ്റവും വലിയ കൃപാമാർഗ്ഗങ്ങളിൽ ഒന്നാണ്. ജീവിതത്തിലുള്ള കുറവുകളേയും കുറവുകളേയും കാണുന്നതും മനസ്സാക്ഷിയെ ഉണർത്തുന്നതും പ്രധാനമായി വിശ്വാസികളുമായുള്ള സംസർഗ്ഗം മുഖാന്തരമാകുന്നു. ദൈനംദിന ജീവിതത്തിൽ അനുഭവപ്പെടേണ്ട സത്യങ്ങൾ എങ്ങനെ പ്രായോഗികമാക്കാമെന്നു അവർ വെളിപ്പെടുത്തും. ദൈവം തന്റെ വിശുദ്ധന്മാരിൽക്കൂടി പ്രശോഭിക്കയും മറ്റുള്ളവരുടെ പോരായ്മകളെ അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു.

അതുകൊണ്ടു നമുക്കു തിരുവചനധ്യാനവും വിശ്വാസികളുമായുള്ള സംസർഗ്ഗവും ഉപേക്ഷിക്കാതെയിരിക്കാം. അവകൾ മുഖാന്തരം ദൈവത്തിന്റെ ആത്മാവു മനസ്സാക്ഷിയെ കുറവറ്റതായി നിർത്തുന്നതിനും പുതിയ വെളിച്ചത്തെ സ്വീകരിക്കുന്നതിനും ഇടയാക്കും. അതിനു് ദൈവം നമ്മെ സഹായിക്കട്ടെ.

കുരിശിന്റെ ആത്മകഥ

(പി. ചിറക്കരോട്ട്)

ആകാശനീലിമയെ ആലിംഗനം ചെയ്യുന്ന ക്രമ്പൻകുന്നിന്റെ നിറുകയിൽ ഞാൻ നില്ക്കുന്നു. എന്റെ പാദം മണ്ണിന്നടിയിലാണ്. കല്ലും, ചെളിയും, ഉരുണ്ട ചരൽകല്ലുകളും കൂട്ടി അവിടം ഉറപ്പിച്ചിരിക്കുന്നു. ഞാൻ ശ്വാസം മുട്ടലോടെ കുറെ നാളുണ്ട് ഇവിടെ നില്ക്കുകയാണ്. കുന്നിൻചരിവിൽ, തഴിഞ്ഞുതഴച്ച അത്തിമരങ്ങൾ തണൽവിരിക്കുന്ന പൊതുനിരത്തിലൂടെ അനേകം ആളുകൾ യാത്രചെയ്യുന്നു. തലയിൽ നനുത്തവസ്ത്രം മൂടിപ്പുതച്ച കന്യകമാരും, അയഞ്ഞ കുപ്പായവും മേലങ്കിയും വലുന്ന താടിയുമുള്ള എഴുപ്പായരും .....എല്ലാവരും തിരക്കിട്ട നടക്കുന്നു. എന്റെ മുന്നിലെത്തി അവർ നില്ക്കും; എഴുത്താണി താഴ്ത്തുമ്പോലെ തറച്ചുനോക്കും. ഹൊ! എന്തൊരു മൂർച്ചയേറിയ നോട്ടമാണത്! ഞാൻ കൂടി വിറച്ചുപോകും. എന്തിനാണ് അവരെന്നെ നോക്കുന്നത്?

"യേശുവിനെ തറച്ച കുരിശ്.....മാ, അക്കാണുന്നതാണ്."

തിലക്കിട്ട നടക്കുന്നതിനിടയിൽ കിഴക്കുംവെച്ച ഒരു താടിക്കാരൻ പറഞ്ഞു. അതുകേട്ട്, അങ്ങോരുടെ ചെങ്ങാതി പൊടുന്നനവെ തിരിഞ്ഞുനിന്നു. എന്നെ നോക്കി; മൂർച്ചയേറിയ നോട്ടം. ഞാൻ കൂടി വിറച്ചുപോകുന്നു. പരിശുദ്ധനായ യേശുവിന്റെ പുണ്യരക്തം, അപ്പോഴും, എന്റെ മാറിലൂടെ ഒഴുകുന്നുണ്ടായിരുന്നു.

"ഏതു്?.....ഇല്ലേ, നട്ടക്ക് കാണുന്നതോ?" ശംഖുപുനിയുടെ സ്വരത്തിൽ സ്നേഹിതൻ ചോദിച്ചു. ആ മനുഷ്യൻ, കൌതുകം കതിരിട്ട കടമിഴികളുമായി എന്റെ നേരെ തിരിഞ്ഞു. യെരുശലേമിലും, നാലുപുറവും ചിതറികിടക്കുന്ന ഗ്രാമങ്ങളിലും ആ വാർത്ത പ്രചരിച്ചിരുന്നു, എന്തിന്? മറിയ എന്നൊരു സ്ത്രീ ഇന്നലെ വൈകുന്നേരം എന്റെ കാലിൽ കെട്ടിപ്പിടിച്ച് എത്ര നേരം കരഞ്ഞു! കരുണ കരുണമായുള്ള ആ നല്ല അമ്മയുടെ കരച്ചിൽ .....ഹൃദയം പൊട്ടി തകരുന്നതുപോലെ; ആറുനൂറായി ചിതറി തെറിച്ചതുപോലെ..... ആ കണ്ണുനീർ ചിറയിൽ പൂതിയ ഉറവകൾ ഉണ്ടായതെങ്ങിനെയോ?

"എന്നാലും കഷ്ടമായിപ്പോയി."

"സംശയമുണ്ടോ?"

"പൂവുപോലത്തെ തിരുവുടൽ... ..എങ്ങനെ ആണിതറയ്ക്കാൻ തോന്നി."

"ആ രാക്ഷസന്മാർ....."

അവർ സംഭാഷണം തുടരുകയാണ്. യേശുവിനെക്കുറിച്ചും അവൻ ചെയ്ത അത്ഭുതശക്തികളെക്കുറിച്ചും എന്തെല്ലാ കഥകളാണ് ഞാൻ കേൾക്കുന്നത്! പുതുമയുള്ള കഥകൾ! അങ്ങാടിയിലേക്ക് പോകുന്ന സ്ത്രീകൾ എന്നെ നോക്കി കരൾപൊട്ടി കരയുന്നു. അത്തരം പല സംഭവങ്ങൾ..... കുരിശുകൾ, ഒക്കത്തു് ഒരു കുട്ടിയെയും ചുമന്ന ഒരു സ്ത്രീ വന്നു. കുന്നിന്റെ താഴ്വരയിൽ, തഴച്ചുനില്ക്കുന്ന മരത്തിന്റെ തണലിൽ, അവർ നിന്നു. വനപുഷ്പംപോലെ നീലിച്ചു വിടർന്ന അവളുടെ നനവോലുന്ന നീലമിഴികളിൽ പളുങ്കുമണികൾ തങ്ങിനിന്നു. ആ കണ്ണുനീർ കണികകൾക്ക് ചൂടുണ്ടായിരുന്നു. അവർ വസ്ത്രാഞ്ചലംകൊണ്ട് കണ്ണുനീർ തുടച്ചു; എന്നിട്ട് കുരുത്തിരിക്കുന്ന കുട്ടിയോടു പറയാൻ തുടങ്ങി: ഗൽഗമം പൂരണ്ട അവരുടെ വാക്കുകൾക്കു നനവും വേദനയും തന്നെ ഉണ്ടായിരുന്നു.

"നോക്കു മോളേ! ആ നടുവിൽ കാണുന്ന കുരിശാ. അതിന്മേലാ യേശുവിനെ തറച്ചുകൊന്നതു്. ആ നല്ല വൈദ്യനെ .....എന്റെ പൊന്നുമോൾക്കു ജീവൻ തിരികെ തന്ന ആ പുണ്യവാനെ.....കാ!"

കാലെ കാലെക്കരഞ്ഞുകൊണ്ട് ആ സ്ത്രീ കടന്നുപോയി. നീലാകാശത്തിനു നേരെ കൈ മലർത്തി ഞാൻ നിന്നു. ഏകാന്തഭീകരമായ കുന്നിൻചരിവിൽ പോക്കുവെയിൽ തിളങ്ങിക്കൊണ്ടു കിടന്നു.

കരു പരീശൻ പിന്നീട് ആ വഴി വന്നു. പരിഹാസം പതഞ്ഞുപൊങ്ങുന്ന അങ്ങോരുടെ പൊട്ടിച്ചിരികൾ ഗ്രാമത്തിന്റെ ശാന്തതയിൽ വീണു മുഴങ്ങി. കുറെ നേരം നോക്കി നിന്നശേഷം, സംതൃപ്തനായതുപോലെ ആ മനുഷ്യൻ പറഞ്ഞു: "കർത്താവേ, കരു മഹാപാപിയെ....." ആ പരീശൻ ആകാശത്തിന്റെ അവ്യക്തമായ അനന്തതയിലേക്കു നോക്കി. കണ്ണുകൾ ക്രമ്പി, കൈകൾ കൂപ്പി, ആ മനുഷ്യൻ ദൈവത്തിനു പ്രാർത്ഥന ചൊല്ലി. കരു മതവിദ്വേഷിയെ കുരിശിൽ തറച്ചതിൽ ആ പരീശൻ ആനന്ദിക്കുന്നുണ്ടാകണം.

നിമിഷങ്ങൾ കടന്നുപോകുകയാണ്. എന്റെ ഇടതും വലതുമായി കാരേ മരക്കുരിശുകൾ മിഴിച്ചുനില്ക്കുന്നു. അവരെ നോക്കി ആരുകൾ മുന്നും പറയുകയില്ല. പറയാനുള്ള പ്രതീക്ഷകൾ അവക്കില്ല. അവരുടെ മാറത്തു തലചായ്ച്ചു മരിച്ചവർ കള്ളന്മാരായിരുന്നുപോലും! ഇരുണ്ട കണ്ണുകളും, കറുത്ത അധരങ്ങളും, ജടച്ചിന്നിയ തലമുടിയുമുള്ള കള്ളന്മാർ.....ആ കൊലപാതകികളെ ഞാൻ അറപ്പോടെ നോക്കി. അവർ വേദനയോടെ പിടച്ചു. ഹൃദയം നുറുങ്ങി കരഞ്ഞു. ലോകത്തിലുള്ള സകലതിനെയും ശപിച്ചു. ആ കൊള്ളക്കാർ വെളിച്ചത്തെ ഭയപ്പെടുകയാണോ?

"ഹാ! അമ്മേ, ഈ വേദന.....നശിച്ച....."

"സഹിക്കാൻ കഴിയുന്നില്ലേ!"

"എല്ലാം ഈ മോഹം മൂലമാണ്—"

ജടച്ചിന്നിയ തലമുടിയും, കറുത്ത അധരങ്ങളും, ഉരുണ്ട വട്ടക്കണ്ണുകളുമുള്ള കരു ക്രൂരനായ കൊള്ളക്കാരൻ യേശുവിനെ നോക്കി. കണ്ണുകളിൽ തീപ്പൊരി ചിതറുകയാണ്. അടങ്ങാത്ത വിദ്വേഷമാണ് അവന്റെ വട്ടക്കണ്ണുകളിൽ. എന്റെ മാറിൽ തലചാരി, വെയിലേറ്റു ചാഞ്ഞ താമരവദനം പോലെ കന്യാനന്ദനൻ കിടന്നു. ആ പൂവൽമെയ്യിൽനിന്ന് രക്തകണങ്ങൾ ഇറ്റിറ്റു വീണു. ചുട്ടുള്ള രക്തബിന്ദുക്കൾ ഇറ്റിറ്റു വീണ് എന്റെ മാറത്തടം ഈറനായി. ചെത്തിപ്പൂമലർ ചാർത്തിയതുപോലെ ഞാൻ ചെമപ്പിൽ മുങ്ങി, വിറങ്ങലിച്ചും വിയർത്തും നിന്നു.

മായാത്ത മന്ദഹാസത്തിന്റെ പാൽപുഞ്ചിരി എന്റെ മാറിൽ; കണ്ണുനീരിന്റെയും കണ്ണീരിന്റെയും വേലിയേറ്റം ഇരുപുറവും. ശാപഗ്രസ്തമായ കുറെ കറുത്ത വാക്കുകൾ കൊള്ളക്കാരനിൽനിന്നു പൊഴിഞ്ഞുവീണു. എന്നിട്ടും, എവ്വ അത്ഭുതമാണ്! യേശു മന്ദഹാസവും വേദനയും ഇഴകിച്ചേരുന്നൊരു ഭാവത്തോടെ എന്റെ മാറിൽ തലചാരി നിന്നു.

ആ രംഗം—ഞാൻ മാത്രുപോകയാണ്. മറക്കാൻ എത്ര ശ്രമിച്ചിട്ടും എന്റെ ഹൃദയത്തിൽ ആ ചിത്രം നിറക്കൊഴുപ്പോടെ തെളിഞ്ഞുവരുന്നു. കണ്ണുനീർ തുള്ളികൾ എന്റെ ആത്മാവിൽ പൊഴിയാതെ നില്ക്കുന്നു. എനിക്കു പറയാൻ കഴിയുമായിരുന്നുവെങ്കിൽ, ചക്രവാളത്തിൽനിന്നു ചക്രവാളംവരെ നിറഞ്ഞു തുളുമ്പുമാറ് ആ മാരുണരംഗത്തിന്റെ ശോകാത്മകമായ കഥ ഞാൻ പറയുമായിരുന്നു! ലോകരെ മുഴുവൻ ആ കഥ വിളിച്ചറിയിക്കുമായിരുന്നു! അത്രമേൽ ഭയാനകമായിരുന്നു ആ സംഭവം. ക്രൂരം ചെയ്യാത്തൊരു പുണ്യപുരുഷനെ എന്റെ ശരീരത്തിൽ ചേത്തു തറയ്ക്കുക. ഒന്നാലോചിച്ചു നോക്കൂ, ഹൃദയം കൈവശമുണ്ടെന്നു കരുതുന്ന മനുഷ്യൻ മാത്രമല്ലേ ആ ഹീനകൃത്യം ചെയ്യുകയുള്ളൂ.

വീണ്ടും ആ മാരുണരംഗത്തിന്റെ ഓർമ്മ!

കരു നേത്ത നിശ്വാസംപോലെ, അന്തിയുടെ ശാന്തതയിൽ നിന്ന് കുഞ്ഞിക്കാറ്റു പതുക്കെ ഊതുകയാണ്. ചോരത്തുള്ളികൾ പറ്റിക്കിടക്കുന്ന എന്റെ മാറിടത്തിന് കുളിർമ

തോന്നുന്നു. ആ കുടുംബയോടൊപ്പം നൊമ്പരവുമുണ്ട്. ഇതെന്തു മാതിരിയാണ്. കണ്ണുനീരും ചിരിയും കണ്ടിച്ചു തോന്നുക—പക്ഷെ, എനിക്കു ചിരിയെ കരുണകരുണമായ കരച്ചിലിൽനിന്നു വേർതിരിക്കാൻ കഴിയുന്നേയില്ല.

ആ രംഗം!

കുന്നിന്റെ തലപ്പിൽ, വഴുക്കുറ്റ സ്ഥലത്തു്, ഞാൻ തച്ചുതഴച്ചു വളരുകയായിരുന്നു. കാരേ ദിവസവും പച്ചയും തൊടിയും പുത്തൻകൂമ്പുകളും നാമ്പുകളും എനിക്കുണ്ടായിനിറയെ പൂത്തു മറിഞ്ഞ ഒരു മുന്തിരിവള്ളി എന്നെ ചുറ്റിപ്പിടിച്ചു കയറുകയാണ്. മുന്തിരിക്കുലകൾ താഴേക്കു ഞാന്നു് വീണു കുഞ്ഞിക്കാറിൽ ആടിക്കൊണ്ടിരുന്നു. മഞ്ഞക്കിളികൾ ചിലപ്പോൾ ആ വള്ളിക്കൂടുകളിൽ വന്നിരുന്നു മധുരമധുരമായി പാടാറുണ്ട്. സംഗീതവും സൌരഭ്യവും കുഴകിച്ചേന്നൊരു ലോകം. മലമക്കരം ഉതിക്കുന്ന സംഗീതം, ചിലപ്പോൾ, ചിലനൂന്ന കിളികളുടെ പാട്ടിനെക്കാളും വ്യക്തമാണ്. ഞാൻ മനോന്മത്തതയോടെ പുതിയ തളിരുകൾ നീട്ടാൻ തുടങ്ങി. ചില്ലുകൾ പൂവിട്ടു; പൂമണം കലർന്ന കാറ്റു വീശാൻ തുടങ്ങിച്ചു. പക്ഷെ, കാറ്റിൽ വേദന കലർന്നതുപോലെ.....

ഒരു പ്രഭാതത്തിൽ നാലഞ്ചു് ആളുകൾ എന്റെ അരികിലെത്തി. ഞാൻ ഇലകൾ ഉയർത്തി അവക്കു മംഗളം നേർന്നു. അവരെന്തിനാണ്, കൈകളിൽ മഴുവും, വാക്കത്തിയും വഹിച്ചിരിക്കുന്നതു്? ഓ, അവരുടെ കണ്ണുകളിലെ രൌദ്രഭാവം.....എന്തിനാണ്, എന്തിനാണു അവരെന്നെ സമീപിക്കുന്നതു്? ഞാൻ ഉൽക്കിതപ്പോടുകൂടെ ഇലകൾ വിതുമ്പു ശ്രദ്ധിച്ചു. അവർ അന്യോന്യം പറയുന്നു.

"ഈ മരം കൊള്ളാം. കാതൽ നല്ലോണം മൂറ്റിയതാണ്."

"വെട്ടി അരുത്താൽ ഒരു കുരിശിനു് തികയും."

"അവനു് സുഖമായിട്ടു കിടന്നു ചാകാം."

"ആശാരിക്കിടാത്തനു് സുഖം. ഛേ....."

അവക്കാമിഭിതമായ ഭാവവും സംസാരവും. ഞാൻ ഞെട്ടിവിറച്ചു. എന്റെ കടയ്ക്കൽ, പച്ചച്ച പ്രാണനിൽ, കത്തിവെയ്ക്കാൻ പോകുകയാണ്. തെളുതെളെ മിന്നിപ്രകാശിക്കുന്ന വായ്ത്തലയുള്ള കത്തിയും, മൂർച്ചയേറിയ മഴുവും, രോമാവൃതമായ അവരുടെ കരുത്തുള്ള കൈത്തണ്ടയും..... അവരുടെ പ്രതികാരം ആളിക്കത്തുകയാണ്. അസ്ഥിമായ മതവിശ്വാസവും ആഭിജാത്യവും അവരിൽ നീറിപ്പുകയുന്നു. ഈയ്യിടെ യെരുശലേമിൽ ചില പുത്തൻപരിശ്രമങ്ങൾ—മശിഹായെ മരക്കുരിശിൽ തറയ്ക്കുന്നുള്ള നിഗ്രഹശ്രമങ്ങൾ നടന്നു വരുന്നു. യെരുശലേം നഗരത്തിലെ തലയെടുപ്പുള്ള ദേവാലയത്തിൽ സേച്ഛയാ വിഹരിച്ചശേഷം കുന്നിൻപുറങ്ങളിലേക്കു വരുന്ന കുഞ്ഞിക്കാറു് ആ വിവരം പറയും. അന്നൊന്നും ഞാനതു വിശ്വസിച്ചില്ല. വെയിലിനു തീയ് പിടിക്കുന്ന നേരത്തു് എന്റെ പച്ചത്തഴപ്പുകളിൽ ഒളിഞ്ഞിരിക്കാൻ ശ്രമിക്കുന്ന കുഞ്ഞിക്കാറു് കുത്തിരി കുത്തിരി കഥകൾ പറയും. കരിക്കൽ കാറു പറഞ്ഞ കഥ ഇതാണ്.

മഹാപുരോഹിതൻ വിരിച്ചൊരുക്കിയ മേശയുടെ അരികിൽ; നാലുപുറവും ജനത്തിന്റെ മുഷ്പനാരും പരീശന്മാരും. വളർന്നിറങ്ങിയ താടിയിൽ കൈകൊണ്ടു തിരുപ്പിടിപ്പിച്ചു മഹാപുരോഹിതൻ ഇരുന്നു. ആ കണ്ണുകളിൽ വീഞ്ഞിന്റെ വീര്യവും, മദ്യത്തിന്റെ മാരകതപവും കലർന്നു കിടന്നു. ഉല്ലംഘനമായ വേദനയും, കെട്ടടങ്ങാത്ത പ്രതികാരവാഞ്ഛയും മഹാപുരോഹിതന്റെ മുഖത്തു കളിയാടുന്നുണ്ടായിരുന്നു.

"ഇനി ഇതു സഹിച്ചുകൂടാ. അവൻ ജനങ്ങളെ വഴിതെറ്റിക്കുന്നു. ആളുകൾ—സ്ത്രീയും, പുരുഷനും, കുട്ടികൾപോലും അവന്റെ പുറകെ പോകുന്നു. സഹിച്ചുകൂടാ, ഇനി ഇതു തുടർന്നാൽ....."

മഹാപുരോഹിതൻ വികാരവേഗത്തോടെ തുടർന്നു.

".....ഒരൊറ്റ കുഞ്ഞുപോലും നമ്മുടെ പിന്നിൽ ഉണ്ടാവുകയില്ല. അവൻ പറയുന്നതു കേട്ടില്ലേ? നമ്മൾ, ജീവനുള്ള യഹോവയുടെ പുരോഹിതന്മാർ വെറും ശവക്കല്ലറകൾ ആകുന്നുപോലും! എന്തൊരു ചംക്രാന്തം....."

അരിശം പതഞ്ഞു പതഞ്ഞു പൊങ്ങുകയാണ്. ഏറ്റവും കട്ടവിൽ, മേശമേൽ കൈയടിച്ചുകൊണ്ടു നരച്ച ഒരു പരീശൻ എഴുന്നേറ്റു.

"ഒന്നേയുള്ളൂ ഇനി മാർഗ്ഗം. അവനെ പിടിക്കുക; കുരിശിലേക്കു തറയ്ക്കുക—അതുതന്നെ."

മഹാപുരോഹിതന്റെ മൂർച്ചയുള്ള നോട്ടം ഓരോ മനുഷ്യന്റെ മേലും തറച്ചു. സമ്മതം ചോദിക്കുന്ന ഭാവത്തിൽ: എല്ലാ തലകളും കുമ്പിട്ടു താണു. തലച്ചോറിലൂടെ, വേദനിക്കുന്ന ഓരോർമ്മ, തേരട്ടയെപ്പോലെ അരിച്ചരിച്ചു നീങ്ങുകയാണ്.

"ശരിയാണ്." എല്ലാവരും മന്ത്രിച്ചു പറഞ്ഞു: "അതൊന്നേയുള്ളൂ മാർഗ്ഗം. അവനെ പിടിക്കണം; കുരിശിൽ തറച്ചു കൊല്ലണം. അവൻ പിടഞ്ഞു പിടഞ്ഞു മരിക്കുന്നതു നോക്കി നമുക്കു ആനന്ദിക്കണം. ഉറക്കെ, വളരെ ഉറക്കെ പൊട്ടിച്ചിരിക്കണം. നമ്മുടെ പൊട്ടിച്ചിരികൾ അന്തരീക്ഷത്തിൽ മാറ്റൊലിക്കൊള്ളണം."

വിദൂരഭാവിയിൽ മലയുടെ തലപ്പിൽ ഒരു മരക്കുരിശ് ഉയരുന്നതും, അതിന്മേൽ വേദനയോടെ യേശു മുങ്ങിനിവ്വുന്നതും അവർ ഭാവനയിൽ കണ്ടു; ആനന്ദിക്കുകയും ചെയ്തു. മഹാപുരോഹിതൻ അക്ഷമയോടെ മുറിയിൽ ഒരു നാലുചാല നടന്നു. പൊടുന്നനവെ നിന്ന്, പറയാൻ തുടങ്ങി!

"ഈ ജനങ്ങൾക്കു ഭ്രാന്താണ്. യെരുശലേമിൽ ഭ്രാന്തന്മാർ നിറഞ്ഞിരിക്കുന്നു. അല്ലെങ്കിൽ, അവരിതു ചെയ്യുമോ? എവിടെനിന്നോ ഒരു കിഴട്ടുകഴുതയെ പിടിച്ചു്, ഒരു തുണി അതിന്മേലിട്ട് അവൻ എഴുന്നള്ളിപോലും! അവന്റെ എഴുന്നള്ളത്ത്! ഭ്രാന്തുപിടിച്ച മനുഷ്യർ അവനും അവന്റെ മുടന്തൻ കഴുതയ്ക്കും കാലുനോവാതെ നടക്കാൻ വഴിയിൽ പട്ടുവിരിച്ചുകൊടുത്തു. മരച്ചില്ലികൾ ഉയർത്തി അവർ 'ഹോശന്നാ' വിളിച്ചു. അവരുടെ ജയവിളികൾക്ക് അർത്ഥമുണ്ടാകാൻ പോകയാണ്; അവരുടെ രാജാവിനു നമ്മൾ ഒരു കിരീടം ചാർത്താൻ പോകുന്നു....."

കുഞ്ഞിക്കാറ്റ് ആ കഥ പറയുമ്പോൾ ഞാൻ തലകുലുക്കി. ആ രംഗം ഞാൻ കാണുന്നു നോക്കി. എന്തൊരു തിക്കും തിരക്കും ഇരമ്പലുമായിരുന്നുവെന്നോ! ചിത്രശലഭങ്ങൾപോലെ തുള്ളിക്കളിക്കുന്ന കിടാങ്ങൾ; കരുത്തോലയും തഴുത്ത അത്തിക്കൊമ്പുകളും കൈകളിൽ ഉയർത്തിയ പുരുഷന്മാർ; ആറാങ്കിളിയുടെ സ്വരമാധുര്യത്തോടെ ഹോശന്നാ വിളിക്കുന്ന സ്ത്രീകൾ! ചക്രവാളം അവരുടെ ഉത്സാഹത്തിലും ഉറക്കെയുള്ള വിളികളിലും ഞെട്ടിവിറച്ചു.

"ഹോശന്നാ! മാവീടപുത്രന് ഹോശന്നാ....."

"വാഴ്ത്തപ്പെട്ടവൻ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ..."

"രാജാധി രാജന് ഹോശന്നാ."

പൂത്ത താഴ്വരപോലെ പുരുഷാരം കടന്നുപോകുന്നതു നോക്കി ഞാൻ നിന്നു. അതുകൊണ്ടു രോമാഞ്ചംകൊണ്ടുപോയി! അന്നാണ് ഞാൻ യേശുവിനെ നേരിൽ കണ്ടതു്. മുൻപു പലപ്പോഴും തണൽതേടി പൊരിവെയിലിൽനിന്ന് വന്നുചേരാറുള്ള കുഞ്ഞിക്കാറ്റ് എന്നോടു പറഞ്ഞിട്ടുണ്ട്. എന്തു തേജസ്സാണ് യേശുവിന്! ഉടുത്ത പുലരിക്കുപ്പായത്തിൽകൽക്ക് അതുശോഭ കാണുകയില്ല. സൌമ്യനായി കഴുതപ്പുറത്തു കയറി യേശു എഴുന്നുവരുന്നു. ജനങ്ങൾ അവരുടെ രാജാവിന്റെ തിരുമുമ്പിൽ വണങ്ങിനിന്നു; വഴിനീളെ പട്ടുകമ്പളങ്ങൾ നിരത്തിയിട്ടു.

"ഹോശന്നാ!" (തുടരും)

(250-ാം പേജിൽനിന്നും തുടർച്ച)

വൈകുന്നേരം മുതൽ 30ന- ശനിയാഴ്ച ഉച്ചവരെ നടത്തപ്പെടുന്നതാണ്. ഇതിൽ സംബന്ധിക്കുണമെന്നു ആഗ്രഹമുള്ളവർ യുവജന സെക്രട്ടറി ശ്രീ പോത്താഫിലിപ്പിനെ (ഡയോസിസൻ ആഫീസ്, കോട്ടയം) ഉടനെ വിവരം അറിയിക്കേണ്ടതാണ്.

ഒരു ചരമം. 55 വർഷക്കാലം കോട്ടയം സി. എം. എസ്സ് പ്രസ്സിൽ വിശ്വസ്തസേവനം ചെയ്തതിന്റെ ശേഷം വേലയിൽ നിന്ന് വിരമിച്ചു ഒരുശ്ശയിൽ സ്വഭവനത്തിൽ താമസിച്ചിരുന്ന വട്ടക്കാട്ടിൽ മി. അബ്രഹാം വാർദ്ധക്യസഹജമായ രോഗം നിമിത്തം 76-ാമത്തെ വയസ്സിൽ 1958 ജൂലായി 20ന- നിത്യതനായ വിവരം വ്യസനപൂർവ്വം രേഖപ്പെടുത്തുന്നു. ശവസംസ്കാരം ജൂലായി 21ന- ഉച്ചകഴിഞ്ഞു ഒരുശ്ശ സി. എസ്സ്. ഐ. സെമിറ്റേറിയിൽ ഇടവകവികാരി റവ. കെ. ഒ. ഫിലിപ്പ് അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. പരേതനോടുള്ള ബഹുമാനസൂചകമായി ജൂലായി 21ന- ഉച്ചകഴിഞ്ഞ് പ്രസ്സിന് അവധികൊടുക്കുകയും പ്രസ്സ് മാനേജരും മറ്റെല്ലാ പ്രവർത്തകരും സംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുകയും ചെയ്തു.

സി. എസ്സ്. ഐ. ബിഷോപ്പന്മാരുടെ കോൺഫ്രൻസ്. ആഗസ്റ്റ് 5ന- (പുതിയ ബിഷോപ്പിന്റെ സ്ഥാനാഭിഷേക ശുശ്രൂഷാദിനത്തിന്റെ തലേദിവസം) സി. എസ്സ്. ഐ. മഹാ ഇടവകകളുടെ ബിഷോപ്പുതിരുമേനിമാരുടെ ഒരു കോൺഫ്രൻസു കോട്ടയത്തു വെച്ചു നടത്തപ്പെടുന്നതാകുന്നു. അന്നേദിവസം വൈകുന്നേരം കോട്ടയം ടൗൺ സനഷ്ടിയിൽ വെച്ചു നടത്തപ്പെടുന്ന ഒരു ശുശ്രൂഷാമദ്ധ്യേ മദ്രാസ് ബിഷോപ്പ് റൈറ്റ്. റവ. ഡേവിഡ് ചെല്ലപ്പാതിരുമേനിയുടെ ഒരു പ്രസംഗവും ഉണ്ടായിരിക്കുന്നതാണ്.

ഇടവകപ്പട്ടക്കാരുടെയും സഭാപ്രവർത്തകരുടേയും ശ്രദ്ധയ്ക്ക്. പുതിയ ബിഷോപ്പിന്റെ സ്ഥാനാഭിഷേകത്തിനു ശേഷം താമസംവിനാ, എല്ലാ ഇടവകപ്പട്ടക്കാരും സഭാപ്രവർത്തകരും അവരവരുടെ ഇടവകകളിൽ കഴിഞ്ഞ ഒരു വർഷത്തിലധികമായി നടത്താതെ മുടങ്ങിക്കിടക്കുന്ന സ്ഥിരീകരണ ശുശ്രൂഷകളുടെ കാര്യം ക്രമപ്പെടുത്തി അറിയിക്കുന്നതു നന്നായിരിക്കും.

കമ്മിസറിയുടെ കത്തില്ലാത്തതെന്തുകൊണ്ട്? ഈ ലക്കം മാസികയിൽ കമ്മിസറിയുടെ കത്തില്ലാത്തതെന്തുകൊണ്ട് എന്നൊരു ചോദ്യം മാന്യ വരിക്കാരുടെ മനസ്സിൽ ഉദിക്കുന്നതു സ്വാഭാവികമാണ്. അതിന്റെ കാരണം വിശദീകരിക്കട്ടെ. ജൂലൈ മാസികയിൽ ചേർത്തിരിക്കുന്ന കത്തിന്റെ അവസാനത്തിൽ കാണുന്ന കൃതജ്ഞതാപ്രകടന വാക്കുകൾ നോക്കിയാൽ ഇനിയും കത്തെഴുതുന്നില്ല എന്ന അദ്ദേഹം തീരുമാനിച്ചു വിരമിക്കുന്ന ഒരു പ്രതീതിയാണു കാണുന്നതു. പുതിയ ബിഷോപ്പിന്റെ സ്ഥാനാഭിഷേകം ആഗസ്റ്റ് ആരംഭത്തിൽ തന്നെ നടക്കുന്നതുകൊണ്ടായിരിക്കാം ഇങ്ങനെ തീരുമാനിച്ചതെന്നു തോന്നുന്നു. നിയുക്തബിഷോപ്പ് ഒരു കത്തെഴുതട്ടെ എന്നും ചിന്തിച്ചിരിക്കാം. സ്ഥാനാഭിഷേകവും സ്ഥാനാരോഹണവും കഴിയുന്നതിനു മുൻപ് ഒരു കത്തു എഴുതുന്നതു ചേർച്ചയല്ല എന്നാണ് നിയുക്തബിഷോപ്പ് ചിന്തിക്കുന്നതു.

മാസികയുടെ വാർഷിക വരിസംഖ്യ :—1 രൂ. 75. നാല്. മുൻകൂർ.

സണ്ടെസ്കൂൾ കത്ത്

പ്രിയ സ്നേഹിതരേ,

ഈ എഴുത്തിൽ മൂന്നു കാര്യങ്ങളെപ്പറ്റി പറയണമെന്നു ആഗ്രഹിക്കുന്നു. ഒന്നാമതായി പാട്ടുപുസ്തകം, സണ്ടെസ്ക്കൂൾ ആരാധനയിൽ ഉപയോഗിക്കുന്നതിനായി സ്വർണ്ണമണികൾ എന്ന പാട്ടുപുസ്തകം മൻകാലത്തു ഉണ്ടായിരുന്നു. പിന്നീടു അതിന്റെ പേരു "ആരാധനാകീർത്തനം" എന്നു മാറി. എന്നാൽ ഇപ്പോൾ ഒരു പുതിയ പതിപ്പു പഴയപേരോടുകൂടെത്തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വില 6അണ തന്നെയാണ്. ഒടുവിലത്തെ ഭാഗത്തു നല്ല ഒരു ആരാധനാക്രമവും ചേർത്തിട്ടുണ്ട്. പുതിയ പതിപ്പിൽ ചില പുതിയ പാട്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ എല്ലാ സണ്ടെസ്ക്കൂളുകളിലും ഈ പുസ്തകത്തിലെ പാട്ടുകൾ ഉപയോഗിക്കണമെന്നു അഭ്യർത്ഥിക്കുന്നു. പ്രതികൾ ഡയോസിസൻ ബുക്ക് ഡിപ്പോയിൽനിന്ന് ലഭിക്കുന്നതാണ്.

രണ്ടാമതു നടിക്കുട പാപ്പൽ പണി. കഴിഞ്ഞ രണ്ടുകൊല്ലത്തെ ശ്രമഫലമായി ആയിരം രൂപാ അതിനുവേണ്ടി ലഭിച്ചിട്ടുണ്ട്. ഇനിയും ബാക്കിയുള്ള ആയിരം രൂപാ ഈയാണ്ടിൽ തന്നെ ഉണ്ടായേ മതിയാവു. എന്തെന്നാൽ പണം മുഴുവൻ ശേഖരിക്കുന്നതിനു മുമ്പായി പണി തുടങ്ങേണ്ട ഒരു ചുറ്റുപാടിൽ നാം എത്തിപ്പോയി. പള്ളിപണിക്കു സൌജന്യമായി പത്തു സെൻറു സ്ഥലം നമുക്കു ഗവൺമെൻറിൽനിന്നും ലഭിച്ചതു ഒരു വർഷത്തിനകം അവിടെ കെട്ടിടംവെച്ചുകൊള്ളാം എന്ന വ്യവസ്ഥയിലാണ്. ഇതിനിടയിൽ അക്കൈസുവർ ആയ ചിലർ ആ സ്ഥലംതന്നെ അവർക്കു വീടുകൾ വെക്കുന്നതിനു ആവശ്യപ്പെട്ടുകൊണ്ടു അപേക്ഷകൾ അയച്ചു. അതുകൊണ്ടു പള്ളിപണി തുടങ്ങാതിരുന്നാൽ സ്ഥലംകൂടെ നഷ്ടപ്പെട്ടുമെന്ന നിലയിലായി പണിതുടങ്ങുകയും ചെയ്തു. പണം ഉണ്ടാക്കുന്നതിനു വേറൊരു മാർഗ്ഗംകൂടെ പറയട്ടെ. സണ്ടെസ്ക്കൂളിൽ പഠിക്കുന്ന കുട്ടികളെ പല ഗ്രൂപ്പുകളായി തിരിച്ചു സഭയിലുള്ള എല്ലാ ഭവനങ്ങളും സന്ദർശിച്ചു ചെറിയ സംഭാവനകൾ വാങ്ങിക്കുന്നതിനായി ഏർപ്പാടു ചെയ്യുക. അങ്ങനെ പലതുള്ളി പെരുവെള്ളമാകും. നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾ ഇക്കാര്യവും പറഞ്ഞു നമ്മുടെ ഭവനങ്ങളിൽ ചെന്നാൽ നിശ്ചയമായും ആരും തള്ളികളയുകയില്ല. ഇതുവരെയും ഇക്കാര്യത്തിൽ ചെറുവിരൽപോലും അനക്കാത്ത പല സണ്ടെസ്ക്കൂളുകൾ ഉണ്ട്. അവരും മറെറല്ലാവരും വേണ്ടപോലെ താല്പര്യപ്പെട്ടു എത്രയും വേഗത്തിൽ ആവശ്യമുള്ള തുക ഉണ്ടാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

മൂന്നാമതായി അനുകരണീയമായി ഒരു മാതൃക, ഈ മാസത്തിൽ ഒരു സ്നേഹിതൻ തന്റെ ഒരു മകന്റെ പിറന്നാൾ സ്തോത്രമായി ഒരു ചെറിയ തുക സണ്ടെസ്ക്കൂൾ പ്രവർത്തനത്തിനു സഹായമായി അയച്ചുതന്നു. തങ്ങളുടെ കുഞ്ഞുങ്ങളുടെ പിറന്നാൾ വരുമ്പോൾ മറെറാരു കുഞ്ഞുങ്ങളെയും ഓർത്തു അവരുടെ ആത്മിക അഭിവൃദ്ധിയെ ഉദ്ദേശിച്ചു ഇപ്രകാരം സംഭാവനകൾ നൽകുന്നതു ചേർച്ചയായ കാര്യമല്ലേ. തങ്ങളുടെ പള്ളിയിൽ കൊടുക്കാനുള്ള സ്തോത്രം എടുത്തു ഇക്കാര്യത്തിനു കൊടുക്കണമെന്നല്ല പറയുന്നതു. അതിനും പുറമെ നിവൃത്തിയുള്ള ആളുകൾ ഇപ്രകാരം ചെയ്യുന്നതു നന്നായിരിക്കും എന്നു തോന്നുന്നു.

പള്ളം
17-7-1958.

റവ. സി. ഗറി. മാത്യു,
സണ്ടെസ്ക്കൂൾ ജനറൽ സെക്രട്ടറി.

പ്രതിദിന വേദവായനക്കുറിപ്പുകൾ—ആഗസ്റ്റ് 1958

7നു. (വ്യാ.) മത്താ. 13. 31—43. കടുകുമണിയുടെ ഉപമയും പുളിച്ചുമാവിന്റെ ഉപമയും വയലിലെ കളകളുടെ ഉപമയുടെ അർത്ഥവും. ഇവ മൂന്നോന്നും ദൈവരാജ്യത്തിന്റെ മൂന്നു പ്രത്യേകതകളെ കുറിക്കുന്നു. (1) ദൈവരാജ്യത്തിന്റെ വളർച്ച (31, 32 വാ). ചെറിയ കടുകുമണി പറവകൾക്ക് അഭയസ്ഥാനം നല്കുവാൻ ശക്തമായ ഒരു വലിയ സസ്യമായി വളരുന്നതുപോലെ ദൈവരാജ്യവർദ്ധനവിനായി നാം ചെയ്യുന്ന ചെറിയ ശ്രമത്തെപ്പോലും വിപുലപ്പെടുത്തി ഉപയോഗിപ്പാൻ ദൈവത്തിനു കഴിയും. നാം നല്കുന്ന ഒരു സുവിശേഷലഘുലേഖ ഒരാളെയും, അയാളിൽക്കൂടി ഒരു ഭവനത്തെയും, ഒരു ദേശത്തെത്തന്നെയും ദൈവവകയ്ക്കായി നേടി എന്നു വരാം. (2) ദൈവരാജ്യത്തിന്റെ സ്വാധീനശക്തി (33, 34 വാ). അല്പം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ ദൈവരാജ്യത്തിന്റെ കാമ്പ് (nucleus) ആയിരിക്കുന്ന സഭ അതിന്റെ സ്വാധീനം സമൂഹത്തിന്റെ എല്ലാ തുറകളിലും വ്യാപിപ്പിക്കേണ്ടതാണ്. (3) ദൈവരാജ്യത്തിന്റെ വ്യാപ്തി (37 വാ). വയൽ ലോകം. മുഴുലോകവും ദൈവഭരണത്തിന്റെ പരിധിക്കുള്ളിലാണെന്നു ദൈവം പറയുന്നു. ഈ അർത്ഥത്തിലാണ് എല്ലാ മനുഷ്യരും സഭയുടെ അംഗങ്ങളാണ്. (Potential members of the Church) എന്നു പറയുന്നത്. സുവിശേഷപരമായ കാഴ്ചയിൽ ഈ വിശ്വവീക്ഷണം ദൈവജനത്തിനു ഉണ്ടാകേണ്ടതാണ്.

8നു. (വെ.) മത്താ. 13. 44—58 (1) കുഴിച്ചുവെച്ച നിധിയും വിലയേറിയ മുത്തും. ആദ്യത്തെ ഉപമയിൽ ദൈവരാജ്യം യാദൃശ്ചികമായി കണ്ടെത്തുന്ന ഒരുവനേയും, രണ്ടാമത്തേതിൽ അതു അന്വേഷിച്ചു നടക്കുന്ന ഒരുവനേയും കാണുന്നു. (a) ദൈവരാജ്യത്തിന്റെ അമൂല്യവില—(b) അതു നേടുന്നതിനു വേണ്ട ത്യാഗം—ഇവയെ ഈ ഉപമകൾ കാട്ടിക്കുന്നു. ക്രിസ്തു നിനക്കു സകലത്തേക്കാളും വിലയേറിയവനായിരിക്കുന്നുവോ? സങ്കീ. 2. 4. ദൈവരാജ്യത്തിനുവേണ്ടി ഒരു നിസ്സാരനായിത്തീരാൻ നീ ഒരുക്കമോ? ഫിലി. 3. 7. (2) വലയുടെ ഉപമ (47—50). രാജ്യം സ്ഥാപിക്കപ്പെടുമ്പോൾ അതിന്റെ ഗുണം കേട്ടു സ്വീകരിച്ചവരെല്ലാവരും അതിൽ പ്രവേശിപ്പാൻ യോഗ്യരായി കാണപ്പെടുകയില്ല. നല്ലതും ചീത്തയും തമ്മിൽ വേർതിരിക്കപ്പെടുന്ന സന്ദർഭത്തിൽ നിന്റെ അവസ്ഥ എന്ത്? മത്താ. 25. 32.

9നു. (ശ.) മത്താ. 14. 1—12. പ്രവാചകനോട് ആദരവു ഉണ്ടായിരുന്നിട്ടും വേശ്യയോടുള്ള പരുഷമാനം നിമിത്തം ദുർബലമാക്കപ്പെട്ട ധാർമ്മിക ബോധത്തിന്റെ ദയനീയ ചിത്രമാണു ഹേരോദാവു. പാപം എല്ലാം ഭയങ്കരം തന്നെ, എന്നാൽ മനസ്സാക്ഷിയുടെ ഉപദേശത്തെ മറുത്തു പ്രവർത്തിക്കുന്നതു അക്ഷന്തവ്യമാണ്. (മർക്കൊ. 3—29) ഹേരോദാവിനു തന്റെ തെറ്റുകൾ തിരുത്തുവാൻ അവസരം കിട്ടിയിരുന്നു (മർക്കൊ. 6. 18). അവൻ അതു ഉപയോഗപ്പെടുത്തിയില്ല. ഇതിന്റെ ഫലമായി കർത്താവിനെ മുഖാമുഖം കാണാൻ ഇടയായിട്ടും അവന്റെ ആഗ്രഹം സാധിച്ചില്ല. (ലൂക്കൊ. 23. 18) നമുക്കു ലഭിക്കുന്ന അവസരങ്ങൾ നാം ഉപയോഗപ്പെടുത്തുന്നവരോ?

10നു. (ഞാ.) മത്താ. 14. 13—21. പുരുഷാരത്തിന്റെ ആഹാരപ്രശ്നത്തെക്കുറിച്ചു ശിഷ്യന്മാർക്കു ബോധമുണ്ടായി. (15 വാ) നല്ലതുതന്നെ. എന്നാൽ മറ്റുള്ളവർ (ഗ്രാമങ്ങളിലുള്ളവർ) ആ ഭാരം വഹിക്കട്ടെ എന്നായിരുന്നു അവരുടെ ചിന്താഗതി (15 വാ). കർത്താവു പറയുന്നതു നിങ്ങൾതന്നെ ആ ചുമതല ഏറ്റെടുക്കണം എന്നത്രെ. (16 വാ) സേവനപരമായ കാഴ്ചകൾ, പലപ്പോഴും മറ്റുള്ളവരെക്കൊണ്ടു ചെയ്യിപ്പിക്കുന്നതിനല്ലേ നാം ഉത്സാഹിക്കാറുള്ളൂ. തങ്ങളുടെ നിസ്സാരത്വവും കർത്താവിന്റെ കഴിവിനെപ്പറ്റിയുള്ള ബോധമില്ലായ്മയുമാണ് ശിഷ്യന്മാർക്കു നേരിട്ട തടസ്സങ്ങൾ (17 വാ) നമ്മുടെ നിസ്സാരമായ കഴിവുകൾപോലും കർത്താവിനായി പ്രതിഷ്ഠിക്കപ്പെടുമ്പോൾ അവൻ അതു എത്ര ഉപയോഗിക്കും.

11നു. (തി.) മത്താ. 14. 22—36. വിശ്വാസജീവിതത്തിൽ മാത്രമേ കേണ്ടു ചില സത്യങ്ങൾ. (1) യേശുവിന്റെ നിർബന്ധമനുസരിച്ചാണ് ശിഷ്യന്മാർ അക്കരയ്ക്കു പോകുന്നതു്. (22 വാ) എന്നാൽ പടകു് കര വിട്ടു ദൂരത്തായപ്പോൾ കാറ്റു പ്രതികൂലമായിത്തീരുന്നു. (24 വാ) ദൈവത്തിൽനിന്നുള്ള വ്യക്തമായ വിളി കേട്ടതിന്റെ ശേഷമായിരിക്കാം നാം വിശ്വാസജീവിതത്തിനു് ആരംഭമിട്ടതു്. എന്നാൽ അതു നമ്മുടെ ജീവിതത്തിൽ വൈഷമ്യങ്ങൾ ഉണ്ടാകയില്ല എന്നുള്ളതിനു് ഒരു ഗ്യാരന്റിയല്ല. (2) പലപ്പോഴും പ്രയാസത്തിന്റെ ആധിക്യങ്ങളിൽ അല്ല, നാം ഒരു തകർച്ചാബിന്ദു (breaking point) വരെ എത്തുന്ന നാലാം യാമത്തിൽ മാത്രം ആയിരിക്കാം ഒരു സഹായഹസ്തം നമ്മുടെ നേർക്കു നീട്ടപ്പെടുന്നതു്. (27 വാ) എന്നാലും നീ ക്ഷീണിതനായിത്തീരരുതു്. (3) കർത്താവു് അരികത്തു എന്നു കണ്ടപ്പോൾ പത്രൊസിനു ഒരു സാഹസിക ചിന്ത. വിശ്വാസജീവിതം ഒരർത്ഥത്തിൽ സാഹസികമായിരിക്കണം. എന്നാൽ കർത്താവിൽനിന്നു ദിശകൾ പരിചിന്തനത്തിൽ നോക്കരുതു് നമ്മുടെ വിശ്വാസയാത്രയിൽ കർത്താവു മാത്രം നമ്മുടെ ലക്ഷ്യം ആയിരിക്കട്ടെ (എബ്രാ. 12. 2).

12നു. (ചൊ.) മത്താ. 15. 1—14. ഹൃദയപരിവർത്തനത്തിൽക്കൂടിയുള്ള ഒരു വിപ്ലവത്തിനു (Revolution through regeneration) നേതൃത്വം നല്കുകയായിരുന്നു കർത്താവു്. ദൈവത്തിന്റെ പ്രമാണങ്ങൾ മനുഷ്യനു അനുസരിക്കാവുന്നവയായിരിക്കും (1യോഹ. 5. 3). മതത്തിന്റെ പേരിൽ എക്കാലത്തും ഉണ്ടാകാവുള്ള വിമർശനം. അതു ലഘിതവും ഉന്നതവും ആയ ദൈവീക പ്രമാണങ്ങളെ വെറും ബാഹ്യാചാരങ്ങൾ ആയി തരം താഴ്ത്തുന്നു എന്നുള്ളതാണ്. മതകാര്യങ്ങളിലുള്ള തീക്ഷ്ണതയല്ല, നമ്മുടെ ഹൃദയം ദൈവമുമ്പാകെയും (സങ്കീ. 21—2). സഹോദരവർഗ്ഗത്തോടും എങ്ങനെയിരിക്കുന്നു എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. പള്ളിയിൽ പോകുക, വേദപുസ്തകം വായിക്കുക, പ്രാർത്ഥിക്കുക, ദാനധർമ്മം ചെയ്യുക ഇവയെല്ലാം മതപരമായ ഒരു തലക്കമായി തീർന്നിരിക്കുന്ന ഏവരും തങ്ങളുടെ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ എന്തു് എന്നു് കണ്ടുപിടിക്കേണ്ടതാണ്.

13നു. (ബു.) മത്താ. 15. 15—28. കനാന്യസ്ത്രീയുടെ മകൾക്കു സൗഖ്യം നല്കുന്നതിനെക്കുറിച്ചു മൂന്നു കാര്യങ്ങൾ ശ്രദ്ധേയമാണ്. (1) സന്ദർഭം. മതപരമായി ശുദ്ധവും അശുദ്ധവുമായ ആഹാരം ഇല്ല എന്നു പറഞ്ഞു കഴിഞ്ഞ ഉടനെ (11-ാം വാക്യം) ഈ അതിശയം കർത്താവു പ്രവർത്തിക്കുന്നു. ഇതു ജാതികളുടെ ഇടയിൽ ചെയ്യപ്പെടുന്നതിനാൽ ദൈവദൃഷ്ടിയിൽ യഹൂദന്മാരും, ജാതികളും ഒരുപോലെയാകുന്നു എന്നു താൻ പഠിപ്പിക്കുന്നു. (2) സ്ഥലം. യേശു സോർ സീദോൻ പ്രദേശങ്ങളിൽ കാലു കുത്തിയപ്പോൾ താൻ തന്റെ സ്വന്ത അവകാശത്തിലേക്കു കടക്കുകയായിരുന്നു. യോശുവാ യിസ്രായേൽ മക്കൾക്കു ദേശം വിഭാഗിക്കുമ്പോൾ സോർ സീദോൻ പ്രദേശങ്ങൾ ആശേർ ഗോത്രത്തിനു കൊടുത്തു. എന്നാൽ അവർക്കു അതു കൈവശപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഭൗതീക യിസ്രായേലിനു ഭുജബലം കൊണ്ടു സാധിക്കാഞ്ഞതു സ്വർഗ്ഗീയ യിസ്രായേൽ സ്നേഹംകൊണ്ടു പിടിച്ചടക്കുന്നു. (3) അവളുടെ വിശ്വാസം. അവളുടെ അഭ്യർത്ഥനയെ ആദ്യം കർത്താവു ശ്രദ്ധിച്ചില്ല (23 വാ). പിന്നീടു അവളെ നിരുത്സാഹപ്പെടുത്തുന്നു (24 വാ). എന്നിട്ടും അവൾ മനസ്സു മടുക്കാതെ അവനെ നിർബന്ധിച്ചു. കർത്താവു നമ്മെ അനുഗ്രഹിക്കുവോളം അവനെ നിർബന്ധിക്കുവാൻ നമുക്കു കഴിയുമോ? (ഉല്പ. 32—26).

14നു. (വ്യാ.) മത്താ. 15. 29—39. മുടന്തർ, ഊമർ, കുനർ എന്നിവരെ യേശു സൗഖ്യമാക്കുന്നു. (30 വാ) ഈ സംഭവങ്ങൾക്കു ശിഷ്യന്മാർ മുക്തസാക്ഷികളാണ്. എന്നാൽ അവർക്കൊരു സംശയം, ഇത്ര വലിയ പുരുഷാരത്തെ പോഷിപ്പിക്കുവാൻ ഈ കാട്ടിൽ കർത്താവിനു കഴിയുമോ? എന്നു. (33 വാ) പണ്ടു യിസ്രായേൽ ജനത ഈ ചോദ്യം തന്നെ ചോദിച്ചു. (സങ്കീ. 78. 19) എന്നാൽ ശിഷ്യന്മാർ ഇതേ സാഹചര്യത്തിൽ കർത്താവു എന്തു ചെയ്തു എന്നു അറിഞ്ഞിട്ടുള്ളവരാണ്. (മത്താ. 14. 13—21) അവരാണ് ഈ ചോദ്യം ചോദിക്കുന്നതു് എന്നുള്ളതു ഖേദകരമാണ്. ദൈവത്തിന്റെ അതിശയകരമായ നടത്തിപ്പു

അനുഭവിച്ചിട്ടുള്ളവരായ നാം നമ്മുടെ ജീവിതത്തിൽ ചില പ്രശ്നങ്ങൾ ആവിർഭവിക്കുമ്പോൾ ഇക്കൂറി എന്തു ചെയ്യും എന്നു സംശയിച്ചു ഭാരപ്പെടാറില്ലേ?

15ന. (വെ) മത്താ. 16. 1—12. ആത്മീയ കാര്യങ്ങളിൽപോലും നാടകീയമായ സംവേഗങ്ങൾ തിരക്കുന്ന ഒരു ജനതയുടെ തലമുറയിലാണ് കർത്താവു ജീവിക്കുവാൻ വന്നതു്. (1 വാ) ആ സംഭവങ്ങളിലൂടെ ദൈവത്തിന്റെ ശക്തി ദർശിക്കണമെന്ന ആഗ്രഹമല്ല, മറിച്ചു സാധാരണ സംഭവങ്ങളിൽക്കൂടി വ്യാപരിക്കുന്ന ദൈവകരം ദർശിക്കുവാൻ കഴിയാത്ത അന്ധതയാണ് അവരെ ഈ ചോദ്യം ചോദിക്കാൻ പ്രേരിപ്പിച്ചതു്. തന്റെ ചുറ്റിലുമായി കാണുന്ന സൃഷ്ടിയിലും സചിതാവിനെ ദർശിക്കാൻ കഴിഞ്ഞ കർത്താവു അവരെ കാണ്മു സഹതപിക്കുന്നു. (3 വാ) നിങ്ങൾക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല, കണ്ണുണ്ടെങ്കിലും കാണുന്നില്ല എന്നു എത്രയോ പ്രാവശ്യം താൻ അവരെ ശാസിച്ചിട്ടുണ്ട്. മത്താ. 13. 14 നോക്കുക. നമ്മെക്കുറിച്ചും ഇതു ശരിയല്ലേ? ദൈവികമായ കാര്യങ്ങൾ കാണുന്നതിനും കേൾക്കുന്നതിനുമായി പള്ളിയിൽ പോകുന്നവർ ഇന്നു ധാരാളമുണ്ട്. എന്നാൽ, അവനെ മിനംന്തോറും കാണുകയും കേൾക്കുകയും ചെയ്യുന്നതുകൊണ്ടു ആരാധിക്കുവാൻ പോകുന്നവർ എത്ര പേരുണ്ട്?

16ന. (ശ.) മത്താ. 16. 13—28 ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു? (13 വാ). ഇന്നും ആവർത്തിക്കപ്പെടുന്ന ഒരു ചോദ്യമാണിതു്. ഒരു മതനായകൻ, ലോകഗുരു, ചൂഷിതവർഗ്ഗത്തിന്റെ നേതാവു് ഇങ്ങനെ പല വിധത്തിലായിരിക്കാം ഇന്നു അതിനു ഉത്തരം ലഭിക്കുക. എന്നാൽ നിങ്ങൾ ആർ എന്നു പറയുന്നു? (15 വാ) ഏറ്റവും വ്യക്തിപരമായ ഒരു ചോദ്യമാണിതു്. പത്രോസിനെപോലെ നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു എന്നു പറയുവാൻ നമുക്കു കഴിയുമോ? ഇതു ഏറ്റു പറയുവാൻ കഴിയുമ്പോൾ നാം തന്റെ ശിഷ്യന്മാരായിത്തീരുന്നു. തന്റെ ശിഷ്യത്വത്തിനു മൂന്നു പ്രമാണങ്ങളുണ്ടു് എന്നു കർത്താവു തുടർന്നു പറയുന്നു (24 വാ). (a) തന്നെത്താൻ തൃജിക്കുക. (b) തന്റെ ക്രൂശു വഹിക്കുക. (c) തന്നെ അനുഗമിക്കുക. ഈ പ്രമാണങ്ങൾ നമുക്കു സ്വീകാര്യമോ?

17ന. (ഞാ.) മത്താ. 17. 1—14. ക്രിസ്തുവിന്റെ മറുരൂപമലയിലെ രൂപാന്തരത്തിന്റെ പ്രാധാന്യം, ക്രിസ്തുവിന്റെയും, ശിഷ്യന്മാരുടെയും, വിശ്വാസികളുടെയും ബന്ധത്തിൽ നമുക്കു ചിന്തിക്കാം. (1) **ക്രിസ്തുവിനെ ശക്തീകരിച്ചു.** യേശു യെരൂശലേമിൽ ചെന്നു ക്രൂശുമരണം ഏല്ക്കുന്നതിനുള്ള തീരുമാനം എടുത്തു കഴിഞ്ഞിരുന്നു. മത്താ. 16. 21. അതിനു ന്യായപ്രമാണസംവിധായകനായ മോശെയുടെയും പ്രവാചകസത്തമനായ ഏലിയാവിന്റെയും അനുമതി ലഭിച്ചു. അവരുടെ പ്രതിനിധി എന്ന നിലയിൽ കൂടിയുമാണ് താൻ ക്രൂശിന്റെ പാത തെരഞ്ഞെടുത്തതു്. സ്വർഗ്ഗോപരി തന്റെ പിതാവിന്റെ അംഗീകാരവും തനിക്കു ലഭിക്കുന്നു (5 വാ). (2) **ശിഷ്യന്മാരെ സാക്ഷികളാക്കി.** കഷ്ടപ്പാടുകളെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള യേശുവിന്റെ വാക്കുകൾ കേട്ടു ഭയവിഹ്വലരായി കഴിഞ്ഞിരുന്ന ശിഷ്യന്മാർക്കു ഈ സംഭവം ഒരു പുതിയ ഉത്തേജനം നല്കി. പിൽക്കാലത്തു അവർ അതിനു സാക്ഷ്യം വഹിക്കയും ചെയ്തു (2 പത്രൊ. 1. 17, 18). (3) **വിശ്വാസികൾക്കു പ്രത്യാശ നൽകുന്നു.** മറുരൂപമലയിലെ മഹത്വീകരണം തന്റെ തേജസ്സോടുകൂടിയ രണ്ടാമത്തെ വരവിന്റെ മുൻകുറിയാണ്. മോശെ മരിച്ചവിശുദ്ധന്മാരെയും ഏലിയാവു കർത്താവിന്റെ വരവിങ്കൽ ജീവനോടിരിക്കുന്ന വിശ്വാസികളെയും പ്രതിനിധാനം ചെയ്യുന്നു (1തെസ്സ. 4. 16—18). ഈ ബന്ധത്തിൽ പത്രോസിന്റെ ചോദ്യം (4 വാ) എത്ര അർത്ഥവത്താണെന്നു നോക്കുക (വെളി. 21. 3). തന്റെ വരവിങ്കൽ നാം തന്നോടുകൂടെ ആയിരിക്കുമോ?

18ന. (തി.) മത്താ. 17. 15—27. ഈ ഭാഗത്തു നമുക്കു കർത്താവിൽ രണ്ടു സവിശേഷതകൾ നാം കാണുന്നു. (1) **ചെറിയ കാര്യങ്ങളെയും വലിയ കാര്യങ്ങൾപോലെ തന്നെ താൻ അഭിമുഖീകരിക്കുന്നു.** തന്റെ മരണത്തെക്കുറിച്ചു

ഉള്ളതു ഏറ്റവും വലിയ ഒരു തീരുമാനമെടുത്തുകൊണ്ടാണ് താൻ മലയിറങ്ങി പുരുഷാരത്തിന്റെ അടുക്കൽ വന്നതു്. അപ്പോൾ ഇതാ ഒരു ചന്ദ്രരോഗി (15 വാ) ഒരു സാധാരണ സംഭവം എന്നാൽ അതിനെയും നേരിടുന്നു. ജീവിതത്തിൽ വലിയ വിഷമസന്ധികൾ വരുമ്പോൾ സമചിത്തതയോടെ അതിനെ അഭിമുഖീകരിക്കാൻ കഴിയുന്ന പലരും നിസ്സാരമായ ഒരു മൊട്ടസൂചിക്കുത്തുകൾ (Pinpricks) ഉണ്ടാകുമ്പോൾ അസ്വസ്ഥതരായിതീരുന്നതു കാണാറുണ്ട്. നമ്മിൽ പലരും വലിയ പ്രശ്നങ്ങൾക്കായി മാത്രം കർത്താവിനെ മാറിവെക്കുന്നതാണു നമ്മുടെ തോൽവിക്കുള്ള കാരണം (2) **ഉടനെ പ്രവർത്തിക്കുന്നു.** ശിഷ്യന്മാരുടെ അല്പാപ്തിയെക്കുറിച്ചുള്ള റിപ്പോർട്ട് (16 വാ) ഈ സന്ദർഭത്തിൽ ഏറ്റവും നിരാശാകരമായിരുന്നു (17 വാ). എന്നാൽ അതു തന്നെ കുമ്പരഹിതനാക്കുന്നില്ല. 'അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ' എന്നാണു താൻ പറയുന്നതു്. ഇന്നും സഭയുടെ പരാജയ അവസ്ഥയെക്കുറിച്ചു സഹതപിക്കുന്ന അനേകരുണ്ട്. എന്നാൽ ഉടൻ ചെയ്യേണ്ടതായി നമ്മുടെ മുമ്പിൽ കാണുന്ന കാര്യങ്ങൾ ചെയ്യുവാൻ നാം ഒരുക്കമോ?

19നു. (ചൊ.) മത്താ. 18. 1—14. സ്വർഗ്ഗരാജ്യം ബാഹ്യമായ ഒരു നേട്ടം എന്നതിനെക്കാൾ ആന്തരികമായ ഒരു അനുഭവമത്രെ എല്ലാ വില കൊടുത്തും അതു പ്രാപിക്കേണ്ടതാണ് (7—9 വാ) ഇതിനു ആവശ്യമായിരിക്കുന്നതു ശിശുസഹജമായ ആശ്രയസ്വഭാവം (1 പത്രൊ. 2. 2) വിശ്വസിക്കുന്നതിനുള്ള കഴിവു (സങ്കീ 131. 2). നിഷ്കളങ്കത (1കൊരി. 14 20). എന്നിവയാണ്. ഇവ നമ്മിൽ എത്ര പേക്കുണ്ട്? പൈതങ്ങൾക്കു നാം വ്യക്തികളായും സഭയായും കല്പിക്കേണ്ട പ്രാമാണ്യത്തെക്കുറിച്ചും ഈ വേളഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. അവരെ കൈക്കൊള്ളുന്നതിനും (5 വാ) അവർക്കു ഇടർച്ച വരുത്താതിരിക്കുന്നതിനും (6 വാ) നാം കടപ്പെട്ടവരാണ്. 14-ാം വാക്യത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന ദൈവഹിതം ഓരോ മാതാവും പിതാവും അദ്ധ്യാപകനും അദ്ധ്യാപികയും മനസ്സിലാക്കിയിരുന്നെങ്കിൽ?

20നു. (ബു.) മത്താ 18. 15—35. ക്രിസ്തീയ ജീവിതത്തിൽ ദീക്ഷിക്കപ്പെടേണ്ട ഉന്നതമായ ചില പ്രമാണങ്ങൾ. (1) സഹോദരനുമായി നിരപ്പിന്റെ അനുഭവം (15 വാ) നമ്മുടെ പക്ഷത്താണ് തെറ്റു എന്നു നമുക്കു ബോധപ്പെട്ടാൽ നമ്മിൽ ചിലർ ക്ഷമാപണത്തിനു തയ്യാറായേക്കാം. എന്നാൽ നമ്മുടെ ഭാഗത്തുനിന്നും പ്രകോപനപരമായി യാതൊന്നുമുണ്ടായിട്ടല്ല എന്നു അറിയാമായിരുന്നിട്ടും മറ്റൊരാൾ നമ്മോടു പിണങ്ങിയിരിക്കുന്നുവെന്നറിഞ്ഞാൽ അതു പറഞ്ഞുതീർക്കുന്നതിനു നാം മുൻകൈയ്യ് എടുക്കാറുണ്ടോ? (2) ഹൃദയൈക്യത്തോടുകൂടിയ പ്രാർത്ഥന (19 വാ). പുതിയ നിയമത്തിലെ ഏറ്റവും വിലപ്പെട്ട വാഗ്ദത്തങ്ങളിൽ ഒന്നാണിതു്. പ്രാർത്ഥിക്കുന്ന ആളുകളുടെ ഹൃദയങ്ങൾ തമ്മിലുള്ള യോജിപ്പു പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നാണെങ്കിൽ നമ്മുടെ എത്രയോ പ്രാർത്ഥനകൾ വൃഥാവായിത്തീരും. (3) ക്ഷമിക്കുന്നതിന്റെ പരിധി (22 വാ) എഴ എഴ പത്തു വട്ടം എന്നു പറഞ്ഞാൽ സംഖ്യയില്ലാത്ത വിധം അനവധി പ്രാവശ്യം എന്നത്രേ. കർത്താവിന്റെ പ്രാർത്ഥനയിലെ അഞ്ചാമത്തെ അപേക്ഷാവാചകം (മത്താ. 6. 12) കുറെമനസ്സാക്ഷി കൂടാതെ ചൊല്ലുവാൻ നമുക്കു കഴിയുമോ?

21നു. (വ്യാ) മത്താ. 19. 1—12. നിസ്സാരകാര്യത്തിനുകൂടിയും വിവാഹബന്ധം വേർപെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം യഹൂദന്മാരുടെ ഇടയിൽ നിലവിലിരുന്നു (ആവ. 24. 1). ഈ പശ്ചാത്തലത്തിലാണ് പരീശന്മാരുടെ ചോദ്യത്തിന്റെ (3 വാ) പ്രാധാന്യം കാണേണ്ടതു്. കർത്താവാകട്ടെ മോശെയുടെ പ്രമാണങ്ങളുടെ പരിധിവിട്ടു സൃഷ്ടിയുടെ ആരംഭത്തിൽ വ്യക്തമാക്കപ്പെട്ട ദൈവോദ്ദേശത്തിലേക്കു കടന്നു ചെല്ലുന്നു. (ഉല്പ. 1. 27; 2. 24) വിവാഹബന്ധത്തിൽ ബാഹ്യമായ ആനന്ദം മാത്രമല്ല, അതിൽ ചമതലകളും ഉണ്ടെന്നും അതിലെ ഏറ്റവും വലിയ സംഗതി ആത്മികമായി ഏകീഭാവമാണെന്നും (Spiritual Unity) ആകുന്നു താൻ പഠിപ്പിക്കുന്നതു് (4, 5 6 വാ). പല ഭാര്യാഭർതൃബന്ധത്തിലും പ്രധാനപ്പെട്ട ഈ കാര്യം അവഗണിച്ചു കളയുന്നില്ലേ?

22നു. (വെ.) മത്താ. 19. 13—30. യൌവനക്കാരന്റെ ചോദ്യം നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു 'നന്മ' ചെയ്യണമെന്നാണു (16 വാ) നന്മപ്രവൃത്തിയല്ല, വിശ്വാസത്തോടുകൂടി തന്നെ അനുഗമിക്കയാണ് വേണ്ടതെന്നു യേശു പറയുന്നു (21 വാ). യൌവനക്കാരനോടു ക്രിസ്തു ആവശ്യപ്പെട്ടതുപോലെ സകലവും വിട്ടു ക്രിസ്തുവിനെ അനുഗമിച്ചിരിക്കുന്ന തങ്ങൾക്കു എന്തു കിട്ടുമെന്നു പത്രോസിനു അറിയണം (27 വാ) ക്രിസ്തുവിന്റെ മറുപടിയിൽനിന്നു, അവനെ പിൻപറ്റുന്ന അവന്റെ ശിഷ്യൂക്കു രണ്ടു വിധത്തിലുള്ള പ്രതിഫലമുള്ളതായി ചിന്തിക്കേണ്ടിയിരിക്കുന്നു. (1) ഈ ലോകത്തിൽതന്നെ ഒരു പ്രതിഫലം (Wages in this world). (2) വരുവാനുള്ള ലോകത്തിൽ സമൃദ്ധി (treasures in the world to Come) ക്രിസ്തീയ സേവനം പോലെ അഭികാമ്യമായ മറ്റൊന്നുണ്ട്.

23നു (ശ.) മത്താ. 20. 1—16. ഇതും ജോലിക്കു ഇതും പ്രതിഫലം എന്ന ഒരു കച്ചവടമനസ്ഥിതിയായിരുന്നു. പത്രോസിന്റെ ചോദ്യത്തിൽ നിഴലിച്ചിരുന്നതു (19. 27) മനുഷ്യൻ ചെയ്യുന്ന പ്രവൃത്തിയുടെ അനുവനുസ്സരിച്ചല്ല, ദൈവം പ്രതിഫലം നൽകുന്നതെന്നും അതു ദൈവത്തിന്റെ ദാനമാകുന്നു എന്നുള്ളതുമാണ് ഈ ഉപമയിലെ കാതലായ തത്വം. എന്നാൽ ക്രിസ്തീയ വിളിയെക്കുറിച്ചു ഈ ഉപമയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നോക്കുക. (1) 1 വാ. ദൈവമാണു തന്റെ സഭയിലെ വിവിധമായ ശുശ്രൂഷയ്ക്കായി നമ്മെ ഓരോരുത്തരെയും വിളിച്ചിരിക്കുന്നതു് യോഹ. 15. 16 നോക്കുക. (2) 6 വാ. ഒരുത്തരും നഷ്ടപ്പെട്ട പോകണമെന്നു താൻ ആഗ്രഹിക്കുന്നില്ല. യോഹ. 6. 39 (3) ജീവിതത്തിൽ താമസിച്ചുമാത്രം (പതിനൊന്നാം മണിനേരത്തു) അവന്റെ വിളി കേൾക്കാൻ ഇടയാകുന്നവരെയും അവൻ കൈക്കൊള്ളുന്നു. ലൂക്കൊ. 23. 48. അവന്റെ വിളി അനുസരിക്കുവാൻ നീ ഒരുക്കമോ?

24നു. (ഞാ.) മത്താ. 21. 17—34. ഒരേ ചോദ്യംതന്നെ യേശുവിനെ സമീപിക്കുന്ന രണ്ടു കൂട്ടരോടു താൻ ചോദിക്കുന്നു. മർക്കൊ. 10. 36, 50 നോക്കുക. സെബദിപുത്രന്മാർക്കുവേണ്ടി അവരുടെ മാതാവു 'സ്ഥാനമാനങ്ങൾ' ചോദിച്ചപ്പോൾ (21 വാ) വഴിയരികെ ഇരുന്ന കുരുടന്മാർ 'ഞങ്ങൾക്കു കണ്ണു തുറന്നു കിട്ടേണം' എന്നതേ പറയുന്നുള്ളൂ. ആദ്യത്തേതു നിരസിക്കപ്പെടുകയും രണ്ടാമത്തേതു നല്കുകയും ചെയ്തു. ഒരു ദൈവപൈതൽ പ്രാർത്ഥനയ്ക്കായി മുട്ടു മടക്കുമ്പോൾ ദൈവത്തോടു ചോദിപ്പാൻ തനിക്കു ആവശ്യമുള്ളതു് എന്താണ് എന്നു അറിഞ്ഞിരിക്കേണ്ടതാണ്. പലപ്പോഴും നമ്മുടെ പ്രാർത്ഥന നമ്മുടെ ആഗ്രഹങ്ങളുടെ ഒരു പട്ടികയായി തീരാറില്ലേ? ദൈവഹിതപ്രകാരം പ്രാർത്ഥിക്കാൻ നിനക്കു കഴിയുമോ?

25നു. (തി.) മത്താ. 21. 1—17. പലസ്തീനിൽ കഴുത ഒരു ഹീനമൃഗമായി ഗണിക്കപ്പെട്ടിരുന്നില്ല. രാജാക്കന്മാർ യുദ്ധത്തിനായി പോകുമ്പോൾ കുതിരപ്പുറത്തും സമാധാനകാര്യങ്ങൾക്കായി പോകുമ്പോൾ കഴുതപ്പുറത്തും യാത്രചെയ്തിരുന്നു (സഖ. 9. 9). സമാധാനപ്രഭുവായ ക്രിസ്തു (യെശ. 9. 6) തന്റെ ആലയത്തിലേക്കു ഒരു ജൈത്രയാത്ര ചെയ്തുയായിരുന്നു. തന്റെ ഈ യാത്രയിൽ സ്നേഹത്തിന്റെ നിർല്ലോഭമായ ചില പ്രകടനങ്ങൾ നാം കാണുന്നു. (1) കർത്താവിനു ആവശ്യമുണ്ടെന്നറിഞ്ഞപ്പോൾ ഒരു മടിയും കൂടാതെ തന്റെ വാഹനമൃഗത്തെ നല്കിയ വീട്ടുടയവൻ (3 വാ). (2) തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിതറുന്ന പുരുഷാരം (8 വാ). (3) ഓശാന പുത്രനു ഹോശന്നാ എന്നു ആക്രന്ദനം ബാലന്മാർ (15 വാ). നാം കർത്താവിനെ യഥാർത്ഥമായും സ്നേഹിക്കുന്നുവെങ്കിൽ അവനുവേണ്ടി വിലയും ചെലവും അദ്ധ്വാനവും നോക്കാതെ പ്രവർത്തിക്കുയില്ലേ?

26നു. (ചൊ.) മത്താ. 21. 18—32. പ്രതീക്ഷ നൽകുകയും അനുഭവത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുകയെന്നതു (Promise without fulfilment) ഏറ്റവും ശിക്ഷാർഹമാണു. യഹൂദന്മാരുടെ തെറ്റു് ഇതായിരുന്നു. ഈ പാഠം ശിഷ്യന്മാരെ മനസ്സിലാക്കുന്നതിനുള്ള ഒരു ക്രിയോപമയായി (enacted parable) അത്തിയെ ശപിക്കുന്നതു കരുതേണ്ടതാണു. ഫലം കൊണ്ടാണു നമ്മുടെ ക്രിസ്തീയ സാക്ഷ്യത്തിന്റെയും വില കുറിക്കുന്നതു്.

(മത്താ 7. 16). നാം പ്രതിദിനം ഏറുപറയുന്ന ക്രിസ്തീയ സാക്ഷ്യത്തിനു തക്ക ഫലം നല്കുന്നവരോ? (മൂക്കോ. 3൦ 8) ഗലാ 5 22-ൽ പറഞ്ഞിരിക്കുന്ന 9 ഫലങ്ങളിൽ ഏതെങ്കിലും നമ്മുടെ ജീവിതത്തിൽ ഇല്ലാതെയുണ്ടോ?

27൩൦. (ബു.) മത്താ. 21. 33—46 തോട്ടക്കാരന്റെ ഉപമയിൽ ദൈവവും നാമും ആയുള്ള ബന്ധത്തിൽ ഓർമ്മിക്കേണ്ട ചില കാര്യങ്ങൾ. (1) ദൈവം ഉദാരമതിയായ ഒരു ഉടമസ്ഥനാകുന്നു. ഫലം നൽകുന്നതിനു മതിയായ എല്ലാ സാഹചര്യങ്ങളും താൻ നൽകിയിരിക്കുന്നു (യെശ. 5 4). മുന്തിരിത്തോട്ടം നട്ടുണ്ടാക്കി, അതിരകുകൾ സംരക്ഷിക്കുന്നതിനു വേലികെട്ടി വിളവെടുപ്പിനു സഹായകമായി ചക്ക കുഴിച്ചിട്ട, കാവലിനായി ഗോപുരവും പണിതു. (2) ദൈവം നമ്മിൽനിന്നും ഫലം പ്രതീക്ഷിക്കുന്നു (2 വാ). (3) നമ്മിൽ നിന്നു ഫലം പ്രതീക്ഷിച്ചുകൊണ്ട് ദൈവം പ്രദർശിപ്പിക്കുന്ന ക്ഷമയ്ക്ക് ഒരു പരിധിയുണ്ട് (9 വാ). തോട്ടത്തിന്റെ ഉടമസ്ഥൻ വിദൂരതയിലാണ്; അവൻ തങ്ങൾ ചെയ്യുന്നതു അറികയില്ല എന്ന ചിന്താഗതിയായിരിക്കണം ഈ നീചകൃത്യം ചെയ്യാൻ അവരെ പ്രേരിപ്പിച്ചതു. ദൈവം വിദൂരസ്ഥനാണെന്ന ധാരണയിൽ തന്നോട് മറുത്തുനില്ക്കുന്ന ഏവരോടും താൻ പ്രതികാരം ചെയ്യുന്ന ഒരു ദിവസമുണ്ടെന്ന് ഓർത്തിരിക്കുക.

28൩൦. (റ്റു.) മത്താ. 22. 1—14. സുവിശേഷനിവൃത്തിണത്തെ ഉദാഹരിക്കുന്ന മറെറാരുപമ. ഇതിൽ രക്ഷയെ കുറിക്കുന്ന ചില പ്രധാന കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. (1) എന്റെ മുത്താഴം ഒരുക്കിത്തീർന്നു (4 വാ) ക്രിസ്തുവിൽക്രൂടി ദൈവം രക്ഷ സമ്പൂർണ്ണമായി സാധിച്ചുകഴിഞ്ഞിരിക്കുന്നു. യോഹ. 19. 30. നോക്കുക. (2) കണ്ടേഷ്ടന്മാരെയും നല്ലവരെയും എല്ലാം കൂട്ടികൊണ്ടുവരിക (10 വാ) എന്നാണ് കല്പന. സ്വർഗ്ഗീയ വിളികേട്ട് സഭകൂടുന്നവരെല്ലാവരും രക്ഷിക്കപ്പെട്ടവരായിരിക്കണമെന്നില്ല. (3) സ്വർഗ്ഗീയവിരുന്നിൽ (11 വാ) സംബന്ധിക്കാൻ ക്ഷണിക്കപ്പെടുന്ന ഏവരും താൻ നൽകുന്ന കല്യാണവസ്ത്രം ധരിച്ചിരിക്കേണ്ടതാണ്. ഈ വസ്ത്രം ഏതെന്നു യെശ. 61. 10-ൽ പറഞ്ഞിരിക്കുന്നു. നമുക്കു നമ്മുടെ സ്വയനീതിയിൽ ആശ്രയിക്കാതെ അവന്റെ കൃപയിൽ ശരണപ്പെടാം.

29൩൦. (വെ-) മത്താ. 22. 15—33. ഒരു ക്രിസ്തീയ വിശ്വാസി ഒരു ഉത്തമ പൌരനായിരിക്കേണ്ടതാണ്. ഒന്നാമതായി രാജ്യം ദൈവനിയുക്തമാണ് (റോമ. 13. 1). രണ്ടാമതായി, ശതാശതം. ജലസേചനം, വൈദ്യസഹായം, തപാൽ തുടങ്ങി നാം ഇന്നു അനുഭവിക്കുന്ന പല നന്മകൾക്കും കാരണം സ്റ്റേറാണ്. നന്മകൾ അനുഭവിക്കുമ്പോൾ ചുമതലകളും ഉണ്ട്. കരം, നികുതി മുതലായി ഓരോന്നും കൃത്യമായി കൊടുക്കുവാൻ ക്രിസ്ത്യാനിക്കു കടമയുണ്ട് മത്താ. 17. 27. എന്നാൽ ദൈവത്തോടുള്ള നമ്മുടെ ചുമതലയും രാജ്യത്തോടുള്ള ചുമതലയും തമ്മിൽ ഒരു സംഘട്ടനം നേരിട്ടാൽ ദൈവപക്ഷത്തു നില്പാൻ ഭയപ്പെടരുതു (21 വാ). 'നാണയത്തിന്മേൽ സീസ്സറിന്റെ സ്വരൂപമുണ്ട്, അതു സീസ്സറിന്റെ വകയാണ്; ആത്മാവിന്മേൽ ദൈവസ്വരൂപമുണ്ട്, അതു ദൈവത്തിന്റെ വകയാണ് ഉല്പ. 1. 26, 27. ദൈവഹിതപ്രകാരം ഭരിക്കേണ്ടതിനു ഭരണാധിപന്മാക്ക് ബുദ്ധിയുണ്ടാകാൻ പ്രാർത്ഥിക്കാം.

30൩൦. (ശ.) മത്താ. 22. 34—46. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ ക്രിസ്തീയ ജീവിതത്തിന്റെ രണ്ടു വശങ്ങളാണ് ദൈവത്തെയുള്ള സ്നേഹവും (ആവ. 64) മനുഷ്യരെയുള്ള സ്നേഹവും (ലേവ്യ. 19. 18) രണ്ടും ഒരുമിച്ചു പോയെങ്കിൽ മാത്രമേ പ്രയോജനമുള്ളൂ. മതപരമായ കാര്യങ്ങളിൽ ശ്രദ്ധാലു കാണിക്കയും സേവനപരമായ കാര്യങ്ങൾ അവഗണിക്കയും ചെയ്യുന്ന ചിലരുണ്ട്. അതുപോലെ തന്നെ സാമൂഹ്യകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കയും ആത്മീയ കാര്യങ്ങളിൽ അശ്രദ്ധരായിരിക്കയും ചെയ്യുന്നവരെ ഇന്നു ധാരാളം കാണാം. രണ്ടും ഒരുപോലെ തെറ്റാണ്. ഒരു ക്രിസ്ത്യാനി സേവനപരമായ കാര്യങ്ങളിൽ ഇടപെടുന്നതു അവൻ തന്റെ ദൈവത്തെ അറിയുന്നതു കൊണ്ടാണ്.

31൩൦. (ഞാ.) മത്താ. 23. 1—12. (1) തങ്ങൾ തന്നെ വിശ്വസിക്കാത്തതും തങ്ങൾക്കു തന്നെ പ്രയോഗത്തിൽ വരുത്താൻ കഴിയാത്തതുമായ കാര്യങ്ങൾ മറുള്ളവരോടു ഉപദേ

ശിക്കുന്നവർ ധാരാളം ഉണ്ട്. (2 വാ) അതു ഗുണത്തെക്കാൾ ദോഷമാണു ചെയ്യുക. (1) മൈവജനം എന്നതിന്റെ ലക്ഷ്യമായിട്ടാണ് വസ്ത്രത്തിന്മേൽ തൊങ്ങൽ അണിയുന്നതിനു ഇടയായതു് (സംഖ്യ. 15. 38). എന്നാൽ ശാസ്ത്രിമാരും പരീശന്മാരും തങ്ങളുടെ കാപട്യത്തെ മറയ്ക്കുന്നതിനുള്ള ഒരു കേതിപേക്ഷമായി അതു് ഉപയോഗിക്കുന്നു (5 വാ) മതപരമായി ലഭിക്കുന്ന സ്ഥാനങ്ങളും പദവികളും തങ്ങളുടെ തെറ്റിനെ മറയ്ക്കുന്നതിനായി ഉപയോഗിക്കുന്ന ആളുകൾ ഇല്ലേ?

സെപ്തംബർ 1നു. (തി). മത്താ. 23. 13—22. പുതിയ നിയമത്തിലെ ഭയങ്കരമായ വേദഭാഗം (Commination passage) എന്നു് ഇതിനെ വിളിക്കാം. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്തിക്കെതിരെ 8 പ്രാവശ്യം ക്രിസ്തു 'ഹാ കഷ്ടം' പ്രവചിക്കുന്നു. മറ്റുള്ളവരുടെ ആത്മീയ ജീവിതത്തിനു തടസ്സക്കാരായിരിക്കുക; പാവപ്പെട്ടവരെ ചൂഷണം ചെയ്യുക (13 വാ) ഒരുദ്ദേശപരമായി മതപ്രചരണം നടത്തുക (14വാ) മതപരമായ ആചാരങ്ങളുടെ അന്തസ്സേത്ത കൈവെടിയുകയും ബാഹ്യമായതിനു പ്രാധാന്യം നൽകുകയും ചെയ്യുക ഇതായിരുന്നു അവരുടെ തെറ്റു്. ക്രിസ്ത്യാനികളുടെ ഇടയിൽ കാണുന്ന പരീശത്വം ഇതിൽനിന്നു ഭിന്നമോ ?

2നു. (ചൊ.) മത്താ. 23. 23—39. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്തിയെ ക്രിസ്തു വീണ്ടും അപലപിക്കുന്നു (23, 25, 27, 29 വാ). ഈ അദ്ധ്യായം അനുഗ്രഹത്തിന്റെ വാചകത്തോടെ അവസാനിക്കുന്നതു ശ്രദ്ധിക്കുക (39 വാ) ക്രിസ്തുവിന്റെ മരണവും, ഉയിർപ്പും സ്വർഗ്ഗാരോഹണവും പുനരാഗമനവും ഇതിൽ അടങ്ങിയിരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്മേലുള്ള എല്ലാ ശാപവും ക്രിസ്തുവിൽ പരിഹൃതമായതുകൊണ്ടു് ദൈവത്തെ സ്തുതിക്കാം.

3നു. (ബു). മത്താ. 24. 1—14 (2 വാ) ആലയത്തിന്റെ പ്രഭാവമല്ല, അതു നിലംപരിചായി കിടക്കുന്നതാണു യേശു കാണുന്നതു്. കലയിലും സംസ്കാരത്തിലും അമിതമായി വിലകല്പിക്കുകയും മാർഗ്ഗത്തിന്റെ യഥാർത്ഥ താല്പര്യങ്ങളെ വിസ്മരിക്കുകയും ചെയ്യുന്നതു എക്കാലത്തും കാണുന്ന പതിവാണു്. ഈ പ്രവചനം തീതൊസിന്റെ കാലത്തു അക്ഷരംപ്രതി സംഭവിച്ചു. 3 വാക്യത്തിൽ ചോദിച്ചിരിക്കുന്ന രണ്ടു ചോദ്യങ്ങളുടെയും ഒരുമിച്ചുള്ള മറുപടിയാണു തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നതു്. രണ്ടിന്റെയും ഉത്തരങ്ങൾ ഇടകലർന്നു കിടക്കുന്നതിനാൽ വ്യാഖ്യാനം ഒട്ടു കഠിനമാണു്. ഒരു സമയ വിവരപ്പട്ടികയായി ഇതിനെ ഗണിക്കുന്നതു് ശരിയായിരിക്കയില്ല. ഈ ഭാഗത്തു യരുശലേമിന്റെ പീഡനകാലത്തെക്കുറിച്ചു പ്രവചിച്ചിരിക്കുന്നു.

4നു. (വ്യാ.) മത്താ 24 15—31. യരുശലേമിനു ഉണ്ടാകുവാൻ പോകുന്ന പീഡനത്തിൽനിന്നു കാടിരക്ഷപ്പെടുന്നതിനു് കർത്താവു ബുദ്ധി ഉപദേശിക്കുന്നു. തന്റെ വാക്കുകൾ ഓർമ്മിക്കാതെ പീഡനകാലത്തു് യരുശലേമിൽ ആളുകൾ തിങ്ങിക്കൂടുകയും തൽഫലമായി പതിനൊന്നുലക്ഷം പേർ കൊല്ലപ്പെടുകയും ചെയ്തു എന്നു ചരിത്രകാരൻ പറയുന്നു പീഡനം യരുശലേമിന്റെ നാശത്തോടുകൂടി അവസാനിച്ചില്ല, പിൽക്കാലത്തു് സംഭവിക്കുന്നവയും ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യാപകമായ പ്രവചനമാണു് ഇതു എന്നു കരുതുന്നവരും ഉണ്ടു്. 29—31-ൽ തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

5നു. (വെ.) മത്താ. 24. 32—51. കർത്താവു നൽകുന്ന മൂന്നു ആജ്ഞകൾ ശ്രദ്ധിക. (1) അറിഞ്ഞുകൊൾവിൻ (33 വാ) കർത്താവു പ്രസാദിക്കുന്ന കാര്യങ്ങൾ അന്യനായുള്ളതിന്റെ പ്രാരംഭലക്ഷണമായി നാം ഗ്രഹിക്കേണ്ടതാണു് (യാക്കോബു് 5. 7). (2) ഉണർന്നിരിപ്പിൻ (42 വാ) കർത്താവു ഏതു സമയത്തു വരുമെന്നു് അറിയാത്തതുകൊണ്ടു് ക്രിസ്ത്യാനി ഉണർന്നിരിക്കേണ്ടതാണു് വെളി. 3. 3. നോക്കുക. (3) ഒരുങ്ങിയിരിപ്പിൻ (44 വാ). ഏഫേ. 6. 18-ൽ പറയുന്നതു പോലെ പ്രാർത്ഥനയോടുകൂടി ഇക്കാലത്തു് അവന്റെ വരവിനായി നമുക്കു കാത്തിരിക്കാം,

6നു. (ശ) മത്താ 25. 1—13. പത്തു കന്യകമാരുടെ ഉപമ. പ്രധാനമായും വിശ്വാസികളെ സംബന്ധിക്കുന്ന ഒന്നാണു്. ഒരുവൻ മാനസാന്തരപ്പെട്ടവനാണെങ്കിലും

കുടുംബപ്രിയവാദിനി

മാതൃസംഘജൂബിലി

ജൂബിലി ആഘോഷണത്തിനു ഇനിയും ഒരു ഒറ്റ മാസംകൂടി മാത്രമേയുള്ളൂ. ഒക്ടോബർമാസം പൂജാഅവധി മിക്കവാസങ്ങളിൽ ഏതുദിവസം എന്നതു അടുത്തലക്കം മാസികയിൽ അറിയിക്കാൻ സാധിക്കും. ഇതുവരെയും ജൂബിലി സംബന്ധമായ യാതൊരു അനക്കവും തുടങ്ങാത്ത സഭകൾ ഉണ്ട്. എല്ലാ സഭകളിലും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്ന ഒരു കൂട്ടം അമ്മമാർ എഴുനേറ്റാൽ അതു ജൂബിലിയുടെ ഒന്നാമത്തെ അനുഗ്രഹമാണ്. പ്രാർത്ഥനാകൂട്ടങ്ങൾ മുടങ്ങി കിടക്കുന്ന എല്ലാ സഭകളിലും അതു ഒന്നു പുനരുജ്ജീവിപ്പിക്കാൻ ആരെങ്കിലും എഴുന്നേറ്റു പ്രവർത്തിക്കുമോ? സ്തോത്രത്തിനും യാചനകൾക്കും അനേകകാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ആ 'മിറിയാമി'നെപ്പോലെ ദൈവത്തിന്റെ വൻകാര്യങ്ങൾ കാണ്മ്മ സ്തോത്രം ചെയ്യാൻ ആരെങ്കിലും മുമ്പേ എഴുനേൽക്കട്ടെ. പിന്നാലെ പലരും കൂടുചേർന്നു കൊള്ളും. നമ്മുടെ ഇടയിലും നാം മുഖാന്തിരവും ഉള്ള ക്രിസ്തീയ പ്രവർത്തനങ്ങൾക്കു പലവിധത്തിൽ ഒരു നവചൈതന്യം ഉണ്ടാകണം. അവ ലാക്കാക്കിയും കൂടെയാണു 'ജൂബിലി ഫണ്ടി'നായി നാം പ്രയത്നം ചെയ്യുന്നതു

'ഈ പണം എന്തിനാണ്' എന്ന ചോദ്യത്താൽ ഇതിൽനിന്നും തെറ്റി ഒഴിയുന്നവർ ഉണ്ട്. ഞങ്ങളുടെ പള്ളി, ഞങ്ങളുടെ കുടം, എന്നും മറ്റും 'ഞങ്ങളുടെ' ആവശ്യങ്ങളിലേക്കു മാത്രം നോക്കി ഇതിനെ അവഗണിക്കുന്നവരുമുണ്ട്. 'നമ്മുടെ' ആവശ്യം എന്ന ചിന്തയിൽ ഇന്നിയുമുള്ള സമയമെങ്കിലും ബഹുപ്രയാസത്തോടെ പ്രവർത്തിപ്പാൻ വീണ്ടും ഓർപ്പിക്കട്ടെ. ഈ യോവേൽ ആഘോഷത്തിൽ എല്ലാ ഉപസഭകളും നന്ദിനിറഞ്ഞ ഹൃദയത്തോടെ മാനം ചെയ്യേണ്ട ഒരു സന്ദർഭമാണ്. ഒരു ഉപസഭയും ഇതിൽനിന്നും മാറി നില്ക്കുവാൻ ഇടയാകരുതെന്നു അപേക്ഷിക്കുന്നു.

എല്ലാ സഭാപ്രവർത്തകരുടെയും സഹകരണം ഇതിനു അത്യന്താപേക്ഷിതമാണ്. അതു ലഭിക്കുന്നതിനു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജൂബിലി പ്രസിഡണ്ട്. മിസ്സസ്സ് എം. പി പുന്നന്റെ സീമന്തപുത്രൻ മിസ്റ്റർ എം. ജി. പുന്നൂസിന്റെ ഭാര്യയുടെ പെട്ടെന്നുണ്ടായ ചരമത്താൽ ഉൽഖനിമഗ്നരായിരിക്കുന്ന മകന്റെയും കുഞ്ഞുങ്ങളുടെയുംകൂടെ താമസിക്കുന്നതിനായി മിസ്സസ്സ് പുന്നൻ ബോംബെയ്ക്കു സമീപം ഒരു സ്ഥലത്തേക്കു പോകേണ്ടിവന്നു. യൗവനപ്രായത്തിലുള്ള ഒരു അമ്മയാണു പ്ര

അവൻ നഷ്ടപ്പെടാം എന്നും അതിനാൽ ബുദ്ധിപൂർവ്വം തന്റെ വരവിന്നായി ഒരുങ്ങേണ്ടതാണെന്നും അതു പഠിപ്പിക്കുന്നു. ബുദ്ധിയില്ലാത്ത കന്യകമാർ ഉഴുതുരോ കപടഭക്തിക്കാരോ അല്ലായിരുന്നു. അവരുടെ കുറ്റം അവക്കു മൻകരുതൽ ഇല്ലായിരുന്നു എന്നതാണ്. തല്ക്കാല ആവശ്യത്തിനു എണ്ണ ഉണ്ടായിരുന്നു. എന്നാൽ അതു എരിഞ്ഞടങ്ങുമ്പോൾ ഒഴിക്കുന്നതിനു കൂടുതൽ എണ്ണ കരുതിയിരുന്നില്ല. എണ്ണ പരിശുദ്ധാത്മാവിനും അകമെയുള്ള വിശുദ്ധീകരണത്തിനും സൂചിപ്പിക്കുന്നു. അപ്പൊ. 10. 38; എബ്രാ. 1. 9; 1 യോഹ. 2. 20. നോക്കുക. ക്രിസ്തുവിന്റെ രാജ്യത്തിൽ നമുക്കു പ്രവേശനം വേണമെങ്കിൽ നമ്മുടെ ആത്മിക ജീവനു ശരിയായ ആഴവും പുഷ്ടിയും ഉണ്ടായിരിക്കണം. രഹസ്യപ്രാർത്ഥന, ദൈവവചന ധ്യാനം വിശുദ്ധ സാക്രമെന്തുകൾ ഭക്തിയോടെ കൈക്കൊൾക, എന്നിവയാൽ നമ്മുടെ ആത്മിക ജീവനെ നമുക്ക് പുഷ്ടിപ്പെടുത്താം.

P. D. JOHN.

ബിഷോപ്പു തിരുമേനിക്കു മംഗളാശംസകൾ

(മാതൃസംഘം)

'1958 ഓഗസ്റ്റ് 6' മല്യതിരുവിതാംകൂർ മഹായിടവകയുടെ ഒരു പുതിയ അദ്ധ്യായം സമാരംഭിക്കുന്ന സുദിനമാണ്. സഭയുടെ നാഥനായ യേശുക്രിസ്തു താൻ ഏല്പാനിരിക്കുന്ന ചുമതലയ്ക്കു ആവശ്യമായ ശക്തി പ്രാപിക്കേണ്ടതിനു പ്രാർത്ഥിപ്പാൻ മലയിലേക്കു കയറിപ്പോയതിനെ അനുസ്മരിപ്പിക്കുന്ന മഹത്ദിനം! അനേക ശുഭപ്രതീക്ഷകളുമായി മഹായിടവക നോക്കിപ്പാർത്തു പ്രാർത്ഥിച്ചു കാത്തിരുന്ന പ്രത്യേകദിനം! ഈ സുവർണ്ണദിനത്തിൽ ബിഷോപ്പു സ്ഥാനത്തേക്കു അവരോധിക്കപ്പെടുന്ന ദൈവദാസനു സ്വാഗതം അരുളാൻ അനേകർ ഇതാ കാത്തുനില്ക്കുന്നു. ശുഭാശംസകളോടുകൂടിയ കമ്പികളും കത്തുകളും പ്രവഹിച്ചുതുടങ്ങുന്നു. പ്രകൃതിദേവിയും പുതുപുഷ്പലതാദികളാൽ സ്വാഗതം അരുളാൻ വെമ്പൽകൊള്ളുന്നു. ഏതായാലും മതാദ്ധ്യക്ഷനു ഒരു മൻഗണന നൽകുന്നതിനു ഏവരും സമ്മതിക്കുന്നതാണ്. സ്നേഹത്തിനും പ്രാർത്ഥനയ്ക്കും യോജിക്കുമെന്നു വാശ്ചത്തം ചെയ്തു മുമ്പോട്ടു വന്നിട്ടുള്ള മാതൃസംഘത്തിന്റെ 50-ാം വർഷയോവേൽ ആഘോഷിക്കാൻ കാത്തിരിക്കുന്ന ഈ ശുഭാവസരത്തിൽ ബിഷോപ്പുതിരുമേനിക്കു ഞങ്ങളുടെ അകമഴിഞ്ഞ സ്നേഹബഹുമാനാദരവു സമർപ്പിക്കുന്നു. ഞങ്ങളുടെ ആത്മാർത്ഥമായ സഹകരണവും നിരന്തരമായ പ്രാർത്ഥനയും വാശ്ചത്തം ചെയ്യുന്നു.

ബിഷോപ്പുതിരുമേനിക്കും കുടുംബത്തിനും സർവ്വാനുഗ്രഹങ്ങളും ആശംസിക്കുന്നതിനായി ഇതാ ഞങ്ങളുടെ വിനീത കൃപ്പുകൈകൾ ഉയർത്തി പിടിച്ചിരിക്കുന്നു.

സവസംബന്ധമായ സുഖക്കേടിനാൽ പെട്ടെന്നു കടന്നുപോയതു്. അരുമസന്താനങ്ങൾ, പ്രിയപ്പെട്ട ഭർത്താവു്, വാത്സല്യ മാതാപിതാക്കൾ, ആകർഷണീയമായ സാഹചര്യങ്ങൾ ഇവയെല്ലാം വിട്ടകടന്നുപോയി. ഇങ്ങനെ എത്രപേർ!! ഓർമ്മയിലിരിക്കുന്ന ഏല്ലാവരോടുമുള്ള നമ്മുടെ സഹതാപത്തെ രേഖപ്പെടുത്താം.

മിസ്സസ്സ് പുന്നൻ മാതൃസംഘജൂബിലിക്കുവേണ്ടി എത്രയും കായ്ക്ഷമതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കയായിരുന്നു. തല്ക്കാലം സ്ഥലം വിടേണ്ടി വന്നതു ഒരു വലിയ നഷ്ടം തന്നെ. മിസ്സസ്സ് എം. എം. ജോൺ പ്രസ്തുത ചുമതല ഭരമേറ്റിട്ടുണ്ടു്.

ജൂബിലിരസീതു്. ജൂബിലി മാനങ്ങൾ നല്കുന്നവർക്കു കൊടുക്കുവാനുള്ള പ്രത്യേക രസീതു നമ്മുടെ മഹായിട ആഫീസിൽനിന്നും ലഭിക്കുന്നതാണ്. ഓരോ സഭകൾ ഓരോന്നും വിദേശനിന്നു പണം അയച്ചു തരുന്ന വ്യക്തികൾക്കു ഓരോന്നും കൊടുക്കുവാൻ തക്ക ഒരു പരിമിത സംഖ്യാത്മകമെ അടിപ്പിച്ചിട്ടുള്ളു. അഥവാ ഇവിടെത്തന്നെ ആരെങ്കിലും പ്രത്യേകം കൊടുക്കുന്നതു ആവശ്യമെന്നു കണ്ടാൽ അതു ആഫീസിൽനിന്നും ലഭിക്കുന്നതാണ്. മുമ്പേ പണം ആഫീസിൽ അടച്ചിട്ടുള്ളവർക്കു പൊതുവായ സ്തോത്രാർപ്പണശുശ്രൂഷയിൽ ആ രസീതു സമർപ്പിക്കാമല്ലോ. ഓരോ ഇടവകയുടെയും റിപ്പോർട്ടിൽ അതാതു ഇടവകയിൽനിന്നും മാനങ്ങൾ നല്കിയവരുടെയും ലിസ്റ്റ് ഉൾപ്പെടുത്തി അവരെ പ്രോത്സാഹിപ്പിക്കണമെന്നു ഒരു അപേക്ഷയുണ്ട്.

S. T.

Late Mrs. P. J. Anna

(കുട്ടിഉപദേശിനി)

കോട്ടയം ഇടവകയിലും മഹായിടവകയിലെ സ്ത്രീജനസഖ്യാംഗങ്ങളിലും കുട്ടി ഉപദേശിനിയെ അറിയാത്തവരായി ആരുംതന്നെ ഉണ്ടായിരിക്കയില്ല. കഴിഞ്ഞ ജൂൺ മാസം 10-ാംനു അവർ മുണ്ടകപ്പാടത്തുവച്ചു നിർഭാഗ്യയായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

അവരുടെ ജീവിതത്തിലൂടെ നിവൃത്തിക്കപ്പെട്ട ദൈവത്തിന്റെ ഏതാനും വങ്കായ്കളെ പ്രസ്താവിച്ചില്ലെങ്കിൽ അതു കൃതഘ്നതയായിരിക്കും. മണർകാട്ട്, മച്ചുകാട്ട് എന്നീ സ്ഥലങ്ങളിൽ ആയുസ്സുപയുന്നതും ക്രിസ്തീയ സേവനം ചെയ്തു പ്ലാമൂട്ടിൽ ജോൺ ഉപദേശിയുടെ മകളായിരുന്ന കുട്ടി ഉപദേശിനി. ചെറുപ്പത്തിലേതന്നെ വിവാഹിതയായെങ്കിലും ഭർത്താവുതന്നെ വിട്ടു പുറപ്പെട്ടു പോയതിനാൽ വിവാഹജീവിതത്തിന്റെ സുഖസൗകര്യാദികൾ അനുഭവിച്ചില്ലെന്നു മാത്രമല്ല ആ വിഷയം ആയുസ്സു മുഴുവൻ സഹിച്ച ഒരു രഹസ്യവേദനയായിരുന്നു.

മാതാപിതാക്കന്മാരുടെ ജീവിതകാലം മുഴുവനും അവരോടുകൂടി ജീവിച്ചു അവരെ ശുശ്രൂഷിച്ചും ജോലിസ്ഥലത്തായിരുന്ന ഏക സഹോദരന്റെ കുഞ്ഞുങ്ങളെ പരിചരിച്ചും കഴിച്ചുകൂട്ടി. ഇതു സംബന്ധിച്ചു താൻ സഹിച്ച ക്ലേശം ചില്ലറയല്ലായിരുന്നു.

മാതാപിതാക്കന്മാരുടെ മരണാനന്തരം, ക്രിസ്തീയ വേലയിൽ ഏർപ്പെടണമെന്നുള്ള ആഗ്രഹം ജനിച്ചു. അതിനുള്ള വിദ്യാഭ്യാസമോ, പരിശീലനമോ ഇല്ലായിരുന്നെങ്കിലും ജീവിതത്തിലെ പല അനുഭവങ്ങൾ അതിനുതകി. കരുപ്പറം മിഷ്യനിൽ സ്ത്രീപ്രവർത്തനങ്ങളിൽ താൻ ഒരു നല്ല തുണയായിരുന്നു. ആ പ്രവർത്തനം നിന്നുപോയതോടെ കോട്ടയത്തേക്കു മടങ്ങിവന്നു. കോട്ടയം ഇടവകയിൽ തന്നെ ഒരു ഉപദേശിനിയായി നിയമിച്ചു. ഇടവക പ്രവർത്തനങ്ങളിൽ താൻ ആദ്യന്തം വളരെ സഹായിയായി കാണപ്പെട്ടു. ഭവനങ്ങൾ സന്ദർശിച്ചു ക്രിസ്തീയ വേലയിൽ, സഭാവേലയിൽ, ഉയർന്നവരെയും താണവരെയും ഒരുപോലെ പങ്കെടുപ്പിക്കുക തന്റെ ഒരു പ്രധാന വേലയായിരുന്നു. രോഗികളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുക തന്റെ ജീവകൃത്യങ്ങളിൽ മുന്നായിരുന്നു. മരണവീടുകളിൽ തന്റെ സാന്നിദ്ധ്യവും സഹായവും ആശ്വാസകാരണമായി അനുഭവപ്പെടാത്തവർ ചുരുക്കം ആയിരുന്നു. പാവപ്പെട്ട സഭാംഗങ്ങൾക്കു, തായ്സഭയിലും ഉപസഭയിലും ഉള്ളവർക്കായി വേദപഠനക്ലാസ്സുകൾ തന്മയത്വത്തോടുകൂടി നടത്തിപ്പോരിക പതിവായിരുന്നു. കൂടാതെ അവരെ അന്വേഷിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നതിനു സാമ്പത്തിക കഴിവുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇടവകയിൽ സ്ത്രീകളുടെ വകയായി ഓരോ ക്രിസ്തീയ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനു തന്നാൽ ആവോളം പരിശ്രമിച്ചു. ശാസിച്ചും, ഗ്രഹണദോഷിച്ചും, നിർബ്ബന്ധിച്ചും ധാരാളം കൊടുക്കുന്നതിനു സ്ത്രീകളെ ഉത്സാഹിപ്പിച്ചു. ചികിത്സാമിഷ്യൻ, ബൈബിൾ, മറ്റു സുവിശേഷപ്രവർത്തനങ്ങൾ എന്നിവയ്ക്കു എന്നും കൂടുതൽ ധനം ശേഖരിച്ചു വിശ്വസ്തതയോടെ അതു യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതിനു ഉപദേശിനിയുടെ യത്നം പ്രശംസയർഹിക്കുന്നു. അക്രൈസ്തവഭവനങ്ങൾ പതിവായി സന്ദർശിച്ചു അവരോടു സുവിശേഷം അറിയിക്കുന്നതിന് ഒരു പ്രത്യേക അഭിരുചിയും സാമർത്ഥ്യവുമുണ്ടായിരുന്നു. തുണയംകുടത്തു ബി. എം. ഹൈസ്ക്കൂൾ സംഘത്തോടു ചേർന്നു പലപ്പോഴും സുവിശേഷവേലയിൽ പങ്കെടുക്കുമ്പോൾ കുട്ടിയമ്മാമയുടെ കഥകളും ദൃഷ്ടാന്തങ്ങളും ഉപദേശങ്ങളും കേൾവിക്കാരെ അതിശയിപ്പിക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്

ഇതിന്റെ പിന്നിലുള്ള ജീവിതമാകട്ടെ പരിശോധനയിൽക്കൂടെ കടന്നു പോകുന്നവർക്കും പ്രത്യാശ നല്കുന്നതായിരുന്നു. മാതാപിതാക്കന്മാരുടെ മരണാനന്തരം തന്റെ

പ്രതീക്ഷകൾക്കു വിപരീതമായി സ്വഭവനം വിട്ടുപോകേണ്ടിവന്നു. ഏലിയാവിനെ കെരീത്തിലേക്കു അയച്ചു ദൈവം ജീവിക്കുന്നതിനാൽ കൂട്ടിയമ്മാമയ്ക്കും ദൈവം ഒരുക്കിയ ഒരു ഭവനമായി തേവർതുണ്ടിയിൽ മിസ്സസ്സ് ററി. കെ. കുരുവിള തന്നോടുകൂടെ പാർക്കാൻ ക്ഷണിച്ചു. കെരീത്തിലെ വെള്ളവും, അപ്പവും എന്നും നിലനിന്നില്ല. വെള്ളം വററിത്തുടങ്ങി. മിസ്സസ്സ് കുരുവിള സ്ഥലം വിടേണ്ടിവന്നു. സരപ്പയിൽ തന്നെ സ്വീകരിപ്പാൻ മിസ്സസ്സ് കോശി ജോൺ സന്നദ്ധയായി. സരപ്പയിലെ വിധവയുടെ മകൻ മരിച്ചപ്പോൾ ഏലിയാവിനുണ്ടായ അനുഭവമായിരുന്നു മിസ്സസ്സ് കോശിജോണിന്റെ പെട്ടെന്നുള്ള മരണം. എങ്കിലും തുടർന്നു അവിടെ താമസിക്കുന്നതിനുള്ള അനുവാദം ലഭിച്ചു.

ഇതിനു ശേഷമാണ് താൻ രോഗിയായി ആസ്പത്രിയെ അഭയം പ്രാപിച്ചതു്. കോട്ടയം ഇടവകക്കാരാകട്ടെ മുണ്ടകപ്പാടം അഗതിമന്ദിരത്തിൽ സൌകര്യപ്രദമായ ഒരു മുറി പണിയിച്ചു് ഉപദേശിനിയെ അവിടേയ്ക്കു മാററി. ചൂരച്ചെടിയുടെ കീഴിൽകിടന്ന് "ഇപ്പോൾ മതി, എന്റെ പ്രാണനെ എടുത്തുകൊള്ളണമെ" എന്നു ഏലിയാവു പറഞ്ഞതുപോലെ നിരാശയുടെ അനുഭവങ്ങളിൽക്കൂടെ കടക്കുകയായിരുന്ന ആദ്യകാലത്തു് — എന്നാൽ ഏലിയാവിന്റെ ദൈവം, ധൈര്യപ്പെടുത്തി, അന്ധകാരം നീക്കി, അഗതിമന്ദിരത്തിലെ പ്രയോജനവും പ്രത്യാശയുമുള്ള 'അമ്മാമ്മ'യായി രൂപാന്തരപ്പെടുത്തി. പ്രാർത്ഥനയ്ക്കും പ്രബോധനത്തിനും കൂട്ടായ്മയ്ക്കുള്ള അവസരങ്ങൾ നൽകി അനുഗ്രഹിച്ചുപയോഗിച്ചു. അഗതിമന്ദിരം റിപ്പോർട്ടിന്റെ ഒരു ഭാഗം ഉദ്ധരിക്കട്ടെ "ഈ മാതാവിന്റെ ആഗമനം മന്ദിരത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. 35 വർഷം തന്റെ പിതാവിന്റെ മന്ദിരത്തോടുള്ള പ്രവൃത്തിയെടുത്തു പോന്നതു പോലെതന്നെ തോന്നുമാറു് ഇപ്പോഴും വേല തുടരുകയാണ്. എല്ലാദിവസവും ഉച്ചയ്ക്കുശേഷം മന്ദിരം ചാപ്പലിൽ എല്ലാവരെയും കൂട്ടിച്ചേർത്തു പ്രാർത്ഥന നടത്തുക; മനഃക്ലേശമോ ഹൃദയഭാരമോ ഉള്ളവരെ തനിച്ചുകണ്ടു് ദൈവസ്നേഹത്തെപ്പററി പറയുക; മരണതാഴ്വരയിലൂടെ യോർദ്ദാൻ കടക്കുന്നവരുടെ അന്ത്യസമയത്തു പ്രത്യാശാപൂർവ്വമായ മനോധൈര്യം കൊടുക്കുക ആദിയായ ശുശ്രൂഷകൾ നിത്യമെന്നോണം നിറവേറപ്പെടുന്നു... ....വിശ്രമപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ വല്യമ്മയുടെ സമീപത്തുചെന്നു പ്രാർത്ഥനയ്ക്കായി പ്രവർത്തകർ ആവശ്യപ്പെടും.....വല്യമ്മ ഞങ്ങളോടു് അലിഞ്ഞു ചേർന്നുപോയി".

അനേകരെ പ്രത്യാശയോടെ മരണനിഴലിൻ താഴ്വര കടക്കുന്നതിനു സഹായിച്ച അമ്മാമ്മ അഗതിമന്ദിരത്തിലെ ഡോക്ടർമാരുടെയും സേവികമാരുടെയും നിരപടിയായ ശുശ്രൂഷകൾ അനുഭവിച്ചു്, ഒന്നുമില്ലാത്തവരെങ്കിലും എല്ലാമുള്ളവരായും, അനാഥരെങ്കിലും കരിക്കുലും കൈവിടപ്പെടാത്തവരായും നിത്യസ്വർഗ്ഗതയിലേക്കു പ്രവേശിച്ചു. ശവശരീരം ഭദ്രാസനപ്പള്ളിയിൽ കൊണ്ടുവരികയും തന്റെ അനവധി സ്നേഹിതരുടെ സാന്നിദ്ധ്യത്തിൽ ഇടവകപ്പട്ടക്കാരൻ സംസ്കാര ശുശ്രൂഷയും ചരമപ്രസംഗവും നടത്തിയശേഷം ഇടവക സെമിത്തേരിയിൽ ഉചിതമായി സംസ്കരിക്കപ്പെടുകയും ചെയ്തു. ഉചിതമായ ഒരു സ്മാരകം സ്ഥാപിപ്പാൻ ഇടവകക്കാർ ആലോചിക്കുന്നതായി അറിയുന്ന വിവരവും പ്രസ്താവിക്കട്ടെ.

"ദൈവം തന്റെ വിശുദ്ധനിവാസത്തിൽ അനാഥർക്കു പിതാവും വിധവമാർക്കു ന്യായപാലകനും ആകുന്നു ദൈവം ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു. അവൻ ബദ്ധന്മാരെ വിടുവിച്ചു സൌഭാഗ്യത്തിലാക്കുന്നു".

"യഹോവയുടെ വിശുദ്ധന്മാരെ അവനെ ഭയപ്പെടുവിൻ; അവന്റെ ഭക്തന്മാർക്കു ഒന്നിനും മുട്ടില്ലല്ലോ"

"നീതിമാന്മാർ നിലവിളിച്ചു; യഹോവാ കേട്ടു. സകല കഷ്ടങ്ങളിൽ നിന്നു അവരെ വിടുവിച്ചു".

A. B.

ബഥേൽ ആശ്രമം കുറിപ്പുകൾ

മദ്ധ്യവേനൽ അവധികഴിഞ്ഞു ആശ്രമത്തിന്റെ പ്രവർത്തനം വീണ്ടും ആരംഭിച്ചിരിക്കുന്നു. ബൈബിൾ സ്കൂളിലേക്ക് ഒരു ചെറിയ കൂട്ടം വിദ്യാർത്ഥികൾ വന്നുചേർന്നിട്ടുണ്ട്. ക്രിസ്തീയ കുടുംബപരിശീലനത്തിനും ഒരു കൂട്ടം ഉണ്ട്. വായന പഠിക്കാനായി നാലു പേർ ഉണ്ട്. സ്കൂളിൽ 12 വയസ്സിനു താഴെയുള്ള 146 കുട്ടികൾ നാലു കുടുംബങ്ങളിലായി താമസിച്ചു പഠിക്കുന്നു.

കല്ലടശാഖയിൽ നടത്തുന്ന ജഡ്ജ് ചെറിയാൻ മെമ്മോറിയൽ കിണ്ടർഗാർട്ടൻ നേഴ്സറി സ്കൂൾ, നാലു ക്ലാസ്സുള്ള പ്രൈമറി സ്കൂളായി നടത്തുന്നതിന് അനുവാദവും അംഗീകാരവും ലഭിച്ചിരിക്കുന്നതിനാൽ, ഒരു മുറിയും ആഫീസ് മുറിയും കൂടെ പണിയണമെന്നും, അരമതിൽ കെട്ടി അടക്കണമെന്നും ഉത്തരവ് ഉണ്ട്. ഇതിനു പണച്ചെലവ് ഉണ്ട്. ഇതിൽ താല്പര്യമുള്ള ആരെങ്കിലും സഹായിക്കണമെങ്കിൽ, ചെയ്യുമല്ലോ.

പാറ്റ്പാറ ശാഖയിൽ മിസ്സ് ക്ലേര തിമൊത്തി എന്നു പേരായ ഒരു മദ്ധ്യപ്രദേശത്തുകാരി സ്ത്രീ—യുവത്ത് മോൾ ബൈബിൾ സ്കൂൾ പരിശീലനം കഴിഞ്ഞവളും, ഹിന്ദി സംഭാഷണമായിരിക്കുന്നവളുമായ ഒരാൾ—വന്നു ചേർന്നിരിക്കുന്നതു ദൈവപ്രമായ സംഗതിയാകുന്നു. കുട്ടികളുടെ ഇടയിലെ വേലയും, സുവിശേഷവേലയും അഭിവൃദ്ധിപ്പെടുകയും ഏകാന്തമായി വേലചെയ്യുവരുന്ന സിസ്റ്റർ ലീല ജോണിന് ഒരു കൂട്ടുമായിത്തീരുന്നതാണ്.

പറക്കാലിലെ ശാഖ "ഭഗീരഥപ്പേട്ട" എന്ന ഗ്രാമത്തിലേക്ക് മാറണമെന്ന അഭിപ്രായം ദൈവഹിതമാണെന്നതിനു പല തെളിവുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഫർലോ അവധിക്കു വന്ന രണ്ടു സിസ്റ്റേഴ്സിനു പല വാശ്രത്തുള്ളും 600-ൽ പരം രൂപായും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. അവിടെ പണിയണമെന്നു വിചാരിക്കുന്ന ഡിസ്പെൻസറി, കിണർ, വീട്ടു ഇവയ്ക്കു അപ്പിക്കുന്ന മാനങ്ങൾ, 'ഭഗീരഥപേട്ട' 'ആശ്രമഫണ്ടിലേക്ക്' എന്നു പറഞ്ഞു ആഫീസിൽ കൊടുക്കുകയോ ഞങ്ങളെ ഏല്പിക്കുകയോ ചെയ്യുമല്ലോ. പറക്കാൽ മിഷ്യനറിയുടെ അറിവോടു കൂടെയാണ് ഇങ്ങനെ ഒരു ഫണ്ടു ഉണ്ടാക്കുന്നതു.

'Home of Peace'-ന്റെ രണ്ടാമത്തെ കോട്ടേജിന്റെ പണി നടന്നുവരുന്നു. ഓരോ മുറിയിലും ഒരു കട്ടിൽ, ഒരു മേശ, ഒരു കസേര, ഒരു ചാരുകസേര, കുളിമുറിയിലേക്കു വേണ്ടുന്ന സാമാനങ്ങൾ ഇവ ഉണ്ടാകണം. ശുചിത്വം ഓർത്തു, വീട്ടുകളിൽനിന്നും മെത്ത, പായ്, തലയിണകൾ ഇവ കൊണ്ടുവരാൻ ആവശ്യപ്പെടേണ്ട എന്നു വിചാരിക്കുന്നു. മൂട്ട ഇല്ലാത്ത വീടുകൾ എതു ഉൾപ്പെടെ!!!

1957—58-ലെ ബഥേൽ റിപ്പോർട്ട താമസിയാതെ വിതരണം ചെയ്യാമെന്നാശിക്കുന്നു. ഓരോ സ്ത്രീ കൂട്ടങ്ങളിലും അതു വായിക്കയും ഓരോ വിക്രയത്തിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യണമേ. വിതരണത്തിനും, പ്രചരണത്തിനും വേണ്ട സഹായം ചെയ്യുമല്ലോ.

മുൻ പ്രസിദ്ധീകരണം കഴിഞ്ഞശേഷം Home of Peace നു ലഭിച്ച സംഭാവനകൾ പ്രസിദ്ധീകരിക്കുന്നു. രസീതുകളും റിപ്പോർട്ടും ഇതിനു പ്രത്യേകമായി പ്രസിദ്ധിപ്പെടുത്തുകയില്ലാത്തതിനാൽ ഇതിൽ ശ്രദ്ധയുള്ളവർ സൂക്ഷിച്ചു മനസ്സിലാക്കണം.

Home of Peace

	രൂ.		രൂ.
കെ. എം. വറുഗീസ്	100	മിസ്സസ്സ് മേരി കോരുത (3rd inst.)	25
മിസ്സസ്സ് കെ. ജി. കോശി	50	,, തോമസ്, കല്ലട	10
,, ഇ. പി. കുരുവിള	100	,, പി. റെറി. മേരി (Nurse)	10
,, എം എം. ഫിലിപ്പ്	100	മിസ്സ് ഡോൾട്ടൻ	27

സുവിശേഷഭാഷിണി

പറക്കാൽ മിഷ്യൻ

ഞങ്ങളുടെ അവധിയും ഡപ്യൂട്ടേഷൻവേലയും കഴിഞ്ഞു ജൂലൈ 9നു രാവിലെ സുഖമായി ഇവിടെ വന്നുചേർന്നു. അവധികാലവും ഡെപ്യൂട്ടേഷൻവേലയും യാത്രയും ഞങ്ങൾക്കു വളരെ സന്തോഷവും പലവിധ അനുഭവങ്ങളോട്ടുകൂടിയതും ആയിരുന്നു. ഞായറാഴ്ച മാത്രമല്ല ഇടയ്ക്കിടയ്ക്കുള്ള സഭകൾ സന്ദർശിച്ചതിനാൽ 42 സ്ഥലങ്ങളിൽ പോകുവാൻ സാധിച്ചു. സച്ചിദാനന്ദനായ ദൈവത്തിന്റെ അതിരറ്റ സ്നേഹവും, കാവലും, സംരക്ഷണയും, നടത്തിപ്പും തുടർച്ചയും അനുഭവിച്ചതു എത്ര എന്നും, എങ്ങിനെ എന്നും, പറഞ്ഞറിയിക്കാവുന്നതിലും അധികമാണ്. ഞങ്ങൾ സന്ദർശിച്ച ഇടവകകളിലുള്ള പട്ടക്കാരും, ഉപദേശിമാരും ജനങ്ങളും കർത്താവിന്റെ നാമത്തിൽ ഞങ്ങളെ കൈയ്ക്കൊണ്ട സ്നേഹത്തോടും കരുതലോടും ചെയ്തതന്ന എല്ലാ സഹായസഹകരണങ്ങൾക്കായും അവരോടു വീണ്ടും നന്ദി പറഞ്ഞുകൊള്ളുന്നു. സ്വന്ത വേലകളോ, ശരീരക്ഷീണമോ വകവയ്ക്കാതെ ഭവനങ്ങൾ സന്ദർശിക്കുന്നതിനായി ഞങ്ങളോടുകൂടെ വരികയും ഇവിടുത്തെ വേലയ്ക്കുവേണ്ടി തങ്ങളുടെ സ്ഥലവാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ സ്നേഹിതർക്കും ഞങ്ങൾ നന്ദി പറയുന്നു. ഇവിടുത്തെ വേലയുടെ ആവശ്യത്തെ മനസ്സിലാക്കി സന്തോഷത്തോടുകൂടി ധനം തന്നു സഹായിക്കയും വാഗ്ദാനങ്ങൾ നല്കുകയും ചെയ്തവരോടുള്ള നന്ദിയെ ഞങ്ങൾ ഇവിടെയും രേഖപ്പെടുത്തുന്നു.

ആനി തോമസിന്റെ പ്രിയപിതാവു മെയ് 19നു രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചു. പ്രത്യാശയോടുകൂടെയുള്ള മരണകിടക്കയിൽ തക്ക സമയത്തു പിതാവിനെ ശുശ്രൂഷിക്കാൻ ആനി തോമസിനു സൌകര്യം ലഭിച്ചതിലും ദൈവത്തെ സ്തുതിക്കുന്നു.

1953 മുതൽ ബോർഡിങ്ങുകുട്ടികളുടെ സംഖ്യാപ്പിനായി പണം ആപ്പീസിൽ അടച്ചുകൊണ്ടിരുന്ന പലരും അതു ഇടയ്ക്കു നിറുത്തിയതു വീണ്ടും തുടരാം എന്നും സമ്മതിച്ചിട്ടുണ്ട്. നടിക്കുട പള്ളി പണിയുടെ ആവശ്യത്തിലേക്കു സണ്ടേസ്കൂൾ കുട്ടികൾ പല സ്ഥലങ്ങളിലും പ്രത്യേക പിരിവുകൾ നടത്തി പണം ശേഖരിച്ചിട്ടുണ്ട്.

പറക്കാലിലുള്ള നമ്മുടെ മിഷ്യന്റെ കേന്ദ്രത്തിൽനിന്നും 10 മൈൽ ദൂരമുള്ള "ഭഗീരഥപേട്ട" എന്ന ഗ്രാമത്തിൽ ഒരു പുതിയ കേന്ദ്രം ആരംഭിക്കുവാൻ ആലോചനയുള്ളതായി സുവിശേഷഭാഷിണിയിൽനിന്നും നിങ്ങളിൽ പലരും വായിച്ചുകാണുമല്ലോ. കഴിഞ്ഞ ഏപ്രിൽമാസത്തിൽ കഷ്ടാനുഭവ ആഴ്ചയിൽ എല്ലാ പള്ളികളിലും വായിച്ച ബിഷോപ്പു കമ്മിസറിയുടെ എഴുത്തിലും ഈ പുതിയ കേന്ദ്രത്തിന്റെ ആവശ്യത്തെക്കുറിച്ചു പ്രത്യേകം സൂചിപ്പിച്ചിരുന്നു. 125 ഗ്രാമങ്ങളിലായി ഒന്നരലക്ഷത്തിൽ അധികം ജനങ്ങളുള്ള ഈ താലൂക്കിൽ 32 ഗ്രാമങ്ങളിൽനിന്നും 2000-ൽ ചിലപ്പോൾ ജനങ്ങൾ ഹരിജനങ്ങളിൽനിന്നു ക്രി

	രൂ.		രൂ.
മിസ്സ് ഏലിയാമ്മ തോമസ്	3	മിസ്സസ്സ് ജോസഫ്	200
മിസ്സസ്സ് റവ. പി. ജോസഫ്	5	മിസ്സ് എം. ജോസഫ്	10
ചെങ്ങന്നൂർ	3	ശ്രീ മേഴ്സി സി ജോസഫ്	100
മിസ്സസ്സ് റവ. ജെ ഏബ്രഹാം	100	മിസ്സസ്സ് സി. കെ. മറിയം	10
മിസ്സസ്സ് & മി. എൻ. സി. ഡേവിഡ് ഏറത്തുമ്പമൺ	3	" കെ. ജെ. ജോസഫ്	20
മിസ്സ് എ. ഐ. ഗ്രേസി (1 st. inst.)	25	മിസ്സ് മേരി തോമസ്	10
		മിസ്സസ്സ് എം. പി. പാക്കേ	50

സ്വാനികളായി സഭയോട് ചേർന്നിട്ടുണ്ട്. സുവിശേഷം കേൾക്കാനും സ്വീകരിപ്പാനും കരുക്കുള്ള അനേകം ഗ്രാമങ്ങളിൽ സവർണ്ണരും അല്പാത്തവരുമായ വലിയോരു കൂട്ടം ഉണ്ട്.

നമ്മുടെ പ്രവർത്തകരിൽ ഒരാൾ (മിസ്സ് ആനിതോമസ്) ഹെൽത്ത് വിസിറിംഗ് ട്രയിനിങ്ങുകഴിഞ്ഞ ഒരാളാകയാൽ ഒരു ഡിസ്പെൻസറി (Maternity and child welfare centre) കൂടെ തുടങ്ങുവാൻ ഈ പുതിയ കേന്ദ്രത്തിനു സാദ്ധ്യതയുണ്ട്. പറക്കാലിൽ ഒരു ഡിസ്പെൻസറി പണിയുന്നതിനു മിഷ്യൻബോർഡ് അനുവദിച്ചിരുന്നു. ആശ്രമം അസോഷിയേറ്റ്സ് കഴിഞ്ഞവർഷം 500 രൂപായും, ഈ വർഷം 200 രൂപായും ആപ്പീസിൽ ഏല്പിച്ചു. ഗവർമ്മെൻറ് ആശുപത്രിയുള്ള സ്ഥലത്തു മിഷ്യന്റെ ആശുപത്രികൾ പുതുതായി ആരംഭിക്കേണ്ടാ എന്നും വൈദ്യസഹായം ലഭിക്കാത്ത ഉൾഗ്രാമങ്ങളിൽ വൈദ്യശുശ്രൂഷ കൂടുതൽ പ്രയോജനകരമെന്നും ഡോർനക്കലിലെ മെഡിക്കൽബോർഡിൽ തീരുമാനിച്ചു. അതിനാൽ പറക്കാലിൽ പണിയാനുദ്ദേശിച്ച കെട്ടിടം ഭഗീരഥപേട്ടയിൽ പണിയിച്ചു, ഞങ്ങൾ അവിടെ താമസിച്ചു, അതു പുതിയ കേന്ദ്രമാക്കി, ആശ്രമരീതിയിൽ വേല നടത്തണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു. ഭഗീരഥപേട്ടയുടെ ചുറ്റുമായി ഇതുവരെയും സുവിശേഷം അറിഞ്ഞിട്ടില്ലാത്ത പതിനഞ്ചു ഗ്രാമങ്ങൾ ഉണ്ട്. ഡെപ്യൂട്ടേഷൻ നടത്തിയ സ്ഥലങ്ങളിൽ ഈ പ്രത്യേക ആവശ്യത്തെക്കുറിച്ചും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. മിക്കവാറും എല്ലാ സഭകളിൽനിന്നും സഹായസഹകരണങ്ങൾ ലഭിച്ചു. ലഭിച്ച തുകകൂടെ ലിസ്റ്റ് അന്യത്ര ചേർത്തിട്ടുണ്ട്. ഇതുവരെ ഇടവകകളിൽനിന്നു ലഭിച്ച തുകയേക്കാൾ അധികം വാഗ്ദാനങ്ങളായിട്ടുള്ള തുക ലഭിക്കാനുണ്ട്. അടുത്ത ജനുവരി ഫെബ്രുവരിയിലേക്ക എല്ലാവരും തങ്ങളുടെ വാഗ്ദാന തുക തന്നു തീർക്കും എന്നു വിശ്വസിക്കുന്നു. ഭഗീരഥപേട്ടയിലുള്ള പുതിയ കേന്ദ്രത്തിനു മുന്നര ഏക്കർ സ്ഥലം ബഥേൽ ആശ്രമക്കാരും, ഒരു കിണറ് കാട്ടാമ്പാക്കൽസഭക്കാരും വാഗ്ദാനം ചെയ്തു. ചില സ്ഥലങ്ങളിലുള്ള മിഷ്യൻസ്കൂൾ അദ്ധ്യാപകർ തങ്ങളുടെ ഒരുമാസത്തെ മുശാംശതുക ഈ കേന്ദ്രത്തിനായിട്ടു വാഗ്ദാനം ചെയ്തു എന്നുള്ളതും സന്തോഷത്തോടുകൂടെ ഇവിടെ രേഖപ്പെടുത്തുന്നു. എല്ലാ മിഷ്യൻസ്കൂൾ അദ്ധ്യാപകർക്കും ഇതു പ്രയാസംകൂടാതെ ചെയ്യാവുന്ന സഹായമാണല്ലോ. മൈവം നമുക്കു തന്നിരിക്കുന്ന കൃപയുടെ കാലങ്ങളെ വ്യർത്ഥമാക്കരുതേ. സ്ഥലത്തിനും, കിണറിനും, കെട്ടിടത്തിനുമായി 7000 രൂപയാണ് ആവശ്യമുള്ളതു. അതിൽ 2652 രൂപാ 8 അണ ആപ്പീസിലും ഇവിടെ പോസ്റ്റാഫീസിലുംകൂടെ ഉണ്ട്. ഇനിയും അയയ്ക്കുന്ന സംഭാവനകൾ "ഭഗീരഥപേട്ട" പുതിയ കേന്ദ്രത്തിന് എന്നുള്ള കുറിപ്പോടുകൂടെ കോട്ടയത്തു ആപ്പീസിലൊ ഇവിടെ ഞങ്ങളുടെ മേൽവിലാസത്തിലൊ നിങ്ങളുടെ സൌകര്യംപോലെ അയയ്ക്കാവുന്നതാണ്. ഈ പുതിയ കേന്ദ്രത്തിന്റെ എല്ലാ കാര്യാദികളും മൈവേഷ്ടപ്രകാരം നടത്തപ്പെടേണ്ടതിനും; ആത്മത്തിലേക്കു നീക്കി മീൻപിടുത്തത്തിനു വല ഇറക്കുവിൻ എന്നു പറഞ്ഞ കർത്താവു അനേകരെ തന്റെ പക്ഷം ചേർക്കുന്നതിനായും പ്രാർത്ഥിക്കണമേ എന്നു പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

സ്ത്രീപ്രവർത്തകർ.

Parakal
(Via) Kazipet C. Ry.
Andhra Pradesh 14-7-58

MISS ANNIE THOMAS
&
SISTER MARY THOMAS

പുതിയ കേന്ദ്രത്തിനു ലഭിച്ച സംഭാവനകളുടെ ലിസ്റ്റ്

രാ. രാ. അവർകൾ	ക.	ണ.	പ.	രാ. രാ. അവർകൾ	ക.	ണ.	പ.
കെ. സീ. കുഞ്ഞൻ, കുഴിക്കാലാ	5	0	0	മിസ്സ് കുഞ്ഞുഞ്ഞമ്മ കോശി, മുണ്ടിയപ്പള്ളി	5	0	0
മിസ്സസ്സ് മേരി ജോസഫ്, സിലോൺ	250	0	0	പെരുമ്പെട്ടിപള്ളിയിലുള്ള കോട്ടുകുഞ്ഞി	1	0	0

രാ. രാ. അവർകൾ		ക.	ണ.	പ.
മുഞ്ഞനാട്ടിൽ	,,	0	0	4
പി. പി. നൈനാൻ	,,	2	0	0
മിസ്സസ്സ് കുഞ്ഞുഞ്ഞമ്മ, ആയ്യാറ്റ് പുത്തൻവീട്ട്, കോട്ടകുഉഞ്ഞി		2	0	0
വി. സി. വക്കി		1	0	0
ഡോ. പി. എം. മാത്തു, മാവേലിക്കര		25	0	0
മിസ്സസ്സ് ഏലിയാമ്മ സോഉമൻ, പുതുപ്പള്ളി		1	0	0
സോഉമൻ ജോസഫ്	,,	5	0	0
മിസ്സസ്സ് മറിയാമ്മ ശാമുവേൽ, പുതുപ്പള്ളി		2	0	0
മിസ്സ് കുഞ്ഞമ്മ ഐസക്ക്	,,	2	0	0
റവ. കെ. പി. ചാണ്ടി	,,	4	0	0
,, പി. ഐ. ജോർജ്ജ്	,,	5	0	0
മിസ്സസ്സ് മറിയാമ്മ കുയ്യൻ, കറിക്കാട്ടൂർ		10	0	0
,, ചിന്നമ്മ കുയ്യൻ	,,	5	0	0
വി. ഐ. അബ്രഹാം	,,	2	0	0
ഫിലിപ്പു കുയ്യൻ	,,	10	0	0
മറിയാമ്മ	,,	1	0	0
മിസ്സസ്സ് കെ. എസ്സ്. കുയ്യൻ, കറിക്കാട്ടൂർ		10	0	0
എ. ഡി. കുയ്യൻ	,,	10	0	0
മിസ്സസ്സ് ഏലിയാമ്മ ചാക്കോ, കറിക്കാട്ടൂർ		2	0	0
പേരറിയിക്കാതെ	,,	10	0	0
മിസ്സസ്സ് കെ. എസ്സ്. ജോർജ്ജ്, കറിക്കാട്ടൂർ		15	0	0
,, എ. സി. കുയ്യൻ	,,	10	0	0
,, മറിയാമ്മ കുയ്യൻ	,,	10	0	0
റവ. ജോർജ്ജ് കോശി	,,	5	0	0
ശാമുവേൽ	,,	1	0	0
നേഴ്സ്, കുട്ടിക്കാൽ		1	0	0
മിസ്സസ്സ് എ. ബി. ഫെൻ, വാഴൂർ		10	0	0
,, ഐസക്ക് ഫെൻ	,,	5	0	0
,, ജെ. ബി. ഫെൻ		2	0	0
,, തങ്കമ്മ ഫെൻ		10	0	0
,, ജോൺഫെൻ	,,	5	0	0
,, ജോസഫ് ഫെൻ	,,	3	0	0
ബി. ഫെൻ	,,	10	0	0
മിസ്സസ്സ് ററി. ബി. ഫെൻ	,,	4	0	0
,, മേരി ചെറിയാൻ		3	0	0
റവ. പി. ഡി. ജോൺ		2	0	0

രാ. രാ. അവർകൾ		ക.	ണ.	പ.
ഡോ. പി. എം തോമസ്		10	0	0
മിസ്സസ്സ് ശോശാമ്മ തോമസ്, എറിക്കാട്ട്		1	0	0
മിസ്സ് ആച്ചിയമ്മ ഏബ്രഹാം	,,	2	0	0
മിസ്സസ്സ് അച്ചാമ്മ മാത്തു	,,	4	0	0
പി. വി. ഇട്ടി	,,	1	0	0
മിസ്സസ്സ് ഏലിയാമ്മ ഇട്ടി	,,	5	0	0
,, കെ. സി. സേതു	,,	5	0	0
ഐ. ഇട്ടി, മല്ലപ്പള്ളി		5	0	0
ഐ. മാത്തു	,,	2	0	0
മിസ്സസ്സ് മറിയാമ്മ മാത്തു	,,	5	0	0
റവ. എം. സി. ഈപ്പൻ	,,	4	0	0
റവ. എം. കെ. ജോർജ്ജ്	,,	3	0	0
മിസ്സസ്സ് എം. പി. പുന്നൻ, തൊടുപുഴ		25	0	0
മാതൃസംഘം	,,	25	0	0
മിസ്സസ്സ് ശോശ ജോൺ	,,	5	0	0
റവ. ഐ. സി. കുയ്യൻ കണ്ണിക്കൽ		5	0	0
തേക്കുംകാട്ടിൽ ജോസഫ്	,,	4	0	0
വി. ററി. ശമുവേൽ	,,	1	0	0
മിസ്സസ്സ് ത്രത്ത്, മേലുകാവ്		5	0	0
മിസ്സ് ഡബ്ലിയു. വി. അന്നമ്മ, മേലുകാവ്		5	0	0
,, ററി. എ. അന്നമ്മ	,,	1	0	0
സ്നേഹവഴിപാട്ട്, എരുമപ്ര		8	0	0
മിസ്സ് കെ. എസ്സ്. അന്നമ്മ, മങ്കൊമ്പ്		10	0	0
മിസ്സസ്സ് കെ. ജെ. ജോസഫ്, മങ്കൊമ്പ്		20	0	0
ഒരു പെൺകുട്ടി, ബി. എം. സ്കൂൾ		1	0	0
മിസ്സസ്സ് കുരുവിള, ആലപ്പുഴ		10	0	0
റവ. കെ. എം. ജോൺ	,,	5	0	0
സിസ്റ്റർ മറിയം ബഞ്ചമിൻ		10	0	0
മിസ്സസ്സ് വി. കെ. അബ്രഹാം, നല്ലാനിക്കുന്ന്		30	0	0
,, അക്കമ്മ കുയ്യൻ	,,	2	0	0
,, ഏലിയാമ്മ വറുഗീസ്, നല്ലാനിക്കുന്ന്		2	0	0
,, വി. കെ. ഉമ്മൻ	,,	10	0	0
ഒന്നാം പ്രാർത്ഥനയോഗം	,,	16	0	0
മിസ്സസ്സ് മാത്തൻ, ബംഗ്ലൂർ		25	0	0
ററി. സി. ചാക്കോ	,,	10	0	0

രാ. രാ. അവർകൾ		ക.	ണ.	പ.
മിസ്സസ്സ് സി. ചാണ്ടി	,,	20	0	0
,, എ. ജെ. ചാണ്ടി, ഗ്രണ്ടക്കൽ		5	0	0
,, വി. റെറി. ഏബ്രഹാം, ബാഗ്ളൂർ		15	0	0
,, പി. സി. ഏബ്രഹാം	,,	10	0	0
,, എൽ. ഡി. ചാറെർ	,,	20	0	0
,, മാഗി ജേക്കബ്	,,	3	0	0
,, ആനി ജേക്കബ്	,,	3	12	0
ഡോ. (മിസ്സസ്സ്) സി. ചാണ്ടി, ബാഗ്ളൂർ		25	0	0
മിസ്സസ്സ് വി. ഡി. ജോജ്ജ്	,,	10	0	0
,, ജേക്കബ് തോമസ്	,,	3	0	0
,, കെ. എം. തോമസ്	,,	10	0	0
മിസ്സ് ഇട്ടിയേരാ	,,	10	0	0
റവ. ഡബ്ല്യു. സി. വറുഗിസ്, തലവടി		6	6	0
മിസ്സസ്സ് റെറി. സി. ജോജ്ജ്	,,	2	0	0
,, ശോശാമ്മ ജോർജ്ജ്	,,	2	0	0

രാ. രാ. അവർകൾ		ക.	ണ.	പ.
,, പി. എം. തോമസ്	,,	3	0	0
ഡോ. ഏലിയാമ്മ ഉമ്മൻ	,,	3	0	0
വെസ്റ്റിൻ കാനഡാ		250	0	0
പ്രത്യേക സംഭാവനകൾ.				
മാമിടി ദാവീദിന് ഉടുപ്പിന്				
വൈ. എം. സി. എ., ഏലപ്പള്ളി		5	0	0
(പോഷംപല്ലെ ആശാന്റെ കുട്ടികൾക്ക് ഉടുപ്പിന് സോജൻ ജേക്കബ്, തോപ്പിൽ പിറന്നാൾ സ്തോത്രം		5	0	0
ചെലക്കപ്പാറ പാപ്പി	,,	1	0	0
കുന്നംപുറം ഏലി	,,	1	0	0
കുരുടൻ ദേവദത്തിന് ഡബ്				
ഇയ്യ. സി. തോമസ്, ആലപ്പുഴ		2	0	0
കുട്ടികൾക്ക് പലഹാരം മുതലായ വയ്ക്ക് ജെ. ജെയിക്കബ്, ബാംഗ്ളൂർ		1	0	0
ജി. ജയിക്കബ്	,,	0	0	4
സി. റെറി. കുഞ്ഞൻ	,,	5	0	0

Sister, Mary Thomas,
14-7-'58.

പറക്കാലിലെ ബോർഡിങ്ങ് കുട്ടികളും അവരെ സന്ധിക്കുന്നവരും

ആൺകുട്ടികൾ

ബൊമ്മക്കണ്ടി സക്കറിയാ	സ്ത്രീജനസഖ്യം, കാനഡാ
ശുപ്പട്ടി ദേവാനന്ദം	മി. ജി. എം. തങ്കൻ, മദ്രാസ്
സിൽവേരു യാക്കോബു	ഡോ. (മിസ്സ്) ഇ. ഉമ്മൻ, ഗ്രണ്ടർ
ശുപ്പട്ടി ജോസഫ്	മി. എൻ. വി. ഐസക്ക്, നെടുങ്ങാടപ്പള്ളി
ശുപ്പട്ടി ഏലിയാ	മാതൃസംഘം, നെടുങ്ങാടപ്പള്ളി
ബൊച്ചു യാക്കോബു	മേജർ കെ. ജോൺ, ഡൽഹി
മടിക്കൊണ്ട ശിമോൻ	മിസ്സസ്സ് സി. ജെ. കോരുഉ, മദ്രാസ്
കാണപാക്കല കൊർന്നേലി	മിസ്റ്റർ എം. ജോൺ, എറണാകുളം
ബൊച്ചുദേവമണി	റവ. വി. റെറി. കുഞ്ഞൻ, ബാംഗ്ളൂർ
ബൊച്ചു ദേവസഹായം	സണ്ടെസ്ക്കൂൾ, മേലുകാവു്
ശുപ്പട്ടിജോൺ	മാതൃസംഘം, ഒളശ്ശ
ബൊച്ചു ആന്തയ്യാ	മി. കെ. ചാണ്ടി, ഹൈദരബാദ്

മടിക്കൊണ്ട ശംശോൻ	മാതൃസംഘം, വാഴൂർ
മാമിടി മാവീട	മാതൃസംഘം, ആലപ്പുഴ
മടിക്കൊണ്ട ജേംസ്	സ്ത്രീജനസഖ്യം, കാനഡാ
ബൊച്ചുപ്രകാശം	സണ്ടെസ്ക്കൂൾ, കഞ്ഞിക്കുഴി
റേക്കല കുമാർ	മി. എം. ജെ. ജേക്കബ്ബ്, കാഞ്ഞിരപ്പള്ളി; മി. പി. എ. ഏബ്രഹാം, വാൽപാറ
കോലപാക്ക നീലാംബരം	മി. കെ. സി. ജോൺ, സോടി അറേബിയാ
കോലപാക്ക പ്രസംഗി	മി. പി. കെ. ഉമ്മൻ, ക്രുവേറ
കോലപാക്ക സുമംഗലം	സ്ത്രീജനസഖ്യം, കാനഡാ
ഗുറം സത്യാനന്ദം	മി. ജി. എം. ജേക്കബ്ബ്, ഹൈദരബാദ്
ഏറ മാവീട്	ആരുമില്ല.
ഗാമുലയാക്കോണു	ആരുമില്ല

പെൺകുട്ടികൾ.

ബൊച്ചു മേവകരുണ	മിസ്സസ്സ് എൽ. എം. വറുഗീസ്, കൽക്കത്താ
മന്തമയാവതി	മി. എം. സി. ചാക്കോ, Tanganyika
ബൊട്ടസ സന്തോഷം	സ്ത്രീജനസഖ്യം, കാനഡാ
മന്തകരുണ	,, കന്നീററി
മന്തശാന്ത	മിസ്സ് മേറി കോട്ടിങ്ങ്ഹാം, കാനഡാ
ഇശംപള്ളി ശാന്ത	ബി. എം. സ്ക്കൂൾ, കോട്ടയം
മടിക്കൊണ്ട വിക്ടോറിയാ	സ്ത്രീജനസഖ്യം, കാനഡാ
ബൊട്ടസ സുശീല	മിസ്സസ്സ് എം. തോമ്മസ്, സെക്കന്തരബാദ്
ആക്കനൂരു റോസലിൻ	,, സി. കെ. മത്തായി, മദ്രാസ്
മന്തപള്ളി ശ്രുത്	മി. പി. ചാണ്ടി, ഹൈദരബാദ്
മന്തപ്പള്ളി സരോജം	,, ററി. ഐ. മൈസക്ക്, ഗുർഡാസ് പൂർ
ഇശംപള്ളി കമല	മാതൃസംഘം, കുഴിക്കാലാ
ധുപ്പട്ടി മേറി	,, കറിക്കാട്ടൂർ

ബോർഡിങ്ങിൽ ഇപ്പോഴുള്ള രണ്ടു കുട്ടികൾക്കു സന്ധിപ്പുകാർ ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. കൂടാതെ രണ്ടുമൂന്നു കുട്ടികൾ ചേരുന്നതിനായിട്ടു കാത്തുകൊണ്ടിരിക്കുന്നു. ഭയവായി ആരെങ്കിലും അവരെ സഹായിക്കുന്നതിനായി താല്പര്യപ്പെടുന്നപക്ഷം എന്നെ വിവരം അറിയിക്കണമെന്നും ഓരോ കുട്ടിക്കും ആവശ്യമുള്ള തുക—മാസംതോറും പന്ത്രണ്ടു രൂപാവീതം—മുടങ്ങാതെ അയച്ചുതരണമെന്നും അപേക്ഷിക്കുന്നു.

Parkal,
Via Kazipet C. Ry.
10-7-'58.

Rev. T. M. THOMAS.

1958 ജൂൺമാസത്തിൽ പറക്കാലിൽ ലഭിച്ച സംഭാവനകൾ

ബോർഡിംങ്ങ് കുട്ടികൾക്കുവേണ്ടി

	രൂ.
മാതൃസംഘം, ആലപ്പുഴ	25
സ്ത്രീജനസഖ്യം, കന്നീറ്റി	12
മിസ്സസ്സ് സി. കെ. മത്തായി	5
,, എം. തോമസ്, സെന്തരബാദ്	12
മി പി. ചാണ്ടി, ഹൈദരബാദ്	12
,, ജി. എം. ജേക്കബ് ,,	12
റവ. പി. ററി. കുയ്യൻ, ബാംഗളൂർ	36
മി. എ. ചെറിയാൻ, തിരുവല്ലാ	25
,, എം. ജെ. ജേക്കബ്, കാഞ്ഞിരപ്പള്ളി	6
,, കെ. സി. ജോൺ, സോടി അറേബിയ	24

പ്രവർത്തകക്കുവേണ്ടി.

സി. എസ്സ്. ഐ. മലയാളംസഭ, ഹൈദരബാദ്	35
,, മദ്രാസ്	33

	രൂ.
മി. പി. ററി. യോഹന്നാൻ, ഡ്റൂഗ്	20
,, എം. ഐ. ചെറിയാൻ, ശാന്തിപുരം	15
മിസ്സസ്സ് ററി. ററി. ജോൺ, എറണാകുളം	10
മി. ഇ. വി. ജോർജ്ജ്, ബോളിയാ	5
,, വറുഗീസ് കെ. ജോൺ, പള്ളം	5

നടിക്കുടെ ചാപ്പലിനുവേണ്ടി.

മി. പി. കെ. വറുഗീസ്, മുണ്ടക്കയം	30

കാട്ടിറപ്പള്ളിയിലെ പാവപ്പെട്ടവകുവേണ്ടി.

മിസ്സ് അന്നമ്മ ചാക്കോ, മധുര	10
മിസ്സസ്സ് ചിന്നമ്മ ജോൺ, പീരുമേട്	5
മി. വറുഗീസ് കെ. ജോൺ, പള്ളം	5
,, പി. ജെ. ഡേവിഡ്, ഫേൺഹിൽഡ്	10

Rev. T. M. THOMAS.

പറമ്പാറ മിഷ്യൻ

പ്രിയസ്നേഹിതരെ,

ഈ വർഷത്തെ അതികഠിനമായ വേനൽക്കാലവും ഏകദേശം അവസാനിച്ചു എന്നു പറയാം. പലവിധത്തിലുള്ള പകച്ചുവ്യാധികൾ മുറുപോടിലും ഉണ്ടായിരുന്നെങ്കിലും സർവ്വശക്തനായ ദൈവം ഞങ്ങളെ അപായങ്ങളിൽ നിന്നെല്ലാം കാത്തുസൂക്ഷിച്ചു.

മദ്ധ്യവേനൽ അവധിക്കാലത്തു പല സ്നേഹിതർ ഈ മിഷ്യൻവയൽ സന്ദർശിക്കുകയും ഞങ്ങളോടുകൂടെ വേലയിൽ സഹകരിക്കുകയും ചെയ്തു. മദ്രാസ് ക്രിസ്ത്യൻ കോളേജിലെ നമ്മുടെ വി. എം. തോമസ് അച്ചൻ പത്തു ദിവസങ്ങളോളം ഇവിടെ താമസിച്ചു ചില ഗ്രാമങ്ങൾ സന്ദർശിച്ചു. ഞങ്ങൾ എല്ലാവരും മണ്ടലയിലെ മിൽരാജ് അച്ചനും മകനും ചേർന്ന് 'രത്നഗിരി' എന്ന ഉപസഭ സന്ദർശിച്ചു യോഗങ്ങൾ നടത്തി. അവിടെ അടുത്തുള്ള ഒരു വലിയ ഗ്രാമത്തിൽ പോയി രാത്രിയിൽ സുവിശേഷപ്രസംഗം നടത്തി. ആ ഗ്രാമത്തിൽ ഇതേവരെയും ആരും സുവിശേഷം പ്രസംഗിച്ചിട്ടില്ലായിരുന്നു. ധാരാളം പേർ രാത്രിയിൽ അസമയത്തായിരുന്നിട്ടും ആദ്യവസാനം ശ്രദ്ധിച്ചു. മാത്രവുമല്ല ഇനിയും വരേണമേ എന്നു അപേക്ഷിക്കയും ചെയ്തു. ഈ നിലയിലുള്ള എഴുനൂറിൽപരം ഗ്രാമങ്ങൾ ഞങ്ങൾ പ്രവർത്തിക്കുന്ന ഈ മണ്ടല ഡിസ്ട്രിക്ടിൽ ഉണ്ടെന്നുള്ളതു കാണുമ്പോൾ, കൂടുതൽ പ്രവർത്തകരുടെയും വേലയുടെയും ആവശ്യബോധമാണ് ഉണ്ടാകുന്നതു്. കരിക്കൽ ശിഷ്യന്മാർ യേശുവിനോടു കുറെ സ്ഥലത്തു തന്നെ തുടർന്നു പ്രവർത്തിക്കാൻ ആവശ്യപ്പെട്ടപ്പോൾ "ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിനു നാം അവിടേക്കു പോകാം, ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ടുവന്നിരിക്കുന്നതു്" എന്നതെ മറുപടി കൊടുത്തതു്. കർത്താവിന്റെ മനോഭാവം നാം സ്വീകരിക്കുമെങ്കിൽ എത്രയെത്ര ഗ്രാമങ്ങളിലേക്കു കടന്നുപോകേണ്ടതായിട്ടുണ്ടു്.

നിന്റെ ക്രൂശ് എടുക്ക

ലിസി ഇംഗ്ലണ്ടിലെ ഒരു പ്രഭുകുടുംബത്തിലാണ് ജനിച്ചത്. അവളുടെ മാതാപിതാക്കന്മാർ അവളെ പ്രഭുക്കന്മാരുടെ മക്കൾ പഠിക്കുന്ന പള്ളിക്കൂടത്തിൽ അയച്ചു പഠിപ്പിച്ചു. സംഗീതം, നൃത്തം, പ്രസംഗം, ചിത്രമെഴുത്തു മുതലായ കലകളിൽ അവൾ അഭ്യസിപ്പിക്കപ്പെട്ടുവെന്നിരുന്നാലും, ഒരു ദൈവിക ഭവനത്തിൽ ജനിക്കുവാനുള്ള ഭാഗ്യം അവൾക്കില്ലാതെ പോയി. അതുകൊണ്ട് എല്ലാവിധ ലൌകികോല്ലാസങ്ങളിലും പരിചയിക്കുവാനവൾക്കിടയായി. ഏക സന്താനമായിരുന്നതിനാൽ മാതാപിതാക്കന്മാരുടെ സർവ്വ സ്വത്തിനും അവൾ മാത്രമായിരുന്നു അവകാശി

ഒരു ദിവസം അവളുടെ വസതിക്കടുത്തു ഒരു സുവിശേഷപ്രസംഗം ഉണ്ടെന്നറിഞ്ഞു, അവൾ അവിടെ പോകുവാനിടയായി. പാപത്തെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും, ദൈവസ്നേഹത്തെക്കുറിച്ചും വളരെ ആത്മാവേശത്തോടെ സംസാരിച്ച ആ പ്രാസംഗികന്റെ വാക്കുകൾ അവളെ ചിന്താമഗ്നയാക്കി. കാൽവറി ക്രൂശിന്മേൽ മരിച്ച യേശുക്രിസ്തുവിന്റെ അവകാശവാദങ്ങളേയും പാപമോചനവാഗ്ദാനങ്ങളേയും കേട്ടപ്പോൾ, ദൈവാത്മാവു ലിസിയുടെ ഹൃദയത്തിൽ പ്രവർത്തിച്ചു. അന്നു അവൾ അവളെ കർത്താവിന്നായി സമർപ്പിച്ചു.

ദൈവിക സന്തോഷത്താൽ നിറഞ്ഞവളായി അവൾ ആ രാത്രി വീട്ടിൽ വന്നു. ആ രാത്രി മുഴുവൻ പാട്ടുപാടി അവൾ കഴിച്ചുകൂട്ടി. മകളുടെ ഈ ജീവിതമാറ്റത്തെപ്പറ്റി പെട്ടെന്നു അപ്പനും അമ്മയും അറിഞ്ഞു. അവൾക്കു ലഭിച്ച പാപമോചനസന്തോഷത്തെക്കുറിച്ചു, അവൾ അവരോടു സാക്ഷിച്ചു. ഈ സംഭവം അപ്പനമ്മമാക്കു അസഹ്യമായിതോന്നി. ഇതിൽനിന്നു അവളെ പിന്തിരിപ്പിക്കുവാനായി അവർ ആവോളം പരിശ്രമിച്ചുവെന്നാലും, ശ്രമം വിഫലമായി. അവൾ വിശ്വസിച്ച യേശുക്രിസ്തുവിനെ തള്ളിപറയണമെന്നും, അത്തരം പാട്ടുകൾ പാടരുതെന്നും അപ്പൻ വളരെ ശാസിച്ചു. എന്നാൽ ലിസിക്കു അതു അടക്കുവാൻ കഴിയാത്ത കാര്യമായിതീർന്നു. ദിവസങ്ങൾ പലതുകഴിഞ്ഞു. അവൾ ക്രിസ്തുവിൽ സന്തോഷത്താൽ കൂടുതൽ പാടുവാനും ആനന്ദിക്കുവാനും തുടങ്ങി.

ഒരു ദിവസം പ്രഭാതഭക്ഷണ വേളയിൽ അവളുടെ അപ്പൻ ഇപ്രകാരം പറയുകയുണ്ടായി. "ലിസി, നീ, ഇയ്യിടെ ആ സുവിശേഷയോഗത്തിൽ പോയതു ഞങ്ങൾക്കു വല്യ ശല്യമായി. അന്നുമുതൽ നിന്റെ പാട്ടുമൂലം വീട്ടിൽ പൊറുക്കുവയ്യാ. കർത്താവായ യേശുക്രിസ്തു ജീവിക്കുന്നുവെന്നെല്ലാം പറയുന്നതു വെറും ഒരു കെട്ടുകഥയാണ്. അങ്ങനെയുള്ള ചിന്തയെല്ലാം നിന്നെപോലെയുള്ള ഒരു പ്രഭുകുടുംബത്തിലെ യുവതിക്കു ചേർന്നതല്ല. അടുത്ത തെരുവിൽ താമസിക്കുന്ന നിന്റെ കൂട്ടുകാരിയായ എൽസിയെപോലെയുള്ള സാധുക്കൾക്കു

യൂത്ത് മാൾ ബൈബിൾ സെമിനാരിയിലെ നമ്മുടെ നാട്ടുകാരായ രണ്ടു സഹോദരികൾ സ്വന്ത വീട്ടിൽപോകാതെ, അവധിക്കാലം മുഴുവനും ഇവിടെ താമസിച്ചു ഞങ്ങളോടുകൂടെ വേലയിൽ സഹകരിച്ചു.

ഈ വർഷം ഈ പ്രദേശങ്ങളിലെല്ലാം വലിയ ക്ഷാമമാണ്. കഷ്ടതകളും പ്രയാസങ്ങളും ഇവിടത്തെ ജനങ്ങളെ സത്യദൈവത്തിലേക്ക് തിരിക്കുന്നതിനുള്ള മുഖാന്തിരമായി തീരണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

എന്ന്

പറ്റ്പാറ മിഷ്യനറിമാർ.

18th June 1958,
Patpara. P. O. Mandla.

പക്ഷേ അതു പറഞ്ഞിട്ടുകാര്യം. അതുകൊണ്ടു, ഈ യേശുവിനെ ഉപേക്ഷിച്ചാൽ മാത്രമെ നിനക്കു ഇനി, ഇവിടെ താമസിക്കുവാൻ സാധിക്കയുള്ളൂ. അതുകൊണ്ടു, നാളെ രാവിലെ 8 മണിക്കു ഭക്ഷണത്തിനു വന്നിരിക്കുമ്പോൾ ഇതിനെക്കുറിച്ചു ഒരു തീരുമാനം എന്നോടു പറയണം. അല്ലെങ്കിൽ വീട്ടിൽനിന്നു ഇറക്കി വിടും."

അമ്മയും അവളോടുകൂടെ ഭക്ഷണത്തിന്നു മേശക്കരികെയിരുന്നിരുന്നു. എന്നാൽ അപ്പൻ വളരെ ക്രൂരനായിരുന്നതിനാൽ, അതിന്നെതിരായി ഒരു വാക്കുപോലും പറയുവാനായി അമ്മ തുനിഞ്ഞില്ല. ഭക്ഷണം ശരിയായി കഴിക്കാതെ ലിസി മ്ലാനവദനയായി എഴുന്നേറ്റു അവളുടെ മുറിയിലേക്കുപോയി. ആ രാത്രി ആ പ്രഭു കുടുംബത്തിലെ ദീപം മങ്ങിയാണു കത്തിയതു്.

ലിസിയുടെ അമ്മയും അന്നു് ഭക്ഷണമൊന്നും കഴിച്ചില്ല. അവളോ, ഭക്ഷണവും നിദ്രയും ഇല്ലാതെ രാത്രിമുഴുവൻ പ്രാർത്ഥിച്ചു. പ്രഭാത സൂര്യകിരണങ്ങൾ പ്രകൃതിയെ പുതുപ്പിക്കുന്നതോടൊപ്പം നീതി സൂര്യകിരണങ്ങൾ അവളുടെ ഹൃത്തടത്തെ ശോഭായമാനമാക്കി. ശേഷമുള്ള 2 മണിക്കൂറുകൾ ചെട്ടെന്നു് പാറി പോയതായി അവൾക്കു തോന്നി ഭക്ഷണത്തിന്നായി മണി അടിച്ചു. അപ്പനും അമ്മയും മേശയരികെ വന്നിരുന്നു. ലിസിയെ കാണാനില്ലായിരുന്നു. അമ്മ പ്രാതൽ കഴിക്കാതെ ദുഃഖസാഗരത്തിൽ മുഴുകി. അപ്പോഴിതാ, തട്ടിൻ മുകളിൽ നിന്നു മാധുര്യമേറിയ ഗാനം കേൾക്കുന്നു.

"Jesus I my Cross have taken"

"നായകാ, നിൻ ക്രൂശെടുത്തു് നിൻ പിന്നാലെ വരും ഞാൻ
നിന്ദ്യയായി തീർന്നാലും നിൻ മഹത്വം മോക്ഷിക്കും.
എൻ,കർത്താവെ ഞാൻ പിഞ്ചെല്ലും, തൻരക്തം താൻ ചൊരിഞ്ഞു
ലോകമെന്നെ കൈവിട്ടാലും കൃപയാൽ ഞാൻ പിഞ്ചെല്ലും."

ലിസി അവളുടെ പിയാനോ തുറന്നു ഇംഗ്ലീഷിൽ ഈ പാട്ടു് പാടികൊണ്ടിരുന്നു പ്രാണപ്രിയന്റെ മനോഹര രൂപമല്ലാതെ വേറൊന്നും അവൾ മുമ്പിൽ കണ്ടില്ല. അവൾക്കായി രക്തംചൊരിഞ്ഞ ആത്മനാഥനെ അവളുടെ വിശ്വാസകൺകളാൽ അവൾ അന്നു രാവിലെ ഒരു പുതിയ നിലയിൽ ദർശിച്ചു. അവൾ ഹൃദയസ്പർശകമായി പാടി. ബാഷ്പകണങ്ങൾ അവളുടെ കണ്ണുകളിൽനിന്നു ധാരധാരയായി കവിൾത്തടങ്ങളിൽകൂടി ഒഴുകി. അടുത്ത നിമിഷത്തിൽ അവൾക്കെന്തു സംഭവിക്കുവാൻ പോകുന്നെന്ന കുറ്റം അവൾ പാടെ വിസ്മരിച്ചു. തട്ടിൻ മുകളിൽ ഇരുന്ന അവൾ പാടുന്ന മാധുര്യമേറിയ ചരണങ്ങൾ അപ്പന്റെ ഹൃദയത്തെ ചലിപ്പിച്ചു. കർത്താവു് തന്റെ ആത്മാവിനാൽ ആ ക്രൂരഹൃദയത്തെ തൊട്ടു. ഉടനെ അപ്പൻ ഓടി വന്നു് "ഓമന മകളെ, എന്റെ ഓമനമകളെ, നീ നമ്മുടെ വീട്ടുവിട്ടു് പോകേണ്ടാ—ഈ കർത്താവിനെ എനിക്കുംവേണം" എന്നു കെട്ടിപ്പിടിച്ചു ചുംബനം ചെയ്തു ഗദ്ഗദ സ്വരത്തിൽ പറഞ്ഞു. ഉടനെ അമ്മയും ഓടിവന്നു് അങ്ങിനെ തന്നെ ചെയ്തു. അവർ മൂവരും കുറേ നേരം കെട്ടിപ്പിടിച്ചു കരഞ്ഞു. അതിന്റെ ശേഷം അതു് ഒരു കുടുംഭവനമായി മാറുകയും ചെയ്തു.

പ്രിയസ്നേഹിതാ, ഈ കാൽവറിയുടെ സ്നേഹത്തിനു് നീ, നിന്നെ അർപ്പിക്കയില്ലയോ?

From,

"സുവിശേഷകൻ"

C. M. S. P.—185—1350—26-7-1958.

ദി കോട്ടയം ഓറിയൻറ് ബാങ്ക് ലിമിറ്റഡ്

(മുൻ കോട്ടയം ബാങ്കും, ഓറിയൻറ് സെൻട്രൽ ബാങ്കും തമ്മിൽ സംയോജിപ്പിക്കപ്പെട്ടതു.)

ഒരു ഷെഡ്യൂൾഡ് ബാങ്ക്

ഹെഡാഫീസ് . . .	കോട്ടയം
അധികൃത മൂലധനം . . .	25,00,000 രൂപാ
പിരിഞ്ഞു കിട്ടിയ മൂലധനം .	10,50,000 രൂപാ
കരുതൽ ധനം	7,00,000 രൂപാ
പ്രവർത്തന മൂലധനം . .	3,12,00,000 രൂപാ

ബാങ്കിൻെറ 32 ശാഖകൾ കേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ വിജയകരമായി പ്രവർത്തനം നടത്തുന്നു.

കറൻറ്, സേവിംഗ്സ്, നോട്ടീസ്, സ്ഥിരം ഡിപ്പോസിറ്റുകൾ ആകർഷണീയമായ നിരക്കുകളിൽ സ്വീകരിക്കപ്പെടുന്നു.

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ഏറ്റവും ആദായകരമായ വിധത്തിൽ നടത്തപ്പെടുന്നു. നിങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾക്ക് ഞങ്ങളുടെ ഹെഡാഫീസിനെയോ, ഏതെങ്കിലും ബ്രാഞ്ചോഫീസിനെയോ സമീപിക്കുക.

എ. ഐ. ഇട്ടി അയ്പ്,
ചെയർമാൻ.

കെ. പി. മാത്യു,
മാനേജിംഗ് ഡയറക്ടർ.

DO YOU READ
THE DIOCESAN BULLETIN?

Contains: Diocesan News, News of Churches all over the World, Interesting Articles Etc., Etc.

PUBLISHED 4 TIMES A YEAR.

Subscription only Re. 1/.

To be sent in advance

To the Manager, C. M. S. Press,
Kottayam.